# സമന്വയ

**അതിരൂപതാബുള്ളറ്റിൻ**

തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 27 മാർച്ച് 2023 ലക്കം 3

***രക്ഷാധികാരികൾ***
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
മോസ്റ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
റവ. മോൺ. യൂജിൻ എച്ച്. പെരേര

***പത്രാധിപർ***
റവ.ഡോ.ലോറൻസ് കുലാസ്

***പത്രാധിപ സമിതി***
റവ. മോൺ. സി. ജോസഫ്
റവ. ഡോ. എഡിസൺ വൈ.എം.
റവ. ഡോ. ഡാർവിൻ പീറ്റർ
റവ. ഡോ. ഡൈസൺ വൈ.
റവ. ഡോ. മൈക്കിൾ തോമസ്
റവ. ഫാ. ആഷ്‌ലിൻ ജോസ്
റവ. ഫാ. ഷാജിൻ ജോസ്
റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ
റവ. ഫാ. സന്തോഷ് കുമാർ
റവ. ഫാ. ഡാനിയേൽ ആർ.

***ലേ - ഔട്ട്***
ജീവജ്യോതി ഓഫ്സെറ്റ് പ്രസ്സ്

***കവർ ഡിസൈൻ***
സതീഷ് ജി.

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ


- എഡിറ്റോറിയൽ
- ബിഷപ്സ് ഡയറി
- ചാൻസിലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബി.സി.സി.
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- കെ.സി.എസ്.എൽ.
- മീഡിയ കമ്മിഷൻ
- സാമൂഹ്യ ശുശ്രൂഷ
- മത്സ്യമേഖല ശുശ്രൂഷ
- അല്മായ ശുശ്രൂഷ

# കാലത്തിന്റെ ചിമിഴിൽ വീണ്ടും ഒരു നോമ്പുകാലം

ലോകമെമ്പാടുമുള്ള കത്തോലിക്കാവിശ്വാസികൾ ഉയിർപ്പ് തുരുനാനാളിന് മുന്നോടിയായി 40 ദിനരാത്രങ്ങൾ തീവ്രമായ, ആഴമേറിയ പ്രാർഥനയിലും ഉപവാസത്തിലും നോമ്പാചരിക്കുന്നു. ഈ വർഷത്തെ നോമ്പാചരണം സാർവ്വത്രിക സഭ ഫെബ്രുവരി22ന് തുടക്കം കുറിക്കുന്നു. വെണ്ണീറും കുരുത്തോലകളും Purple Westament ദൈവവചനത്തോടു ഇഴചേർത്തുകൊണ്ട് നോമ്പുകാല ആരാധന ദിനങ്ങൾ മുന്നോട്ടു ഒഴുകുന്നു. 'നാല്പത്' എന്ന് അർത്ഥം കുറി ക്കുന്ന 'Quadragesima' എന്ന ലത്തീൻ പദത്തിൽ നിന്നുമാണ് ലെന്റ് (Lent) എന്ന ഔദ്യോഗിക നാമം ഉരുത്തിരിയുന്നത്. ക്രിസ്തുമസ്, ദീപാവലി, പുതുവത്സരം, വാലീന്റൻസ് ഡേ തുടങ്ങിയ ആഘോഷങ്ങൾക്കപ്പുറം നോമ്പുകാലാചരണം കത്തോലിക്കാ വിശ്വാസ സമൂഹത്തിനുവേണ്ടി മാത്രം ക്ലിപ്തപ്പെടുത്തിയിരി ക്കുന്നഒന്നായി മനസ്സിലാക്കാം. ദൈവപുത്രന്റെ പരസ്യജീവിത ത്തിന് തൊട്ടു മുമ്പുള്ള നാല്പതു് ദിവസത്തെ മരുഭൂവാസവും (മത്താ 4:1-2) ഇസ്രായേൽ ജനത്തിന്റെ നാല്പത് സംവത്സരങ്ങ ളിലെ മരുഭൂമിയാത്രയും ആധാരമാക്കിക്കൊണ്ട് തീക്ഷണമതികളായ വിശ്വാസികൾ ക്ഷാരബുധൻ മുതൽ ഈസ്റ്റർവരെ നാല്പതുനാൾ നോമ്പ് ആചരിക്കുന്നു.

## നോമ്പിന്റെ അന്തരാർത്ഥം

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പീഢാനുഭവവും, മരണവും ഉത്ഥാനവും ഉൾക്കൊള്ളുന്നതിലൂടെയാണ് നോമ്പിന്റെ യഥാർത്ഥ അർത്ഥം ഗ്രഹിക്കാൻ കഴിയുന്നത്. മനസ്സിന്റെ ദ്രവീകര ണവും നവീകരണവും സംഭവിക്കുന്നതിലൂടെയാണ് ഒരു വിശ്വാ സിക്ക് സത്യസന്ധമായി നോമ്പാചരിക്കാൻ കഴിയുന്നത്. ഇത് സാധ്യമാകുന്നത് തന്നെയാണ് നോമ്പാചരണത്തിന്റെ ലക്ഷ്യവും. പാപ സാഹചര്യങ്ങളിൽ നിന്നും ജഢികാസക്തികളിൽ നിന്നും സ്വാർത്ഥതയിൽ നിന്നും മുക്തി നേടിക്കൊണ്ട്, ആത്മ നിഷേധത്തി ന്റേയും പ്രാർഥനയുടേയും ഉപവാസത്തിടന്റ്യും വഴികളിലൂടെ സഞ്ചരിച്ച്, ഹൃദയത്തിൽ ദൈവരാജ്യം സ്ഥാപിച്ചുകൊണ്ട്, വിശ്വാസസമൂഹ ത്തിൽ ദൈവരാജ്യം സംജാതമാകുവാൻ 'ലെന്റ്' സഭാമക്കളെ ക്ഷണിക്കുന്നു.

വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഉപവാസത്തി ന്റെയും ദാനധർമ്മത്തിന്റേയും പ്രത്യേക പ്രാർഥനയുടെയും ഈ

കാലഘട്ടം അവരെ ദൈവവുമായി കൂടുതൽ ചേർന്നു നില്കുവാൻ സഹായിക്കുന്നു. ഓരോ വർഷവും ഈ വഴികളിലൂടെ സഞ്ചരിച്ച് ആത്മ വിശുദ്ധീകരണം നേടാൻ വിശ്വാസികൾക്ക് കഴിയുന്നു. നോമ്പുകാലം കേവലം ദുഃഖാചരണത്തിന്റെ ഒരു കാലം മാത്രമായി വീക്ഷിച്ചാൽ ഈ ആചരണം തീർത്തും നിരർത്ഥകമായി മാറും. ഇത് സ്നേഹത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുവാനുള്ള കാലഘട്ടമാണ്. പ്രതീക്ഷയിലേക്കും പ്രത്യാശയിലേക്കും മനുഷ്യന്റെ മനസ്സിനെ മുന്നോട്ടു നയിക്കുന്ന ഉയിർപ്പാണ് നോമ്പാചരണത്തിന്റേയും അന്തിമലക്ഷ്യം. ദുഃഖത്തിന്റെ ബാഹ്യാവരണം എടുത്തുമാറ്റി സ്നേഹത്തിന്റെയും ആത്മഹർഷത്തിന്റെയും ദർപ്പണത്തിലൂടെ വേണം നോമ്പുകാലാചരണത്തെ വിശ്വാസികൾ സമീപിക്കേണ്ടത്. കാരണം, മരണത്തിന്റെ തണുപ്പിൽ നിന്നും വിറങ്ങലിപ്പിൽ നിന്നും പുതുജീവന്റെ ഊഷ്മളതയിലേക്കാണ് ഉയിർപ്പ് തിരുനാൾ മാനവരാശിയെ നയിക്കുന്നത്.

**നോമ്പ് ഇന്ന്**

നിസംഗതയും സ്വാർത്ഥതയുമാണ് ആധുനിക മാനവ സമൂഹത്തിലെ ഏറ്റവും വലിയ പാപാവസ്ഥ. സമ്പത്തും ആരോഗ്യവും നേടുന്നതിലൂടെ ഓരോരുത്തരും അവനവനിലേക്ക് തന്നെ ഉൾവലിയുന്നു. അതുകൊണ്ടുതന്നെ, അന്യന്റെ രോദനവും രോഗവും നമ്മുടേതായി തീരുന്നില്ല. വേദനിക്കുന്ന അപരൻ ഞാൻ തന്നെയായി മാറുമ്പോഴാണ് 'ലെന്റ്' അതിന്റെ പുണ്യപൂർണ്ണതയിൽ വിശ്വാസിക്ക് ആചരിക്കാൻ ആകുന്നത്. പ്രേഷിതസഭ നഗരങ്ങളിൽ നിന്നും പ്രാന്തപ്രദേശങ്ങളിലേക്കും ഉള്ളറകളിൽ നിന്നും തുറവിലേക്കും സുഖശീതളതയിൽ നിന്നും അഴുക്ക് ചാലിലേക്കും നടന്നടുക്കുമ്പോൾ സഭയും സഭാമക്കളും എല്ലാ അർത്ഥത്തിലും നോമ്പ് സ്വന്തമാക്കുന്നു.

നോമ്പിന് പകരം വയ്ക്കാൻ മറ്റൊരു പദം ഈ ഭൂമുഖത്തുണ്ടെങ്കിൽ അതു കരുണ മാത്രമാണ്. കരുണ സർവ്വ ജീവജാലങ്ങളിലേക്കും എത്തുന്നതോടെ നോമ്പാചരണം സമ്പൂർണ്ണമാകുന്നു. അനന്തമായ ദൈവത്തിന്റെ കരുണയിലേക്ക് പരിമിതമായ മനുഷ്യൻ നടന്നടുക്കുവാൻ ഈ വർഷത്തെ നോമ്പാചരണം ഇടവരുത്തുമാറാകട്ടെ! "കരുണാർദ്രമായ ഹൃദയം ബലഹീന ഹൃദയമല്ല. കരുണ കാട്ടാൻ ആഗ്രഹിക്കുന്ന ഏവർക്കും ശക്തവും ദൃഢചിത്തവുമായ ഹൃദയമാണ് വേണ്ടത്; ആത്മാവിനാൽ പ്രചോദിതമായി സഹോദരങ്ങൾക്ക് സ്നേഹം പകരുവാനുള്ള ഹൃദയം" (ഫ്രാൻസിസ് പാപ്പ).

**ഫാ. ലോറൻസ് കുലാസ്**

# LATIN ARCHDIOCESE OF TRIVANDRUM

n. 001/2023/PL Dated: 20.02.2023

**ഇടയലേഖനം**

**തപസ്സുകാലം 2023**

ക്രിസ്തുവിൽ പ്രിയ വൈദികരെ, സന്യസ്തരെ, സഹോദരീ, സഹോദരന്മാരെ,

അനുഗ്രഹത്തിന്റെയും വിശുദ്ധീകരണത്തിന്റെയും നവീകരണത്തിന്റെയും തപസ്സ് കാലം നാം ആരംഭിച്ചു കഴിഞ്ഞു. ഇക്കഴിഞ്ഞ വിഭൂതി ബുധനാഴ്ച നെറ്റിയിൽ ചാരംകൊണ്ട് കുരിശടയാളമിടുമ്പോൾ കാർമ്മികൻ നമ്മോടു പറഞ്ഞു: "മനുഷ്യാ നീ പൊടിയാണ്. പൊടിയിലേയ്ക്ക് നീ പിൻതിരിയുന്നു." മനുഷ്യജീവിതത്തിന്റെ ക്ഷണികതയും നിസ്സാരതയും ദുർബലതകളും ഓർമ്മപ്പെടുത്തുന്നതോടൊപ്പം, ക്രിസ്തുവിന്റെ കുരിശിന്റെ രഹസ്യത്തിൽ ക്രിസ്തീയ ജീവിതത്തിന്റെ അർത്ഥവും ആനന്ദവും ലക്ഷ്യവും ഭാഗധേയവും കണ്ടെത്തുവാൻ ദൈവം നമ്മെ വ്യക്തിപരമായി ക്ഷണിക്കുകയായിരുന്നു.

നാം ആരും ഒറ്റപ്പെട്ട വ്യക്തികളല്ല. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭാകൂട്ടായ്മയിലെ അംഗങ്ങളാണ്. സ്വർഗ്ഗോന്മുഖമായ തീർത്ഥാടകരാണ് നാം. ഒരുമിച്ചുള്ള ഈ യാത്രയിൽ സ്നേഹിച്ചും സഹകരിച്ചും സഹായിച്ചും, സാഹോദര്യത്തിൽ പരസ്പരം ശ്രവിച്ചും, വ്യക്തി-കുടുംബ-സഭ-സാമൂഹിക തലങ്ങളിൽ, കരുതലും കരുത്തും, കാരുണ്യവും നിറഞ്ഞ ബന്ധങ്ങളിലൂടെ

ജീവിതം ധന്യമാക്കാൻ വിളിക്കപ്പെട്ടവരാണ്. ഇക്കാര്യങ്ങളിൽ ഇന്ന് നാം എവിടെ നിൽക്കുന്നു? നമ്മുടെ ഇപ്പോഴത്തെ അനുഭവങ്ങളും അവസ്ഥകളും എന്തൊക്കെയാണ്? ഗുണകരമായ എന്തൊക്കെ മാറ്റങ്ങളാണ് ഇനിയും നമുക്ക് വേണ്ടത്? ഇത്തരത്തിലുള്ള ചോദ്യങ്ങൾ സ്വയമായും സമൂഹമായും ഉന്നയിക്കുവാനും ഉചിതമായ ഉത്തരങ്ങൾ കണ്ടെത്താനും ആരാധനാക്രമവത്സരത്തിൽ സഭ നൽകുന്ന അസുലഭ അവസരമാണ് തപസ്സുകാലം.

ഇന്ന്, അനുദിന ജീവിതത്തിലെ കടമകളുടെ നിർവഹണവും അധ്വാനവും അവയുടെ ഭാഗമായുള്ള ജീവിതവ്യഗ്രതകളും തിരക്കുകളും പരക്കംപാച്ചിലുകളും നമ്മെ പലപ്പോഴും തളർത്തുന്നുണ്ട്. ഈ അവസരത്തിൽ അറിഞ്ഞുകൊണ്ട് നാം അല്പംനേരം നിൽക്കുക; സ്വയം ഉള്ളിലും നമ്മുടെ കുടുംബത്തിലും കൂട്ടായ്മകളിലും കാര്യങ്ങൾ ജാഗ്രതയോടെ നോക്കികാണുക; ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളെ ജീവിതത്തോടുചേർത്ത് ധ്യാനിക്കുക; പ്രത്യാശയോടെ പരിശുദ്ധാത്മാവാൽ നവീകൃതരായി വീണ്ടും മുന്നേറുക. ഇതിനു സഹായകരമാണ് ഫ്രാൻസിസ് പാപ്പയുടെ തപസ്സുകാല സന്ദേശം.

ഫ്രാൻസിസ് പാപ്പ ഈ വർഷത്തെ തപസ്സുകാല സന്ദേശത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷ ഭാഗമായ യേശുവിന്റെ രൂപാന്തരീകരണ സംഭവമാണ് (മത്താ. 17:1-8). തപസ്സുകാല പ്രായശ്ചിത്തവും സിനഡാത്മക സഭയുടെ യാത്രയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പാപ്പ ഇതിൽ വിചിന്തനം ചെയ്യുന്നു. രൂപാന്തരീകരണ സംഭവത്തിന്റെ സന്ദർഭം നാം ഓർക്കുന്നുണ്ടാകും. പത്രോസ് നടത്തിയ വിശ്വാസ പ്രഖ്യാപനത്തെ തുടർന്ന്, യേശു തന്നെ കാത്തിരിക്കുന്ന പീഡാസഹനത്തെയും മരണത്തെയുംകുറിച്ച് പ്രവചിച്ചപ്പോൾ, പത്രോസ് 'ഇതൊരിക്കലും സംഭവിക്കാതിരക്കട്ടെ' എന്നു പറഞ്ഞു തടസ്സം ഉന്നയിച്ചു. ആ നേരം യേശു പത്രോസിനോടു പറഞ്ഞു: "സാത്താനെ, എന്റെ മുമ്പിൽ നിന്നു പോകൂ, നീ എനിക്ക് പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്' (മത്താ. 16:23). ഇതിനെ തുടർന്ന് "യേശു, ആറു ദിവസം കഴിഞ്ഞ് പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്ക് പോയി' (മത്താ. 17: 1).

രൂപാന്തരീകരണ സംഭവത്തെക്കുറിച്ചുള്ള തന്റെ വിചിന്തനത്തിൽ നാല് ഘട്ടങ്ങൾ പാപ്പ എടുത്തു പറയുന്നു. ഒന്നാമതായി, വിശ്രമരഹിതമായ അനുദിന ജീവിതഭാരത്തിൽ നിന്ന് യേശു തന്റെ ശിഷ്യരെ മാറ്റിനിർത്തുന്നു. അതുപോലെ നോമ്പുകാലം അനുഷ്ഠിക്കുന്ന നാം തിരക്കേറിയതും വ്യഗ്രതനിറഞ്ഞതുമായ ജീവിത സാഹചര്യങ്ങളിൽനിന്ന് ഒരല്പം മാറി നിൽക്കുക. രണ്ടാമതായി, യേശുവും ശിഷ്യരും ഒരുമിച്ച് മലമുകളിലേയ്ക്ക് യാത്രചെയ്യുന്നു. ഇതുപോലെ തപസ്സുകാലത്ത് സഭാമക്കളിൽ സംഭവിക്കേണ്ടത് യേശുവിനോടൊപ്പമുള്ള യാത്രയാണ്. ഈ യാത്ര നമ്മെ സംബന്ധിച്ചിടത്തോളം ദുഷ്കരമായേക്കാം. കാരണം തിരക്കേറിയ അനുദിനജീവിതത്തിന്റെ ക്ലേശങ്ങളിലാണ് നാം.

മൂന്നാമതായി, ശിഷ്യർ താബോർ മലയിൽ യേശുവിനോടൊപ്പം ആയിരിക്കുന്നു. തപസ്സുകാലത്ത് ശിഷ്യരെപ്പോലെ സഭാമക്കളായ നാം യേശുവിനോടൊപ്പം ആയിരിക്കണം. പാപ്പ ഈ ഘട്ടത്തെ ധ്യാനജീവിതമായി വിശേഷിപ്പിക്കുന്നു. ഇതിലൂടെയാണ് യേശുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും നമ്മുടെ ഹൃദയത്തിലൂടെ നിരന്തരം കടന്നുപോകുന്നത്. നാലാമതായി, യേശുവിന്റെ മഹത്വദർശനമാണ്. താഴ്വരയിൽനിന്ന് യേശുവിനോടൊപ്പം യാത്രചെയ്ത് മലമുകളിൽ അവിടുത്തോടൊപ്പം ആയിരുന്ന ശിഷ്യന്മാർക്ക് ലഭിച്ചത് യേശുവിന്റെ രൂപാന്തരീകരണം ദർശിക്കാനുള്ള സൗഭാഗ്യമാണ്.

തപസ്സുകാലത്ത് ജീവിതവ്യഗ്രതകളിൽ നിന്നുള്ള അകലവും, യേശുവിനോടൊപ്പമുള്ള യാത്രയും, മലമുകളിലെ യേശുവിനോടൊപ്പമുള്ള ധ്യാനജീവിതവും നമുക്ക് സമ്മാനിക്കുന്നത് യേശുവിന്റെ രൂപാന്തരീകരണം അനുഭവിക്കാനുള്ള കൃപയാണ്. യേശുവിനോടൊപ്പമുള്ള നമ്മുടെ 'മലകയറ്റം' അഥവാ ഉന്നതമായ ഒരിടത്തേയ്ക്കുള്ള യാത്ര, ഇന്നിന്റെ സാഹചര്യത്തിൽ തികച്ചും ദുഷ്കരമായി തോന്നാം. എങ്കിലും യാത്രയുടെ അന്തിമഘട്ടത്തിൽ മുകൾപ്പരപ്പിലെത്തുമ്പോൾ നമ്മെ കാത്തിരിക്കുന്നത് ഉജ്ജ്വലമായ മഹത്വീകരണത്തിന്റെ അനുഭവമാണ്.

ഈ ആത്മീയ നവീകരണം ഒറ്റപ്പെട്ട വ്യക്തികളിൽ മാത്രം ഒതുങ്ങേണ്ടതല്ല; സ.ാമക്കളിലാകമാനം സംഭവിക്കേണ്ടതാണ്. സിനഡാത്മകത (synodality) അർഥമാക്കുന്നത് വിശ്വാസസമൂഹം മുഴുവനും തിരക്കുകളിൽനിന്ന് മാറി യേശുവിനോടൊപ്പം യാത്ര ചെയ്ത് യേശുവിനോടൊപ്പം ആയിരുന്നുകൊണ്ട് ഉന്നതമായ ആത്മീയ ചൈതന്യത്തിലേക്ക് പ്രവേശിക്കുകയെന്നതാണ്.

ഫ്രാൻസിസ് പാപ്പ നോമ്പുകാല സന്ദേശത്തിൽ വിഭാവന ചെയ്തപ്രകാരം ആത്മീയ ചൈതന്യത്തിന്റെ ഉയരങ്ങളിലെത്തുവാൻ പരമ്പരാഗതമായി സഭ മുന്നോട്ടുവയ്ക്കുന്ന മൂന്ന് സാധ്യതകളാണ് പ്രാർഥന, ഉപവാസം, ദാനധർമം. പ്രാർഥന വ്യഗ്രതകളിൽ നിന്നുള്ള മോചനവും യേശുവിനോടൊപ്പമുള്ളയാത്രയുമാണ്. പ്രാർഥനയിൽ ജീവിതത്തെക്കുറിച്ചുള്ള വിലയിരുത്തലും തിരിഞ്ഞുനോട്ടവുമുണ്ട്. ഇത് ജീവിത വിശുദ്ധീകരണത്തിലേക്കുള്ള പാതയുമാണ്. ഉപവാസം 'മലമുകളിൽ യേശുവിനോടൊപ്പമുള്ള ധ്യാനജീവിതമാണ്. യേശുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും ഇവിടെ ധ്യാനവിഷയമാകുന്നു. ധ്യാനം നമ്മിലുളവാക്കുന്ന മാറ്റമാണ് നവീകരണം.

നോമ്പിന്റെ അന്തിമഘട്ടത്തിൽ സംഭവിക്കുന്ന ആത്മീയ ചൈതന്യത്തിന്റെ ബാഹ്യഅടയാളമാണ് ദാനധർമ്മം. യേശുവിന്റെ മഹത്വം ഭവനരഹിതരിലും മാറ്റിനിർത്തപ്പെട്ടവരിലും ഓരങ്ങളിൽ ഉള്ളവരിലും കണ്ടുകൊണ്ട് നമുക്ക് ആവുന്നത് ചെയ്യുന്നതാണ് ദാനധർമ്മം. ഒരു തിരുനാൾ ഒരുഭവനം, ഉന്നതവിദ്യാഭ്യാസത്തിനുതകുന്ന സഹായം, നിർധനകുടുംബങ്ങളെ ദത്തെടുക്കൽ, പാർപ്പിടയോഗ്യമല്ലാത്ത ഇടങ്ങളിലുള്ളവർക്ക് അഭയം തുടങ്ങിയ പദ്ധതികൾ ദാനധർമ്മത്തിന്റെ ഭാഗമാകട്ടെ! നമ്മുടെ അതിരൂപത കുടുംബ കൂട്ടായ്മകളെ (ബി.സി.സി.) രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാരംഭിച്ച സന്ദർഭത്തിൽ രോഗികളെ സന്ദർശിക്കുക, മരുന്ന് വാങ്ങി സഹായിക്കുക, കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുക, പ്രായമായ പെൺകുട്ടികളുടെ വിവാഹത്തിനുവേണ്ട സഹായം നൽകുക,

ഭവനങ്ങൾ നിർമ്മിക്കാനും അറ്റകുറ്റപ്പണികൾ ചെയ്യാനും സഹായിക്കുക തുടങ്ങി അനേകം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നു. ഇന്നും ഈ മാതൃക പിൻതുടരുന്ന പല ഇടവകകളും സംഘടനകളും നമ്മുടെ അതിരൂപതയ്ക്ക് വലിയ പ്രതീക്ഷയാണ്. നിങ്ങളെ ഏവരെയും ഈ അവസരത്തിൽ ഞാനഭിനന്ദിക്കുന്നു. തുടർന്നും ഇത്തരം ജീവകാരുണ്യ പ്രവർത്തികൾ ചെയ്യാൻ ഈ തപസ്സുകാല ആചരണം പ്രചോദനമാകട്ടെ!

ഏകാഗ്രതയിലേക്ക് മാറാനും, യേശുവിനോടൊപ്പം യാത്ര ചെയ്യുവാനും, യേശുവിനോടൊപ്പം ആയിരിക്കുവാനും യേശുവിന്റെ മഹത്വം ദർശിക്കുവാനും നമുക്ക് തടസം സൃഷ്ടിക്കുന്നത് ഇന്ന് നാം സുവിശേഷത്തിൽ ശ്രവിച്ച വിവിധ പ്രലോഭനങ്ങൾ തന്നെയാണ് (മത്താ. 4: 1-11). ഭൗതീകമായ നേട്ടങ്ങൾ കയ്യടക്കുവാനുള്ള മോഹം, പ്രശസ്തിക്കുവേണ്ടിയുള്ള ദുരാഗ്രഹം, ദൈവത്തെ തന്നെ വെല്ലുവിളിക്കുവാൻ പ്രേരിപ്പിക്കുന്ന അഹങ്കാരം, തുടങ്ങിയ പ്രലോഭനങ്ങൾ ഇന്നും നമ്മിൽ പലരെയും വേട്ടയാടുന്നു. പ്രലോഭനങ്ങളെയെല്ലാം നിയന്ത്രിച്ച് ആത്മീയ ചൈതന്യത്തിലേക്ക് പ്രവേശിക്കുവാൻ അർത്ഥപൂർണമായ നോമ്പാചരണം നമ്മെ സഹായിക്കട്ടെ!

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

സ്നേഹാശംസകളോടെ,

**ഡോ.തോമസ് ജെ. നെറ്റോ**

തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത

## ARCHBISHOP’S DIARY – MARCH 2023

| DATE & TIME | PROGRAMM |
|---|---|
| 04/3 SAT, 10:30 am | B.C.C Coordinators Meeting |
| 05/3 SUN, 04:00 pm | Annual Meeting L.C.S.S. |
| 09/3 THU, 10:00 am | Meeting |
| 14/3 TUE, 10:30 am | Vicar Forane’s Meeting. |
| 18/3 SAT, 10:00 am | Pastoral Council And Senate Meeting |
| 19/3 SUN, 10:00 am | Feast Mass, Fathimamatha, Kazhakuttom. |
| 20/3 MON, 05:30 pm | Feast Mass, Palayam |
| 25/3 SAT, 05:00pm | Blessing of Old-age Home, Thundathil. |
| 26/3 SUN, 09:00am<br>05:00pm | Mass, VellaradaKurishumala.<br>Eucharistic Procession, Valiyathura. |

## AUXILIARY BISHOP’S DIARY –MARCH 2023

| DATE & TIME | PROGRAMM |
|---|---|
| 02/3 THU, 06:00 pm | Convention, Pallithura. |
| 03/3 FRI, 08:00 pm | Addressing B.C.C Coordinators Meeting |
| 08/3 WED, 10:00 am | Addressing Young Priest Meeting |
| 11/3 SAT, 05:30 pm | Feast Mass, Palayam. |
| 12/3 SUN, 09:00 am | Mass, Pallom. |
| 14/3 TUE, 10:30 am | Vicar Forane’s Meeting. |
| 15/3 WED, 06:00 pm | Feast Mass, Kochi. |
| 17/3 FRI, 05:30 pm | Feast Mass, Punalur. |
| 18/3 SAT, 10:00 am | Pastoral Council And Senate Meeting |
| 23/3 THU, 04:00pm | Mass, VellaradaKurishumala |
| 25/3 SAT, 9:00am<br>06:30pm | Final Profession, Mampally<br>Feast Mass, BakhitaBhavan. |

**CHANCERY BULLETIN**
**(Latin Archdiocese of Trivandrum)**
**MARCH 2023**

**A. APPOINTMENTS**

1. Rev. Fr. Ajoy George Valiyamyalil CMF - appointed Parish Priest of St. Xavier's Church, Valiathura, with effect from 19.01.2023.

**B. BIRTHDAYS**

| | | |
|---|---|---|
| 1. | Rev. Fr. Thadayoose Philip | 03.03.1975 |
| 2. | Rev. Fr. Joseph James Ofm Cap | 04.03.1978 |
| 3. | Rev. Fr. Shynish Bosco | 06.03.1987 |
| 4. | Rev. Fr. Francis M. Ezhanikatt C.Ss.R | 07.03.1957 |
| 5. | Rev. Fr. Robin B. | 09.03.1994 |
| 6. | Rev Fr. Anto Joris | 10.03.1970 |
| 7. | Rev. Fr. Sajith Solomon | 10.03.1986 |
| 8. | Archbishop Soosa Pakiam M. | 11.03.1946 |
| 9. | Very Rev. Fr. Joseph Bastin | 13.03.1966 |
| 10. | Rev. Dr. Charles Leon | 15.03.1961 |
| 11. | Rev. Fr. Muthappan Appoli | 16.03.1980 |
| 12. | Rev. Fr. Tony Hamlet | 21.03.1976 |
| 13. | Very Rev. Msgr. Wilfred E. | 22.03.1960 |
| 14. | Rev. Fr. Vineeth Paul | 22.03.1994 |
| 15. | Rev. Fr. Tomy Philip SAC | 23.03.1974 |
| 16. | Rev. Fr. Pramod Xavier | 24.03.1994 |
| 17. | Rev. Fr. John Bosco J | 25.03.1972 |
| 18. | Rev. Fr. Paul Sunny | 28.03.1979 |

**C. ORDINATION DAYS**

| | | |
|---|---|---|
| 1. | Rev. Fr. Joseph R.D'Silva | 11.03.1967 |
| 2. | Rev. Fr. Antony Sylvester | 15.03.1978 |
| 3. | Rev. Fr. Maria Dominic Z | 15.03.1978 |
| 4. | Rev. Fr. Victor Everystus IV Dei | 27.03.2008 |
| 5. | Rev. Fr. Ashlin Jose | 31.03.2008 |
| 6. | Rev. Fr. Anish Fernandez | 31.03.2005 |
| 7. | Rev. Fr. Cleetus Vincent | 31.03.2005 |
| 8. | Rev. Fr. Joseph Prasad G | 31.03.2005 |

| | | |
|---|---|---|
| 9. | Rev. Fr. Lenin Fernandez | 31.03.2005 |
| 10. | Rev. Fr. Pratheeb Joseph | 31.03.2005 |
| 11. | Rev. Fr. Sanu Ouseph | 31.03.2005 |
| 12. | Rev. Fr. Thadayoose Philip | 31.03.2005 |
| 13. | Rev. Fr. Cosmas K. Thoppil | 31.03.2008 |
| 14. | Rev. Fr. Jose Franklin B | 31.03.2008 |
| 15. | Rev. Fr. Joy C. Mathew | 31.03.2008 |
| 16. | Rev. Fr. Saju Roldon | 31.03.2008 |
| 17. | Rev. Fr. Shaji Silva | 31.03.2008 |
| 18. | Rev. Fr. Solomon Elias Aresseril | 31.03.2008 |
| 19. | Rev. Fr. Thomas R | 31.03.2008 |
| 20. | Rev. Fr. Yesudas Remias | 31.03.2008 |
| 21. | Rev. Fr. Paul Sunny | 31.03.2008 |
| 22. | Rev. Fr. Anto Baiju Y | 31.03.2016 |
| 23. | Rev. Fr. Fredy Joy | 31.03.2016 |
| 24. | Rev. Fr. Niju Ajith | 31.03.2016 |
| 25. | Rev. Fr. Nishan N | 31.03.2016 |
| 26. | Rev. Fr. Saneesh S.M | 31.03.2016 |
| 27. | Rev. Fr. Thadeus Arulappan | 31.03.2016 |

**D. DECEASED PRIESTS**

| | | |
|---|---|---|
| 1. | Rev. Fr. Solomon D' Silva | 01.03.1958 |
| 2. | Rev. Fr. S. S. Netto | 09.03.1996 |
| 3. | Rev. Fr. Dominic V.S. | 07.03.1953 |
| 4. | Rev. Fr. John Pereira | 12.03.1942 |
| 5. | Rev. Fr. Justin Alex | 13.03.2019 |
| 6. | Rev. Fr. Xavier Alexander | 16.03.2014 |
| 7. | Rev. Fr. Michael Albino | 16.03.2015 |
| 8. | Rev. Fr. Martin Fernandez | 25.03.1993 |
| 9. | Rev. Fr. Elias D. | 27.03.2019 |
| 10. | Rev. Fr. Joseph Pereira | 28.03.1959 |
| 11. | Rev. Fr. Joseph Chiramel | 30.03.1968 |

**E. PERPETUAL DAY ADORATION**

| | | |
|---|---|---|
| 1. | St. Bartholomew's Church, Poovar | 06.03.2023 |
| 2. | Holy Cross Sisters, Thycaud | 22.03.2023 |
| 3. | St. Peter's Church, Anjengo | 25.03.2023 |

## F. SENATE OF PRIESTS

The following persons were elected to the various Committees of the Senate of Priests and to other Forums and Councils.

| | |
|---|---|
| 1. General Secretary of the Senate of Priests | :Rev. Fr. Lenin Fernandez |
| 2. Archdiocesan Arbitration and Conciliation Forum | : Very Rev. Msgr. Wilfred. E<br>: Very Rev. Msgr. Dr. Nicholas. T<br>: Rev. Dr. Gladin Alex |
| 3. Priests' Redressal Forum | : Rev. Fr. Syrus Kalathil<br>: Very Rev. Fr. Joseph Bastian |
| 4. Agenda Committee of the Senate of Priests | : Rev. Dr. Laurence Culas<br>: Rev. Fr. Anto Dickson<br>: Rev. Dr. Dyson. Y<br>: Very Rev. Msgr. James Culas |
| 5. Ministry - wise Representatives | |
| i. Pastoral Ministry | : Very Rev. Msgr. Dr. Nicholas. T |
| ii. Education Ministry | : Rev. Fr. Jerome Alphonse |
| iii. Social Action Ministry | : Rev. Dr. Sabbas Ignatius |
| iv. Family Ministry | : Rev. Dr. A. R. John |
| v. Laity Ministry | : Very Rev. Fr. Fredy Solomon |
| vi. Fisheries Ministry | : Rev. Fr. Melkon. J |
| vii. Youth Ministry | : Rev. Fr. Cleetus Vincent |
| viii. B.C.C. | : Very Rev. Fr. Joseph Bastian |
| 6. Archdiocesan Pastoral Council | : Rev. Dr. Sabbas Ignatius<br>: Rev. Dr. A. R. John<br>: Rev. Fr. Jerome Alphonse |
| 7. Kerala Region Latin Catholic Council (KRLCC) | : Rev. Fr. Melkon. J<br>: Very Rev. Fr. Justin Judin |

## G. ARCHDIOCESAN PASTORAL COUNCIL

1. Mr. Berby Fernandez - Elected Vice - President
2. Mr. Ignatius Thomas - Appointed Secretary
3. Mr. Joshy Robert - Elected Joint Secretary

### EPISCOPAL ORDINATION ANNIVERSARY

Episcopal Ordination Anniversary of our Archbishop, His Grace Most Rev. Dr. Thomas J. Netto falls on Sunday, 19th March, 2023. Special intention for the Archbishop should be added in the prayer of the faithful during the Holy Eucharist on this day and kindly exhort the faithful to offer their prayers for our Archbishop.

### BIRTHDAY & FEAST DAY OF ARCHBISHOP EMERITUS

11th March is the Birthday and 19th March is the Feast day of His Grace, Most Rev. Dr. Soosa Pakiam M, Archbishop-Emeritus. Special intention for the Archbishop Emeritus in the prayer of the faithful during the Holy Mass of these two days should be added and the faithful should be exhorted to pray for His Grace during these days.

**Fr. C. Joseph**
Chancellor

## ബി.സി.സി.

### അതിരൂപതാതലം

ഫെബ്രുവരി 4-ാം തീയതി അതിരൂപത ബി.സി.സി. ആനിമേറ്റർമാരുടെ പരിശീലനം രണ്ടു സെഷനുകളിലായി സംഘടിപ്പിക്കുകയുണ്ടായി. ആദ്യസെഷൻ ശ്രീ. സുജിത്ത് എഡ്വിൻ പെരേര "സ്വയം കണ്ടെത്തലുകളും വെല്ലുവിളികളെ എങ്ങനെ അതിജീവിക്കാം'' എന്നതിനെക്കുറിച്ചും രണ്ടാമത്തെ സെഷനിൽ ഫാ. ഗ്ലാഡിൻ അലക്സ് "ആനിമേറ്റർ: കടമകളും ഉത്തരവാദിത്തങ്ങളും" എന്നതിനെക്കുറിച്ചും ക്ലാസെടുക്കുകയുണ്ടായി.

ഫെബ്രുവരി 7-ാം തീയതി ചൊവ്വാഴ്ച 2.30 ന് ഫെറോന വൈദിക കോ-ഓർഡിനേറ്റർമാരുടെ യോഗം ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ഡാനിയേലിന്റെ നേതൃത്വത്തിൽ വിളിച്ചുകൂട്ടുകയും പ്രസ്തുത യോഗത്തിൽ ഇടവക-ഫെറോന-അതിരൂപതാതലങ്ങളിലെ ബി.സി.സി. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും അതിരൂപതാതലത്തിലെ പ്ലാനും ബഡ്ജറ്റും തയ്യാറാക്കുന്നതിനെക്കുറിച്ചും പുതിയ കുടുംബയോഗക്രമം രൂപപ്പെടുത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. കൂടാതെ, അതിരൂപതാ പാസ്റ്ററൽ കൗൺസിലിലെ ബി.സി.സി. പ്രതിനിധിയായി ഫാ. മനീഷ് പീറ്ററിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഇടവക - ഫെറോന ശുശ്രൂഷാ കൺവീനർമാർക്കും ഇടവക കോ-ഓർഡിനേറ്റർമാർക്കും "ബി.സി.സി. ലീഡേഴ്സിന്റെ കടമകളും ഉത്തരവാദിത്തങ്ങളും" എന്ന വിഷയത്തെക്കുറിച്ചുള്ള പരിശീലന പരിപാടികൾ ഫെബ്രുവരി മാസം 5, 7, 11, 12, 18, 19 എന്നീ തീയതികളിലായി സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിശീലനം കഴക്കൂട്ടം, പുതുക്കുറിച്ചി എന്നീ ഫെറോനകളിൽ ഫെറോനാതലത്തിലും പുല്ലുവിള ഫെറോനയിൽ ഇടവകതലത്തിലുമായിരുന്നു സംഘടിപ്പിക്കപ്പെട്ടത്. പുല്ലുവിള ഫെറോനയിലെ പരുത്തിയൂർ, പള്ളം, കൊച്ചുപള്ളി, പുല്ലുവിള, ചൊവ്വര, നമ്പ്യാതി, കരിച്ചൽ എന്നീ ഇടവകകളിൽ നടത്തപ്പെട്ട പ്രസ്തുത പരിശീലനത്തിൽ കുടുംബയൂണിറ്റ് ലീഡർമാരുടെ സജീവ പങ്കാളിത്തം ഏറെ ശ്രദ്ധേയമായി. ഈ പരിശീലനങ്ങൾക്ക് അതിരൂപത റിസോഴ്സ് ടീം അംഗങ്ങളായ ഫാ. ഡാനിയേൽ, ശ്രീ. അജിത്ത്, സിസ്റ്റർ ബ്ലെസി, സിസ്റ്റർ ഡാളി, സിസ്റ്റർ മാർഗ്രറ്റ്, സിസ്റ്റർ

ആലീസ് മേരി, ശ്രീമതി സുശീല എന്നിവർ പരിശീലനങ്ങൾക്ക് നേതൃത്വം നൽകി.

## ഫെറോനാതലം

### പുതുക്കുറിച്ചി ഫെറോന

ഫെറോനയിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട കോ-ഓർഡിനേറ്റർമാരുടേയും ഇടവക സിസ്റ്റർ ആനിമേറ്റർമാരുടേയും ഫെറോന വികാരി, ഫെറോന സെക്രട്ടറി, വൈദിക കോ-ഓർഡിനേറ്റർ എന്നിവരുടേയും പേരുകൾ ചേർത്ത് വാട്സ് ആപ് ഗ്രൂപ്പ് ഉണ്ടാക്കുകയും വിവിധ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അതിലൂടെ നൽകുകയും ചെയ്യുന്നു.

എല്ലാ ഇടവകകളിലും തന്നെ ബി.സി.സി. ലീഡേഴ്സ് യോഗം നടന്നു. കുടുംബയൂണിറ്റ് യോഗങ്ങൾ നടക്കുന്നു. ജനുവരി 29-ാം തീയതി ബഹുമാനപ്പെട്ട ഫെറോന വികാരി ഫാ. ജെറോം ഫെർണാണ്ടസ് അച്ചന്റെ നേതൃത്വത്തിൽ ബി.സി.സി. കമ്മീഷൻ യോഗം നടന്നു. ഇതിൽ എല്ലാ ഇടവകയിൽ നിന്നും പങ്കാളിത്തം ഉണ്ടായിരുന്നു. ഫെറോന സെക്രട്ടറി ബഹുമാനപ്പെട്ട ബിനു അച്ചനും വൈദിക കോ-ഓർഡിനേറ്റർ രാജശേഖരനച്ചനും സന്നിഹിതരായിരുന്നു.

ബി.സി.സി. കാര്യക്ഷമമായി നടത്തുവാൻ വേണ്ട കാര്യങ്ങൾ ഇടവകതലത്തിൽ നടത്തണമെന്നും അതിനായി റിസോഴ്സ് ടീം അംഗങ്ങളുടെ ടീം രൂപീകരിക്കണമെന്നും അവരുടെ പേരുകൾ ഫെബ്രുവരി 2-ാം ആഴ്ച ആനിമേറ്ററെ ഏല്പിക്കണമെന്നും അറിയിച്ചു. ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| ഫെറോന വികാരി | : | ഫാ. ജെറോം ഫെർണാണ്ടസ് |
| ഫെറോന സെക്രട്ടറി | : | ഫാ. ബിനു അലക്സ് |
| വൈദിക കോ-ഓർഡിനേറ്റർ | : | ഫാ. ഇഗ്നാസി രാജശേഖരൻ |
| ഫെറോന ആനിമേറ്റർ | : | സി. ബ്ലെസി ജോസ് |
| ഫെറോന ബി.സി.സി. സെക്രട്ടറി | : | യൂജിൻ ഹെൻറി |
| സ്ത്രീ പ്രതിനിധി | : | ശ്രീമതി നിർമ്മല ബിജു |
| സിസ്റ്റർ പ്രതിനിധി | : | സി. ആനി |
| പുരുഷ പ്രതിനിധി | : | ആൻഡ്രൂസ് എഡിസൺ |

**പേട്ട ഫൊറോന**

പേട്ട ഫൊറോനയിലെ ബി.സി.സി. ഫൊറോന മീറ്റിംഗ് ഫെബ്രുവരി മാസം 5–ാം തീയതി പോങ്ങുംമൂട് സെന്ററിൽ വൈദിക കോ–ഓർഡിനേറ്റർ റവ. ഫാ. ഷാജു വില്യം അച്ചന്റെ അദ്ധ്യക്ഷത യിൽ നടന്നു. കോവിഡാനന്തര ബി.സി.സി. പ്രവർത്തനങ്ങൾക്ക് വളരെ ഊർജ്ജസ്വലരായി കോ–ഓർഡിനേറ്റർമാർ നേതൃത്വം നൽകണം, സുവിശേഷ പ്രഘോഷണത്തിനും ദൈവരാജ്യം വിസ്തൃ തമാക്കുന്നതിനും എല്ലാ ശുശ്രൂഷകളും കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കണം, പുതിയ ആശയങ്ങൾ ജനങ്ങൾക്ക് ഗുണപ്രദമായ കാര്യങ്ങളായിരിക്കണം ഇതെല്ലാം മുന്നിൽ കണ്ട് വാർഷിക പദ്ധതി തയ്യാറാക്കണം, കൃത്യമായും പ്രതിമാസ ബി.സി.സി. സമിതി യോഗം നടത്തണം എന്നെല്ലാം അച്ചൻ നിർദ്ദേശിച്ചു. ട്രഷററായി കുന്നും പുറം ഇടവകയിൽ നിന്നുള്ള ഷൈനി ഷാജിയെ തിരഞ്ഞെടുത്തു.

**ഇടവകതലം:** എല്ലാ ഇടവകകളിലും ബി.സി.സി. യൂണിറ്റു യോഗം നടന്നു.

**വികാസ് നഗർ:–** ലൂർദ്ദുമാതാവിന്റെ തിരുനാൾ ബി.സി.സി.യുടെ നേതൃത്വത്തിൽ നടന്നു. ബി.സി.സി.യിൽ വരാത്തവരുടെ ഭവന സന്ദർശനം നടക്കുന്നു.

**കുന്നുംപുറം:–** ബി.സി.സി. മീറ്റിംഗിൽ കുട്ടികൾക്കായി ബൈബിൾ ക്വിസ് നടത്തി വിജയികൾക്ക് സമ്മാനവും നൽകി.

**കുമാരപുരം:–** ബി.സി.സി. സമിതിയോഗം ചേർന്നു. വാർഷിക പദ്ധതി തയ്യാറാക്കി.

പേട്ട:– വാർഷിക പദ്ധതി തയ്യാറാക്കി ബി.സി.സി. ജനറൽ ബോഡി യിൽ അവതരിപ്പിച്ചു അംഗീകാരം വാങ്ങി.

**പുഷ്പഗിരി:–** ബി.സി.സി. സമിതി യോഗം ചേർന്നു വാർഷിക പദ്ധതി തയ്യാറാക്കാനുള്ള ക്രമീകരണങ്ങൾ നടത്തി.

**ശ്രീകാര്യം:–** ബി.സി.സി. സമിതി യോഗവും ശുശ്രൂഷാ സമിതിക ളുടെ യോഗവും നടത്തി. കുട്ടികളുടെ ആദ്യകുർബാന, അതിരൂ പതാ മെത്രാപ്പൊലീത്തയുടെ ഇടവക സന്ദർശനം, കുട്ടികൾക്കാ യുള്ള സ്ഥൈര്യലേപന കൂദാശ ഇവയെല്ലാം ബി.സി.സി.–അജപാ ലന ശുശ്രൂഷാ സമിതിയുമായി സഹകരിച്ചു നടന്നു.

**പാളയം ഫൊറോന**

പാളയം ഫൊറോനയിൽ ധനകാര്യ സമിതിയുടെയും ശുശ്രൂഷാ സമിതിയുടെയും തിരഞ്ഞെടുപ്പ് 26.01.2023 ൽ പാളയം

ഇടവകയിൽ വച്ച് വെരി. റവ. മോൺ. നിക്കോളാസിന്റെ അദ്ധ്യക്ഷതിയിൽ ചേർന്നു. ശ്രീ. ഫ്രാൻസിസ് ബോർജിയ ധനകാര്യ സമിതിയെ കുറിച്ച് ക്ലാസ് നൽകി. ശ്രീ. ജൂലിയൻ, ശ്രീമതി സജിനി എന്നിവരുടെ സാന്നിദ്ധ്യവുമുണ്ടായിരുന്നു.

അന്നേദിവസം ഫെറോന ശുശ്രൂഷാ സമിതികളുടെ തിരഞ്ഞെടുപ്പ് വൈദിക കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നടന്നു. ഫാ. ഗ്ലാഡിൻ അലക്സ്, ഫാ. സെബാസ്റ്റ്യൻ, ഫാ. കോസ്മോസ്, ഫാ. ജെറോം അമൃതയ്യൻ, ഫാ. പ്രബൽ, ഫാ. ഡാനിയേൽ, ഫാ. നിജു, ഫാ. ജോസഫ് ജെയിംസ് എന്നിവർ സന്നിഹിതരായിരുന്നു. 18 ഇടവകയിൽ നിന്നും പങ്കാളിത്തം ഉണ്ടായിരുന്നു. വെള്ളയമ്പലം ഇടവകയിൽ ഇടവക ദിനമായതിനാൽ പങ്കെടുക്കാൻ സാധിച്ചില്ല.

ഫെബ്രുവരി 18-ാം തീയതി ഫെറോന ജനറൽ ബോഡി റവ. ഫാ. ആൽഡ്രിൻ ജോസഫിന്റെ നേതൃത്വത്തിൽ കൂടി. പ്ലാനും ബഡ്ജറ്റും തയ്യാറാക്കുന്നതിനെ കുറിച്ച് അച്ചൻ സൂചിപ്പിച്ചു. യോഗക്രമത്തെക്കുറിച്ച് ആനിമേറ്റർ നിർദ്ദേശങ്ങൾ നൽകി. 13 ഇടവകകളിൽ നിന്ന് കോ-ഓർഡിനേറ്റർമാർ പങ്കെടുത്തു.

**ഇടവകതലം**

**പേരൂർക്കട:-** വചനജ്വാല ഉപയോഗിച്ചുകൊണ്ടുള്ള യോഗം നടക്കുന്നുണ്ട്. ഇടവക വികാരി, ആനിമേറ്റർ, കോ-ഓർഡിനേറ്റർ എന്നിവർ എല്ലാ യോഗങ്ങളിലും പങ്കെടുക്കുന്നുണ്ട്.

**മണക്കാട്:-** യൂണിറ്റ് യോഗം നടന്നു. പ്ലാനും ബഡ്ജറ്റും തയ്യാറാക്കുന്നതിനെക്കുറിച്ചും ഇന്റേണൽ ആഡിറ്റ് തിരഞ്ഞെടുപ്പിനെക്കുറിച്ചുമായിരുന്നു അജണ്ട.

**പൂഴിക്കുന്ന്:-** ജനറൽ ബോഡി യോഗം നടന്നു. പാളയം ഫെറോന ആനിമേറ്റർ പങ്കെടുത്തു. ബി.സി.സി. യൂണിറ്റുകളുടെ ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക. 2023-2024 യൂണിറ്റ് ശാക്തീകരണ വർഷമായി പ്രഖ്യാപിക്കുക. അതിന്റെ ഭാഗമായി നല്ല പ്രവർത്തനത്തിന് അവാർഡ് നൽകുന്നതിനുവേണ്ടി പങ്കാളിത്തവും പ്രവർത്തനവും വിലയിരുത്താൻ വിലയിരുത്തൽ ഫോറം യൂണിറ്റുകൾക്കും നൽകും.

**കിള്ളിപ്പാലം:-** വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാൾ ഇടവക കൗൺസിലും ബി.സി.സി.യും സംയുക്തമായി ആഘോഷിച്ചു.

**കുറവൻകോണം:-** യൂണിറ്റ് യോഗങ്ങൾ നടക്കുന്നു. വികാരി

അച്ചനും ബി.സി.സി. കോ-ഓർഡിനേറ്ററും പങ്കെടുക്കുന്നു. എല്ലാവരും യൂണിറ്റിൽ ബൈബിൾ കൊണ്ടുവരുകയും ബൈബിൾ വായിച്ച് വിചിന്തനം നടത്തുകയും ചെയ്യുന്നു. ബി.സി.സി.യിൽ വരാത്ത കുടുംബങ്ങളെ കൊണ്ടുവരുവാൻ പ്രോത്സാഹിപ്പിക്കുന്നു. അതിന്റെ ഫലമായി കൂടുതൽ അംഗങ്ങൾ പങ്കെടുക്കുന്നു.

**തൈക്കാട്:-** യൂണിറ്റ് യോഗങ്ങൾ നടക്കുന്നു. ബി.സി.സി. ലീഡേഴ്സിന്റെ നേതൃത്വത്തിൽ സർവ്വേ നടത്തുന്നു.

**വട്ടിയൂർക്കാവ്:-** യൂണിറ്റ് യോഗങ്ങൾ നടക്കുന്നു. യോഗങ്ങളിൽ ഇടവക വികാരിയും കോ-ഓർഡിനേറ്ററും പങ്കെടുത്തു.

**കാച്ചാണി:-** യൂണിറ്റ് യോഗങ്ങൾ നടക്കുന്നു. ജനറൽ ബോഡി യോഗം നടന്നു. പ്ലാനും ബഡ്ജറ്റും തയ്യാറാക്കുന്നതിനെ കുറിച്ച് ചർച്ച നടത്തി തീരുമാനങ്ങൾ എടുത്തു.

**പുല്ലുവിള ഫെറോന**

ജനുവരി 22-ാം തീയതി പുല്ലുവിള ഇടവകയിൽ വച്ച് ഫെറോന കൗൺസിൽ രൂപീകരിച്ചു. ഫെറോന വികാരിയുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് ബോഡി തെരഞ്ഞെടുപ്പ് നടന്നു.

ജനുവരി 26-ാം തീയതി ഫെറോനാതലത്തിൽ ധനകാര്യ സമിതി പരിശീലനം കൊച്ചുപള്ളിയിൽ വച്ചു നടത്തി. ഓരോ ഇടവകയിലേയും ധനകാര്യ സമിതി അംഗങ്ങൾ പങ്കെടുത്തു.

ഫെബ്രുവരി 5-ാം തീയതി ഫെറോന വികാരിയുടെ അദ്ധ്യക്ഷതയിൽ ഫെറോന എക്സിക്യൂട്ടീവ് യോഗം കൂടി. ഫെബ്രുവരി 9-ാം തീയതി പൂവ്വാർ ഇടവകയിൽ വച്ച് കൂടുന്ന കളക്ടറിന്റെ അദാലത്തിൽ ഉന്നയിക്കപ്പെടേണ്ട രീതികളെക്കുറിച്ചും ചർച്ച ചെയ്യുകയും ചെയ്തു. അദാലത്തിൽ ഫെറോനയെ പ്രതിനിധീകരിച്ചും സമിതികളെ പ്രതിനിധീകരിച്ചും പരാതികൾ നൽകി.

ഫെബ്രുവരി 11-ാം തീയതി ഫെറോനാതല ബി.സി.സി. കമ്മീഷൻ യോഗവും റിസോഴ്സ് ടീം അംഗങ്ങൾക്ക് വേണ്ടിയുള്ള പരിശീലനവും വൈദിക കോ-ഓർഡിനേറ്റർ ഫാ. ആന്റണി എസ്. ബി.യുടെ അദ്ധ്യക്ഷതയിൽ നടത്തി. ഇടവക വികാരിയുടെ സാന്നിദ്ധ്യത്തിൽ രൂപതാ റിസോഴ്സ് ടീം അംഗം സിസ്റ്റർ ബ്ലെസി ക്ലാസുകൾ കൈകാര്യം ചെയ്തു.

**ഇടവകതലം**

കൊല്ലങ്കോട് ഇടവകയിൽ ബി.സി.സി. ജനറൽ ബോഡി യോഗം കൂടി. യോഗത്തിൽ വിശുദ്ധ അന്തോനീസിന്റെ തിരുനാളിനെ സംബന്ധിച്ചും മണ്ഡലം മെയിന്റനൻസിനെ കുറിച്ചും ചർച്ച ചെയ്തു. 01.02.2023 ൽ നടന്ന ലീഡേഴ്സ് യോഗത്തിൽ യൂണിറ്റ് സന്ദർശനം, റിസോഴ്സ് ടീമിന്റെ സഹായം, വചനവിചിന്തനം എന്നിവ ചർച്ച ചെയ്തു. വചന വിചിന്തനത്തിന് ഇടവക വികാരി നേതൃത്വം നൽകി.

08.01.23 ൽ പരുത്തിയൂർ ഇടവകയിൽ ബി.സി.സി. ജനറൽ ബോഡി യോഗം കൂടി. ഇടവക സെമിത്തേരി, സ്കൂൾ എന്നിവയുടെ നവീകരണം, കണക്കപ്പിള്ളയുടെ തെരഞ്ഞെടുപ്പ് എന്നിവ നടന്നുവരുന്നു. വാർഡുതല ലീഡേഴ്സ് യോഗങ്ങൾ ബി.സി.സി. ശാക്തീകരണത്തിന് സഹായിക്കുന്നു. 18.02.2023 ൽ ഇടവകതല ലീഡേഴ്സിനായി ബി.സി.സി.കൾ, പുതിയ കുടുംബയോഗക്രമം, ലീഡേഴ്സിന്റെ ചുമതലകൾ എന്നീ വിഷയത്തിൽ ഡയറക്ടർ ഫാ. ഡാനിയേൽ ക്ലാസെടുത്തു.

കരുംകുളം ഇടവകയിൽ 15.01.2023 ന് ബി.സി.സി. ജനറൽബോഡി യോഗം നടത്തി. വിവിധ സമിതികളായി തിരിഞ്ഞ് ഭാരവാഹികളെ തെരഞ്ഞെടുത്തു. ആനിമേറ്റർമാർ ഓരോ സമിതികളേയും ബി.സി.സി. കമ്മീഷനെക്കുറിച്ചും ക്ലാസെടുത്തു. മാസത്തിലൊരിക്കൽ ലീഡേഴ്സ് യോഗം നടന്നുവരുന്നു. കുടുംബപ്രാർഥന വീട്ടിൽ നടത്തുവാനും തിരുനാൾ കലാപരിപാടിക്ക് ബി.സി.സി. ഒരു ദിവസം നിശ്ചയിക്കുവാനും തീരുമാനിച്ചു.

പുതിയതുറ ഇടവകയിൽ 10.02.2023 ന് റിസോഴ്സ് ടീം പുനഃക്രമീകരിച്ചു. മാസത്തിന്റെ അവസാനം റിസോഴ്സ് ടീം അംഗങ്ങൾ ഇടവക വികാരിയുടെ സാന്നിദ്ധ്യത്തിൽ അടുത്ത മാസത്തേക്കുള്ള വചനവിചിന്തനം ചർച്ച ചെയ്യുകയും തിരുമണിക്കൂർ ദിവ്യകാരുണ്യ ആരാധനയോടെ യൂണിറ്റുതല വചന പ്രഘോഷണം നടത്തുകയും ചെയ്യുന്നു.

19.02.2023 ന് പള്ളം ഇടവകയിൽ വച്ച് പള്ളം, ചൊവ്വര, കൊച്ചുപള്ളി എന്നീ ഇടവകകൾക്കായി ലീഡേഴ്സ് ട്രെയിനിംഗ് സംഘടിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. ഡാനിയേൽ പുതിയ യോഗക്രമസഹായിയെക്കുറിച്ച് ക്ലാസ് നൽകി. 15.01.2023 ൽ നടന്ന ബി.

സി.സി. ജനറൽ ബോഡിയിൽ റിസോഴ്സ് ടീം രൂപീകരിച്ചു. ഇടവകകൾക്കായി കുറച്ച് സ്ഥലവും വാങ്ങാൻ തീരുമാനിച്ചു.

പുല്ലുവിള ഇടവകയിൽ 12.01.2023 ന് ലീഡേഴ്സ് ട്രെയിനിംഗ് സംഘടിപ്പിച്ചു. ഇടവക വികാരിയുടെ അദ്ധ്യക്ഷതയിൽ രൂപത റിസോഴ്സ് ടീം അംഗം ശ്രീ. അജിത് പെരേര ബി.സി.സി.യെക്കുറിച്ചും, വചനം പ്രഘോഷിക്കുകയാണ് ഓരോ നേതാവിന്റേയും ശുശ്രൂഷാ ദൗത്യമെന്നും വ്യക്തമാക്കി.

അടിമലത്തുറ ഇടവകയിൽ ലീഡേഴ്സ് യോഗം എല്ലാ മാസവും നടന്നുവരുന്നു. ബി.സി.സി. യൂണിറ്റ് ശാക്തീകരണം ചർച്ച ചെയ്തു.  ബി.സി.സി. ജനറൽബോഡിയിൽ ഇടവക കാര്യാലയ നിർമ്മാണം, വിശുദ്ധ അന്തോനീസിന്റെ തിരുനാൾ എന്നിവ ചർച്ച ചെയ്തു.

ചൊവ്വര ഇടവകയിൽ 22.01.2023 ൽ ബി.സി.സി. ജനറൽ ബോഡി യോഗം കൂടി. പുതിയ യോഗക്രമം എത്രയും വേഗം യൂണിറ്റുകളിൽ എത്തിക്കണമെന്ന് ചർച്ചചെയ്തു.

നമ്പ്യാതി, കരിച്ചൽ ഇടവകകൾക്കായി നമ്പ്യാതി ഇടവകയിൽ വച്ച് സി. ഡാളിയുടെ നേതൃത്വത്തിൽ ബി.സി.സി.കൾ എന്ത്? എന്തിന്?പുതിയ യോഗക്രമരീതി എന്നിവയെക്കുറിച്ച് ചർച്ച നടത്തി. പരിശീലനപരിപാടിയിൽ ഇടവക വികാരി, രൂപതാ ഡയറക്ടർ എന്നിവർ സന്നിഹിതരായിരുന്നു.

**കഴക്കൂട്ടം ഫെറോന**

ഫെബ്രുവരി 5-ാം തീയതി ഞായറാഴ്ച ഉച്ക്ക് 2.30 ന് മുരുക്കുംപുഴ പാരിഷ് ഹാളിൽ വച്ച് ഫെറോന വികാരി ബഹുമാനപ്പെട്ട ജോസഫ് ബാസ്റ്റിൻ അച്ചന്റെ അദ്ധ്യക്ഷതയിൽ ഫെറോന പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പും ഇടവക കൗൺസിൽ അംഗങ്ങൾക്കും ബി.സി.സി. കോ-ഓർഡിനേറ്റർമാർക്കും ഫെറോനയിലെ എല്ലാ ശുശ്രൂഷകൾക്കും പ്രത്യേകമായി എല്ലാ ശുശ്രൂഷാ സമിതികളുടേയും അതിരൂപത ഡയറക്ടർമാർക്കും ഫെറോന വികാരിയുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നൽകി. അതിരൂപത ബി.സി.സി. ഡയറക്ടർ റവ. ഫാ. ഡാനിയേൽ അച്ചന്റെ നേതൃത്വത്തിൽ ഫെറോനയിലെ ബി.സി.സി ഭാരവാഹികൾക്ക് പരിശീലനം നൽകി. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ സവിശേഷതകൾ ഊന്നിപ്പറഞ്ഞുകൊണ്ടാണ് അദ്ദേഹം

ക്ലാസുകൾ ആരംഭിച്ചത്. കൂടാതെ ബി.സി.സി. ഭാരവാഹികളുടെ ദൗത്യങ്ങളെയും കടമകളെയും കുറിച്ചും ക്ലാസുകൾ നയിച്ചു. ബി.സി.സി. അതിരൂപത സെക്രട്ടറി സിസ്റ്റർ ഡാളി ബി.സി.സി. കൂട്ടായ്മകളിലെ പ്രാർത്ഥന എപ്രകാരം നടത്തണമെന്നും പുതിയ പ്രാർത്ഥനാരീതിയെ പരിചയപ്പെടുത്തുകയും ചെയ്തു. പാളയം ഫെറോന ആനിമേറ്റർ സിസ്റ്റർ ആലീസ് മേരി പരിശീലനത്തിൽ സന്നിഹിതയായിരുന്നു. ഫെറോനയിലെ വിവിധ ഇടവകകളിൽ നിന്നുമായി 118 അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു. കൂടാതെ ഫെറോന ബി.സി.സി. കമ്മീഷൻ എക്സിക്യൂട്ടീവ് രൂപീകരിക്കുകയും ചെയ്തു. ഫെറോന ബി.സി.സി. സെക്രട്ടറിയായി ശ്രീ. ഫ്രെഡറിക് പെരേരയെയും സിസ്റ്റർ പ്രതിനിധിയായി സിസ്റ്റർ പാവനയേയും തിരഞ്ഞെടുത്തു.

**ഫാ. ഡാനിയേൽ**
**ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി**

## അജപാലനശുശ്രൂഷ

### ബൈബിൾ കമ്മിഷൻ

ബൈബിൾ കമ്മിഷൻ ടീം പുനർക്രമീകരിച്ചു. ടീം അംഗങ്ങൾക്കായുള്ള മീറ്റിംഗ് ഫെബ്രുവരി 18-ാം തിയതി നടന്നു. വാർഷിക പദ്ധതി-ബജറ്റ് 2023-2024 തയ്യാറാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും പുതിയ പ്രവർത്തനങ്ങൾക്ക് രൂപം നല്കുകയും ചെയ്തു.

### ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ

### രണ്ടാം സെമസ്റ്റർ പരീക്ഷകൾ

2022-23 ഡയറിയുടെ അടിസ്ഥാനത്തിൽ അധ്യാപകരുടേയും വിദ്യാർഥികളുടേയും വാർഷിക പരീക്ഷ ഏപ്രിൽ 2-ാം തിയതി നടത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും, അന്നേ ദിനം ഓശാന ഞായർ ആയതിനാൽ ഈ പരീക്ഷ ഏപ്രിൽ 16 ഞായറാഴ്ചയിലേക്ക് മാറ്റിയിരിക്കുന്ന വിവരം അറിയിച്ചു. മുതിർന്നവർക്കുള്ള ചോദ്യപേപ്പറുകൾ ഇടവക തലത്തിൽ തന്നെ തയ്യാറാക്കി പരീക്ഷ നടത്തേണ്ടതാണ്.

2022-23 ഡയറിയുടെ അടിസ്ഥാനത്തിൽ അധ്യാപകരുടേയും വിദ്യാർഥികളുടേയും ഫെറോന-അതിരൂപത വാർഷിക

പരീക്ഷ ഏപ്രിൽ 23-ാം തിയതി നടത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും ഈ പരീക്ഷ ഏപ്രിൽ 30-ാം തിയതിലേക്ക് മാറ്റിയിരിക്കുന്നു.

| പരീക്ഷകൾ | തീയതി | സമയം | സ്ഥലം |
|---|---|---|---|
| ഇടവക ഫെറോന/ | 16.04.2023 | 10 am -12 noon | ഇടവക |
| അതിരൂപത | 30.04.2023 | 2 pm - 4 pm | ഫെറോന സെന്റർ |
| KRLCC | 17.05.2023 | 2 pm - 4 pm | കൊല്ലം |

വാർഷിക പദ്ധതി - ബജറ്റ് 2023-2024 തയ്യാറാക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ക്രിസ്തുമതസമ്പൂർണ ചരിത്രക്വിസ് - 2023**

ക്രിസ്തുമതസമ്പൂർണ ചരിത്രക്വിസ് മത്സരത്തിൽ വിജയിച്ച ആദ്യമൂന്ന് സ്ഥാനക്കാർ 2023 ഫെബ്രുവരി 12 ഞായറാഴ്ച ഉച്ചക്കഴിഞ്ഞ് 02.00 മണി മുതൽ 03.30 വരെ കൊല്ലം സെന്റ് അലോഷ്യസ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ വച്ച് നടത്തിയ മത്സരത്തിൽ പങ്കെടുത്തു.

**ഫെറോനാതല തെരഞ്ഞെടുപ്പുകൾ**

2023-25 കാലയളവിലേക്ക് ക്രിസ്തീയവിശ്വാസജീവിതപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സമിതി തിരഞ്ഞെടുപ്പുകൾ ഫെറോനതലത്തിൽ നടന്നു.

അഞ്ചുതെങ്ങ് ഫെറോന ഫെബ്രുവരി 5-ാം തിയതിയും പുതുക്കുറിച്ചി, പേട്ട, തൂത്തൂർ ഫെറോനകൾ 12-ാം തിയതിയും പാളയം, കഴക്കൂട്ടം ഫെറോനകൾ 19-ാം തിയതിയും, പേട്ട, വലിയതുറ, പുല്ലുവിള ഫെറോനകൾ 26-ാം തിയതിയും ഫെറോനാസെന്ററുകളിൽ വച്ച് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ആരാധന കമ്മിഷൻ**

ആരാധന കമ്മിഷൻ ടീം പുനർക്രമീകരിച്ചു. ടീം അംഗങ്ങൾക്കായുള്ള മീറ്റിംഗ് ഫെബ്രുവരി 18 -ാം തിയതി നടന്നു. വാർഷിക പദ്ധതി - ബജറ്റ് 2023-2024 തയ്യാറാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദേശങ്ങൾ നല്കുകയുണ്ടായി.

**ദൈവവിളി, സന്യസ്തർ-വൈദികർ**

**സന്യസ്ത ദിനാചരണം**

തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന വിവിധങ്ങളായ സമർപ്പിത സഭകളുടെ സംഗമം ഫെബ്രുവരി 2-ാം തിയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. 77 സന്യസ്തർ പങ്കെടുത്ത ഈ സംഗമം ആർച്ച് ബിഷപ് ഡോ. തോമസ് ജെ. നെറ്റോ ഉത്ഘാടനം ചെയ്തു. അതിരൂപത ശുശ്രൂഷകളോടൊപ്പം സഹകരിക്കാനുള്ള വഴികളെയും മാർഗനിർദ്ദേശങ്ങളെയും അടിസ്ഥാനമാക്കി ഫാ. ജെയിംസ് കുലാസും, അതിരൂപതയുടെ പ്രവർത്തനങ്ങൾ ഇടവക-ഫെറോനാതലങ്ങളിൽ എന്ന വിഷയത്തെപ്പറ്റി ആസ്പദമാക്കി ഫാ. ലോറൻസ് കുലാസും ക്ലാസുകൾ നല്കി. തുടർന്ന് ആർച്ച്ബിഷപ് എമിരിറ്റസ് ഡോ. സൂസപാക്യം എം. ന്റെ മുഖ്യകാർമ്മികത്വത്തിൽ വെള്ളയമ്പലം വിശുദ്ധ കൊച്ചുത്രേസ്യദേവാലയത്തിൽ വച്ച് പൊന്തിഫിക്കൽ ദിവ്യബലി നടന്നു. തുടർന്ന് ആർച്ച് ബിഷപ്പിന്റെ മെത്രാഭിഷേക വാർഷികത്തോടനുബന്ധിച്ച് വിവിധ സന്യസ്തസഭാസമൂഹങ്ങൾ അദ്ദേഹത്തിന് ആശംസകളർപ്പിച്ചു.

**കരിസ്മാറ്റിക് മുന്നേറ്റം**

തിരുവനന്തപുരം ലാറ്റിൻ അതിരുപതാ കരിസ്മാറ്റിക് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം സി.എസ്.സിയുടെ പ്രവർത്തന റിപ്പോർട്ട്. 2023 ജനുവരി 18ാം തീയതി ബുധനാഴ്ച സഭാനവീകരണത്തിന്റെ ഭാഗമായി കെ.സി.എസ്.സി കോർഡിനേറ്റർ റവ.ഫാ.ജോസഫ് താമരവിളി, ജോ. കോർഡിനേറ്റർ ബ്രദർ സന്തോഷ് തലച്ചിറ, സമിതി അംഗമായ ബ്രദർ സണ്ണി വളവനാട്ട്, എമ്മാവൂസ് സെക്രട്ടറി ബ്രദർ ബിജു എന്നിവർ നമ്മളെ കേൾക്കുവാനായി വെള്ളയമ്പലം ആനിമേഷൻ സെൻററിൽ എത്തുകയുണ്ടായി. കൂടാതെ LSS കോഴ്സ് പൂർത്തിയാക്കിവരോടൊപ്പവും, YU4C യിലെ യുവാക്കളോടൊപ്പവും ആയിരുന്ന് ഭാവിയിലെ പദ്ധതികളെക്കുറിച്ച് തീരുമാനമെടുക്കുകയും ചെയ്തു. കരിസ്മാറ്റിക് കുടുംബാംഗങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരങ്ങൾ നൽകുന്നതോടൊപ്പം സഭ ഇന്ന് അഭിമുഖീകരിക്കുന്ന എല്ലാ സങ്കീർണങ്ങളായ പ്രശ്നങ്ങളേയും വളരെ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും, ഇതിനു വേണ്ടി നിരന്തരം പ്രാർത്ഥിക്കണമെന്നും അറിയിക്കുകയുണ്ടായി. കെ.സി.എസ്.സി അംഗങ്ങൾക്ക് ഹൃദയപരമാർത്ഥതയോടെ സ്വാഗതവും, നന്ദിയും ബഹു. പാസ്റ്ററൽ മിനി

സ്ട്രി ഡയറക്ടർ റവ.ഫാ. ഡാർവിൻ പീറ്റർ അർപ്പിക്കുകയുണ്ടായി.

2023 ഫെബ്രു. 1 ബുധനാഴ്ച പുല്ലുവിള സബ്സോണിൽ തീരദേശ കൺവെൻഷൻ നടത്തുന്നതിന്റെ ഭാഗമായും, സബ്സോണിന്റെ ഭാവിയിലുള്ള പ്രവർത്തനങ്ങളെ ഊർജസ്വലമാക്കുവാനും, അവരെ കേൾക്കുവാനുമായി സോണിൽ നിന്ന് പ്രതിനിധികൾ എത്തുകയുണ്ടായി. ആദ്യം നടന്ന നന്ദി, സ്തുതി ശുശ്രൂഷയോടൊപ്പം റവ.ഫാ. ആദർശ് അച്ചന്റെ വചനപ്രഘോഷണവും, തുടർന്ന് റവ.ഫാ. സജിത് സോളമൻ അച്ചൻ ആരാധനയും അർപ്പിക്കുകയുണ്ടായി. പുല്ലുവിള സബ്സോണിലെ വിവിധ ഇടവകകളിൽ നിന്ന് നിരവധി കരിസ്മാറ്റിക് കുടുംബാംഗങ്ങൾ കരുംകുളം പഴയ പള്ളിയിൽ എത്തുകയും ആത്മീയ നിർവൃതിയിൽ ആകുകയും ചെയ്തു. ഇതിനു ശേഷമാണ് എല്ലാവരേയും കേൾക്കുവാനായി ശ്രമിച്ചത്. ഏകാഗ്രതയോടും, ഏക മനസ്സോടും, ഐക്യത്തോടും ശുശ്രൂഷകൾ നയിക്കണമെന്നും, എല്ലാ ഇടവകകളിലേയും കൂട്ടായ്മകൾ സബ്സോണിലെ പ്രതിനിധികൾ സന്ദർശിക്കണമെന്നും, ശുശ്രൂഷകൾ മെച്ചപ്പെടുത്തണമെന്നും അഭിപ്രായപ്പെടുകയുണ്ടായി. എല്ലാവർക്കും ഇത് പുത്തൻ അനുഭവമായി മാറി.

2023 ഫെബ്രു. 11ാം തീയതി ശനിയാഴ്ച മൂന്നു പ്രധാന ശുശ്രൂഷകൾ നടക്കുകയുണ്ടായി. കഴക്കൂട്ടം സബ് സോണിൽ കുട്ടികൾക്കു വേണ്ടി സബ് സോണിന്റേയും, ക്രിസ്റ്റീൻ മിനിസ്ട്രിയുടേയും, അജപാലന ശുശ്രൂഷയുടേയും സഹകരണത്തോടെ ബഹു. റവ. ഫാ. എൽക്കിനച്ചന്റെ നേതൃത്വത്തിൽ സെൻറ്. സേവ്യേഴ്സിലെ പുരോഹിതന്മാരുടെ ക്ലാസുകളോടുകൂടി പരീക്ഷ ഒരുക്ക ധ്യാനം നടക്കുകയുണ്ടായി. വിവിധ ഇടവകകളിൽ നിന്നായി 187 ഓളം കുട്ടികൾ പങ്കെടുക്കുകയും വൻ വിജയമാകുകയും ചെയ്തു.

ഇതേ ദിവസം തന്നെ പുതുക്കുറിച്ചി സബ്സോണിന്റെ സഹകരണത്തോടെ വചനാഭിഷേക ഒരുക്ക ധ്യാനം മേനംകുളം അനുഗ്രഹ ഭവനിൽ വച്ച് നടക്കുകയുണ്ടായി. പ്രശസ്തനായ ഇടുക്കി തങ്കച്ചൻ ബ്രദറാണ് പ്രഘോഷണം നടത്തിയത്. പ്രസ്തുത കൺവെൻഷനിൽ നിരവധി ദൈവമക്കൾ പങ്കെടുക്കുകയുണ്ടായി. ഈ കൺവെൻഷന് നേതൃത്വം നൽകിയത് ബഹു. അനുഗ്രഹ ഭവൻ ഡയറക്ടർ ജോർജ് പോളച്ചനും, അസി. ഡയറക്ടർ ബഹു. വർഗ്ഗീസച്ചനുമാണ്.

അതുപോലെ തന്നെ ഈ ദിവസം കെ.സി.എസ്.സി കപ്പിൾസ് മിനിസ്ട്രി കോർഡിനേറ്ററോടൊപ്പം തിരുവനന്തപുരം സോണിലെ കപ്പിൾസ് മിനിസ്ട്രി സമിതിയിലെ കപ്പിൾസ് അജപാലന ഹാളിൽ വച്ച് കൂടുകയുണ്ടായി. തിരു. സോൺ പ്രതിനിധികളും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. എല്ലാവരും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും പുത്തൻ അനുഭവവും അഭിഷേകവും പ്രാപിക്കുകയുണ്ടായി.

18/2/23 ഫെബ്രു. ശനിയാഴ്ച പുതുക്കുറിച്ചി സബ് സോണിന്റെ നേതൃത്വത്തിൽ വൈ യു ഫോർ സി മിനിസ്ട്രിയുടെ വൺഡേ കൺവെൻഷൻ യുവാക്കൾക്കായി നടക്കുകയുണ്ടായി. വിവിധ ഇടവകകളിൽ നിന്നായി നിരവധി യുവാക്കൾ പങ്കെടുത്തു. ബഹു. എൽക്കിനച്ചൻ യുവാക്കൾക്കുവേണ്ടി ബലിയർപ്പിക്കുകയുണ്ടായി. ബ്രദർ ശ്യാമും, ബ്രദർ ഷിബുവും ക്ലാസ്സുകൾ എടുക്കുകയുണ്ടായി. യുവാക്കൾക്കു കൗൺസിലിംഗ് നൽകുകയും, ആരാധനാനുഭവത്തോടെ സമാപിക്കുകയും ചെയ്തു. പുതുക്കുറിച്ചി സബ്സോണിന്റെ ഐക്യത്തോടെയുള്ള പ്രവർത്തനമാണ് ഈ ശുശ്രൂഷകൾ അനുഭവേദ്യമാക്കിയത്. കൂടാതെ പുതുക്കുറിച്ചി സബ്സോൺ സമിതി അംഗങ്ങൾ ഇടവകകളിലെ കൂട്ടായ്മകൾ സന്ദർശിച്ച് കൊണ്ടിരിക്കുകയാണ്.

കഴക്കൂട്ടം സബ് സോണിൽ സായാഹ്ന ധ്യാനവും, ജാഗരണ ശുശ്രൂഷകളും, മാധ്യസ്ഥ പ്രാർത്ഥനകളും സബ്സോൺ ആനിമേറ്റർ കൂടിയായ എൽക്കിനച്ചന്റെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. അതു പോലെ തന്നെ പുല്ലുവിള സബ്സോണിൽ എല്ലാ മാസവും നടത്തിവരാറുള്ള വൺഡേ കൺവെൻഷനും, നൈറ്റ് വിജിലും, മാധ്യസ്ഥ പ്രാർത്ഥനകളും ആനിമേറ്റർ അച്ചൻ കൂടിയായ സജിത് സോളമനച്ചന്റെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. കൂടാതെ വട്ടിയൂർക്കാവ് സബ് സോണിൽ പുതുതായി പ്രാർത്ഥനാ കൂട്ടായ്മകൾ രൂപീകരിച്ച ഇടവകളിലെല്ലാം മധ്യസ്ഥ പ്രാത്ഥനാ ശുശ്രൂഷകൾ ആരംഭിച്ചിട്ടുണ്ട്.

അഞ്ചുതെങ്ങ് സബ്സോണിൽ നൈറ്റ് വിജിൽ മാമ്പള്ളി ഇടവകകളിൽ വച്ച് നടത്തുകയുണ്ടായി. കൂടാതെ ജാഗരണ ശുശ്രൂഷകളും, മാധ്യസ്ഥ പ്രാർത്ഥനകളും വിവിധ ഇടവകകളിൽ നടക്കുകയുണ്ടായി. ആനിമേറ്റർ റവ.ഫാ. അനിൽ സേവ്യറാണ് ഈ ശുശ്രൂഷകൾക്കെല്ലാം നേതൃത്വം നൽകുന്നത്.

സഭാനവീകരണത്തിനു വേണ്ടിയും, ഇപ്പോൾ സഭ അഭിമുഖീകരിക്കുന്ന സങ്കീർണങ്ങളായ പ്രശ്നങ്ങൾക്കു വേണ്ടിയും കരിസ്മാ കുടുംബാംഗങ്ങൾ 5, 40,000 ജപമാലകൾ എത്തിച്ചു കഴിഞ്ഞു. നിരന്തരം ഇപ്പോഴും അനുദിനം ജപമാലകൾ അർപ്പിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ഇതേ ആവശ്യങ്ങൾക്കു വേണ്ടി സോണിന്റെ മാധ്യസ്ഥ മിനിസ്ട്രി, മാധ്യസ്ഥ പ്രാർത്ഥനകൾ നടത്തി കൊണ്ടിരിക്കുകയാണ്.

**ഫാ. ഡാർവിൻ പീറ്റർ**
**ഡയറക്ടർ**

## കുടുംബപ്രേഷിത ശുശ്രൂഷ

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ ഒൻപതാം ബാച്ചിന്റെ ക്ലാസ്സ് ഈ മാസം 4, 18 തീയതികളിലും 5- ാമത് ബാച്ച് ഡിപ്ലോമ കോഴ്സിന്റെ ക്ലാസ്സ് 11, 25 തീയതികളിലും നടന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 32 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബപ്രേഷിത ശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചു വരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 535 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 472 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 4 അപേക്ഷകൾക്ക് ധനസഹായം നൽകി.

**കരുണാമയൻ**

ആരും തനിച്ചല്ല എന്ന പ്രോജക്ട്ടുവഴി 108 വ്യക്തികൾക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങൾ സന്ദർശിക്കുകയും ധനസഹായം നൽകുകയും ചെയ്തു.

**ഹീലിംഗ് ഹാൻഡ്സ്**

രോഗികളായി കഷ്ടതയനുഭവിക്കുന്നവരിൽ നിന്ന് ഇതുവരെയായി 170 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 119 പേർക്ക് ധനസഹായം നൽകാൻ സാധിച്ചു. ഈ മാസം 2 അപേക്ഷകൾ ലഭിക്കുകയും അന്വേഷണ വിധേയമാക്കിയശേഷം ഒരാൾക്ക് സഹായം നൽകുകയും ചെയ്തു.

**ബധിര സഹോദരങ്ങളുടെ കൂട്ടായ്മ**

**ജനുവരി 29-**ാം തിയതി ഞായറാഴ്ച്ച അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ.ഡാർവിൻ പീറ്ററിന്റെ മുഖ്യകാർമ്മികത്വത്തിൽ വെള്ളയമ്പലം കോൺവെന്റിൽ (Handmaids of Hope) ബധിര സഹോദരങ്ങൾക്കായി വി.കുർബാന അർപ്പിക്കുകയും ഫാ.ജെനിസ്റ്റൻ ആംഗ്യഭാഷയിൽ ദിവ്യബലി പരിഭാഷപ്പെടുത്തുകയും ചെയ്തു. തുടർന്ന് ഫാ.ജെനിസ്റ്റൻ ജപമാല ചൊല്ലേണ്ട രീതിയെക്കുറിച്ചും അവരെ പഠിപ്പിക്കുകയും ചെയ്തു.

**വിവാഹ ഒരുക്കസെമിനാർ**

2023 ഫെബ്രുവരി 17, 18 തീയതികളിൽ നടന്ന കോഴ്സിൽ 79 പേർ പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

അടുത്ത കോഴ്സുകൾ 2023 മാർച്ച് 6,7 - 24,25 എന്നീ തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ തിരുവനന്തപുരം അതിരൂപതയിൽ നിന്നു മാത്രമായി 20 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. മാര്യേജ് ബ്യൂറോ കെ.ആർ.എൽ.സി.സി. തലത്തിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com.

**കഴക്കൂട്ടം ഫെറോന**

ഫെബ്രുവരിമാസം അഞ്ചാംതീയതി ഞായറാഴ്ച ഉച്ചയ്ക്ക് രണ്ടരമണിക്ക് മുരിക്കുമ്പുഴ പാരിഷ് ഹാളിൽ വെച്ച് ബഹുമാനപ്പെട്ട ജോസഫ് ബാസ്റ്റ്യൻ അച്ചന്റെ അധ്യക്ഷതയിൽ എല്ലാ ശുശ്രൂഷ സമിതികൾക്കുമായി പരിശീലനം നടത്തി. കുടുംബശുശ്രൂഷ അതിരൂപത ഡയറക്ടർ ബഹുമാനപ്പെട്ട ക്രിസ്റ്റൽ റൊസാരിയോ ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നുള്ള കുടുംബശുശ്രൂഷ ഭാരവാഹികൾക്ക് ക്ലാസ് നയിച്ചു . കുടുംബശുശ്രൂഷ സമിതികൊണ്ട് അതിരൂപത എന്താണ് ഉദ്ദേശിക്കുന്നത് എന്നും ഭാരവാഹികളുടെ കടമകളെകുറിച്ചും സമിതിയുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങളെ ക്കുറിച്ചും വളരെ നല്ല രീതിയിൽ ക്ലാസ് നയിച്ചു. വിവിധ ഇടവകകളിൽ നിന്നുമായി 26 അംഗങ്ങൾ ക്ലാസ്സിൽ പങ്കെടുത്തു. കൂടാതെ വലിയവേളി ഇടവകയിൽ വിശുദ്ധ അന്തോനീസിന്റെ പിറന്നാളിനോട് ബന്ധപ്പെട്ട ബധിരമൂക സഹോദരങ്ങൾക്കായി സംഘടിപ്പിച്ച ദിവ്യബലിയിലും ആദരിക്കലും കഴക്കൂട്ടം ഫൊറോന യിൽ നിന്ന് ഒരാളെ പങ്കെടുപ്പിച്ചു.

**പാളയം ഫെറോന**

ഫെറോനതല കുടുംബശുശ്രൂഷ എക്സിക്യൂട്ടീവ് മീറ്റിംഗ് 18-ാം തീയതി ഉച്ചയ്ക്ക് 3 മണിക്ക് പൂഴിക്കുന്ന് ഇടവകയില റവ. ഫാ. കോസ്മോസ് അച്ചന്റെ നേതൃത്വത്തിൽ ചേർന്നു. പ്ലാനും ബജറ്റും തയ്യാറാക്കി. കരുണാമയൻ പദ്ധതി പ്രകാരം 11 പേർക്ക് പെൻഷൻ നൽകി.

**പാളയം :** പാളയം ഇടവകയിൽ ഒരു ജനറൽ ബോഡിയും 4 എക്സി ക്യൂട്ടീവ് മീറ്റിംഗും നടന്നു. ഫെബ്രുവരി 11-ാം തീയതി രോഗീദിന മായി ആചരിച്ചു. അന്നേദിവസം ഇടവകയിൽ രോഗികൾക്ക് വേണ്ടി പ്രത്യേക കുർബാനയും തുടർന്ന് രോഗീലേപനവും നൽകി.

**കുറവൻകോണം:** യൂണിറ്റിൽ രോഗികളായി കഴിയുന്നവരെ സന്ദർശി ക്കുകയും പ്രാർത്ഥിക്കുയും സഹായിക്കുകയും ചെയ്യുന്നു. വിധവ കളായ 6 പേർക്ക് ഓരോ സാരികൊടുത്തു. രണ്ടു യൂണിറ്റിലും ഓരോരുത്തർക്കും ധനസഹായം നൽകി വാർദ്ധക്യ സഹജമായ കാരണങ്ങളാൽ ദേവാലയത്തിൽ വരാൻ കഴിയാത്തവർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുന്നു.

**പേട്ട ഫെറോന**

പേട്ട ഫെറോനയിലെ കുടുംബശുശ്രൂഷയുടെ ആദ്യത്തെ മീറ്റിംഗ് ജനുവരി 26ന് ശ്രീകാര്യം പള്ളിഹാളിൽ വൈദീക കോർഡിനേറ്റർ ബഹു. റോഷൻ റിച്ചാർഡ് അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. പുതിയ സെക്രട്ടറി ആയി മുട്ടട ഇടവകയിലെ സീന ജസ്റ്റിൻ, പ്രോ ലൈഫ് കൺവീനർ ആയി പോങ്ങുംമൂട് ഇടവകയിലെ എൽ. കുട്ടപ്പൻ എന്നിവരെ തെരഞ്ഞെടുത്തു. ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഫെറോന തലത്തിലും, ഇടവക തലത്തിലും നടക്കേണ്ടുന്ന പ്രവർത്തനങ്ങളുടെ ഒരു മാർഗ്ഗ നിർദ്ദേശം അച്ചൻ നൽകി.

ഫെബ്രുവരി മാസ കുടുംബ ശുശ്രൂഷാ ഫെറോന സമിതി 19-ാം തിയതി പോങ്ങുംമൂട് ഫെറോനാ സെന്ററിൽ ഫെറോന കൺവീനർ ജെസ്സൽ റോഡ്രിക്സിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോനാതല പ്ലാൻ ആന്റ് ബഡ്ജറ്റിന്റെ കരടുരൂപം തയ്യാറാക്കി. രോഗികൾക്കുള്ള No One Left Alone പദ്ധതിയുടെ പെൻഷൻ വിതരണം ചെയ്തു.

**ഇടവകതലം**

എല്ലാ ഇടവകകളിലും കുടുംബ ശുശ്രൂഷ സമിതി കൂടി. എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുത്തു. 2023 ലെ വാർഷിക പദ്ധതി വിഷയങ്ങൾ ചർച്ച ചെയ്തു.

**പേട്ട സെന്റ് ആൻഡ്രൂസ് :** ഫെബ്രുവരി 19ന് വാർഷിക പദ്ധതി തയ്യറാക്കി ബി.സി.സി. ജനറൽ ബോഡിയിൽ അവതരിപ്പിച്ചു. അംഗീകരിച്ചു. മക്കളില്ലാത്ത ദമ്പതി-കുടുംബത്തെ സന്ദർശിച്ചു. ഫുഡ്കിറ്റും, മരുന്നിനുള്ള ധനസഹായവും നൽകി. രോഗീ സന്ദർശനം നടത്തി അർഹതപ്പെട്ട ഒരു രോഗിക്ക് ധനസഹായം നൽകി.

**പോങ്ങുംമൂട്:** ഫെബ്രുവരി 11-ാം തീയതി രോഗീദിനം ആചരിച്ചു. അന്ന് 8 കിടപ്പുരോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. അർഹരായവർക്ക് ധനസഹായം നൽകി.

**മുട്ടട:** ഹോളി ക്രോസ്-ഫെബ്രുവരി 12-ാം തീയതി നടന്ന ഇടവകതല യോഗത്തിൽ രൂപതാ ആനിമേറ്ററും, ഫെറോന കൺവീനറും കുടുംബശുശ്രൂഷാ പ്രവർത്തനങ്ങൾ വിവരിച്ചു. കുടുംബ പ്രാർത്ഥനാ പുസ്തകം 30 കുടുംബങ്ങൾക്ക് നൽകാൻ തീരുമാനിച്ചു. രോഗീ സന്ദർശനം നടത്തി അർഹരായ ക്യാൻസർ രോഗിക്ക് ധന

സഹായം നൽകി. കിടപ്പുരോഗികളായ കന്യാസ്ത്രീകളെ സന്ദർശിച്ചു അവരുമായി സൗഹൃദം പങ്കിട്ടു.

**ചെറുവയ്ക്കൽ വേളാങ്കണ്ണി ദേവാലയം:** രോഗീ സന്ദർശനം, ഭിന്ന ശേഷിക്കാരെ സന്ദർശനം, രോഗികളെ ശുശ്രൂഷിച്ചു. ദേവാലയ പരിസരം വൃത്തിയാക്കി. ഏകസ്ഥനായ ഒരു വ്യക്തിയുടെ വഴി പ്രശ്നം, ഭവനപ്രശ്നം എന്നിവയ്ക്ക് പരിഹാരം കണ്ടെത്തി. വസ്തുവും, പ്രമാണവും നഷ്ടപ്പെട്ട വിധവയ്ക്ക് ലയോള സെന്ററുമായി സഹകരിച്ച് പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചു. പാവപ്പെട്ട ഒരു യുവതിക്ക് വിവാഹസഹായം നൽകി. വിവാഹം നടക്കാതിരുന്ന യുവാക്കളുടെ വിവാഹജീവിതത്തിന് ഒരുക്കം ചെയ്തു. ആർ.സി.സി. യിലേക്ക് പൊതിച്ചോറ് ഇടവകയിൽ നിന്നും ശേഖരിച്ചു നൽകി.

**പുല്ലുവിള ഫെറോന**

**ഫെറോനതല പ്രവർത്തനങ്ങൾ**

ജനുവരി 29ന് പുല്ലുവിള ഇടവകയിൽ വച്ച് ഫാ. ജേക്കബ് സ്റ്റെല്ലസിന്റെ അദ്ധ്യക്ഷതയിൽ ഫെറോനയിലെ പ്രഥമയോഗം കൂടി. സിസ്റ്റർ ആലിസിനെ സിസ്റ്റർ പ്രതിനിധിയായും കൺവീനറായി ശ്രീ. റാബിയേയും സെക്രട്ടറിയായി ശ്രീമതി തങ്കറാണിയേയും പ്രൊലൈഫ് കൺവീനറായി ശ്രീമതി സിറഫിയേയും തെരഞ്ഞെടുത്തു. രൂപത ഡയറക്ടർ ഫാ. ക്രിസ്റ്റൽ റൊസാരിയോ അവർക്ക് പരിശീലനം നൽകി.

ഫെബ്രുവരി 12ന് വലിയവേളി ഇടവകയിൽ വച്ച് ബധിര മൂകർക്കായി നടന്ന സംഗമത്തിൽ പുല്ലുവിള ഫെറോനയിൽ നിന്ന് 40 പേർ പങ്കെടുത്തു. ദിവ്യബലിയും കൂട്ടായ്മയും സ്നേഹവിരുന്നും ആദരിക്കലും ഏറെ പ്രശംസനീയമാണെന്ന് ഫെറോനയോഗം വിലയിരുത്തി.

ഫെബ്രുവരി 19ന് ഫാ. ജോൺ ജേക്കബിന്റെ അദ്ധ്യക്ഷതയിൽ പള്ളം ഇടവകയിൽ വച്ച് പ്രതിമാസ സമിതിയോഗം കൂടി. മാർച്ച് മാസത്തിൽ ഏകസ്ഥരുടെ കൂട്ടായ്മ രൂപീകരണം നടത്താൻ തീരുമാനിച്ചു.

**ഇടവകതല പ്രവർത്തനങ്ങൾ**

എല്ലാ ഇടവകയിലും സമിതിയോഗങ്ങൾ കൂടുകയും പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തു. കൊല്ലങ്കോട് (20), പരുത്തിയൂർ (17), പൂവ്വാർ (13), കരുംകുളം (26) എന്നീ ഇടവക

ളിൽ നിന്ന് 76 കുടുംബങ്ങൾക്ക് മന്ന പദ്ധതിയിലൂടെ ഭക്ഷണസാധനങ്ങൾ നൽകിവരുന്നു.

സന്ന്യസ്തരുടെ നേതൃത്വത്തിൽ കൊല്ലങ്കോട് (3) പരുത്തിയൂർ, പൂവ്വാർ (1), പുല്ലുവിള (3) എന്നീ ഇടവകകളൽ കൗൺസിലിംഗ് നടത്തുകയും ഭിന്നിച്ച് നിൽക്കുന്ന കുടുംബങ്ങളെ രമ്യതയിലാക്കുവാനും സാധിച്ചു.

സമിതിയുടെ നേതൃത്വത്തിൽ കൊല്ലങ്കോട്, പരുത്തിയൂർ, പൂവ്വാർ, കരുംകുളം, പുതിയതുറ, പുല്ലുവിള എന്നീ ഇടവകകളിൽ രോഗീസന്ദർശനം നടത്തി. ആത്മീയ സന്തോഷം പകർന്നുകൊടത്തു. ഫെബ്രുവരി 11ന് കരുംകുളം ഇടവകയില രോഗീദിനം ആചരിക്കുകയും ദിവ്യബലിയിലൂടെയും കലാപരിപാടികളിലൂടെയും ഉച്ചഭക്ഷണം നല്കിയും സന്തോഷം പങ്കുവച്ചു. പൂവ്വാർ ഇടവകയിൽ രോഗീദിനത്തിൽ 60 കിടപ്പ് രോഗികളെ സന്ദർശിച്ച് ബഡ്ഷീറ്റ് വിതരണം ചെയ്തു.

എല്ലാ ഇടവകകളിലും ജനുവരി ഫെബ്രുവരി മാസങ്ങളിൽ ബധിര മൂക സഹോദരങ്ങളെ സന്ദർശിക്കുകയും കൂട്ടായ്മ രൂപീകരണത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്തു.

അടിമലത്തുറ ഇടവകയിൽ കുടുംബ പ്രാർത്ഥനയില്ലാത്ത കുടുംബങ്ങളെ സന്ദർശിച്ചു പ്രാർത്ഥിക്കാൻ പ്രേരിപ്പിച്ചു. പുല്ലുവിള ഇടവകയിൽ മദ്യപാനത്തിന് അടിമപ്പെട്ട ഒരു കുടുംബത്തെ അനുധാവനം ചെയ്ത് വരുന്നു.

കരുംകുളം, ലൂർദ്ദുപുരം ഇടവകകളിൽ പ്ലാൻ ആൻഡ് ബഡ്ജറ്റ് തയ്യാറാക്കി.

അടിമലത്തുറ ഇടവകയിൽ സാന്ത്വനം മംഗല്യം പദ്ധതിപ്രകാരം ഒരാൾക്ക് രൂപത സഹായം എത്തിച്ചു. ഫെറോനയിലെ 9 ഇടവകകളിലായി 27 കുടുംബങ്ങൾക്ക് രൂപത സഹായം പ്രതിമാസം നൽകിവരുന്നു.

**ഫാ. ക്രിസ്റ്റൽ റൊസാരിയോ**
**ഡയറക്ടർ**

## യുവജന ശുശ്രൂഷ

കെ.സി.വൈ.എം. അതിരൂപത സമിതി ഫെറോനാതല സംഘടന പരിപാടികളുമായി മുന്നോട്ടു പോകുന്നു.

1) കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 32

രൂപതകളിലൂടെ നടത്തിയ ലഹരി വിരുദ്ധ പ്രയാണത്തിന് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആതിഥേയത്തിൽ പാളയം രക്തസാക്ഷി മണ്ഡപത്തിൽ സ്വീകരണം നൽകി. കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജോ ഇടയാടിയിൽ റാലിക്ക് നേതൃത്വം നൽകി. വൈസ് പ്രസിഡന്റ് ശ്രീ. സനുസാജൻ, ട്രഷറർ എമിൽ ജോണി പീറ്റർ, ആനിമേറ്റർ സിസ്റ്റർ ലിസ്ന, വിവിധ ഫെറോനകളിൽ നിന്നുള്ള യുവജനങ്ങൾ എന്നിവർ പങ്കെടുത്തു.

2) കെ.സി.വൈ.എം ന്റെ ചരിത്രത്തിലെ ആദ്യത്തെ "Kerala Youth Conference" (KYC) January 19,20,21 ഈ മൂന്ന് ദിവസങ്ങളിലായി തൃശൂരിന്റെ മണ്ണിൽ അതിരൂപതയിൽ നിന്നും 20 പേർ പങ്കെടുത്തു. തൃശൂർ ചിയ്യരം വിജയമാതാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട യൂത്ത് കോൺഫറൻസിൽ കേരളത്തിലെ കത്തോലിക്കാ രൂപതകളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തു.

3) പേട്ട, കഴക്കൂട്ടം, അഞ്ചുതെങ്ങ്, കോവളം, എന്നിങ്ങനെയുള്ള ഫെറോനകളിൽ ജനുവരി ആദ്യവാരം സെനറ്റ് നടന്നു.

4)കെ.സി.വൈ.എം പ്രസ്ഥാനത്തെ 2023 വർഷത്തിൽ നേതൃത്വം നൽകേണ്ട സംസ്ഥാന സമിതിയെ തെരെഞ്ഞെടുക്കുവാനും, പ്രസ്ഥാനത്തിന്റെ നയരൂപീകരണം നടത്തുവാനും, പ്രവർത്തന മാർഗ്ഗരേഖ ചർച്ചചെയ്തു തീരുമാനിക്കുവാനും ഫെബ്രുവരി 18,19 തീയതികളിൽ നാലാഞ്ചിറ മാർ കത്തോലിക്ക സഭയിൽ വച്ച് "ക്രൈസ്തവ യുവത്വം ഐക്യത്തിന്റെ പ്രേക്ഷിതർ" എന്ന പഠന വിഷയം മുൻ നിർത്തി സെനറ്റ് നടത്തുകയുണ്ടായി.

**ഫാ. സന്തോഷ് കുമാർ**
**ഡയറക്ടർ**

## വിദ്യാഭ്യാസശുശ്രൂഷ

**അതിരൂപതാ തലം**

**1. ചുവട് 2023 ഏകദിന ശില്പശാല**

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ മൗലിക അവകാശം എന്ന ആശയത്തെ മുൻനിർത്തികൊണ്ട് സംഘടിപ്പിച്ച ചുവട് 2023 വെള്ളയമ്പലം വിശുദ്ധ ജിയന്ന ഹാളിൽ നടന്നു. അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന എൽ.പി. സ്കൂളുകളിലെ പ്രധാന അധ്യാപകർക്കായുള്ള ഏകദിന ശില്പശാലയിൽ വിദ്യാഭ്യാസ

രംഗത്ത് ശ്രദ്ധ ചെലുത്തേണ്ട 5 വ്യത്യസ്ത മേഖലകളെ ആസ്പദമാക്കിയുള്ള വിലയിരുത്തൽ നടന്നു. എല്ലാ പ്രൈമറി സ്കൂളുകളിലും എങ്ങനെ ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാം എന്നുള്ള ചർച്ചകളാണ് ശില്പശാലയിൽ നടന്നത്. ധാർമികം, ബൗദ്ധികം, സർഗ്ഗാത്മകം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ അടുത്ത വർഷത്തെ ആക്ഷൻ പ്ലാൻ അധ്യാപകർ തയ്യാറാക്കുകയായിരുന്നു പരിശീലന പരിപാടിയുടെ ലക്ഷ്യം. എല്ലാ കുട്ടികളും എഴുത്തിലും വായനയിലും നൈപുണ്യം നേടാനും കണക്കിലെ അടിസ്ഥാന അറിവ് സംയുക്തമാക്കുക എന്നുള്ളതുമാണ് അത്യന്തികമായ ലക്ഷ്യം. വിവിധ കളികളിലൂടെ കുട്ടികൾക്ക് കണക്കിന്റെ മായാലോകത്തെ പരിചയപ്പെടുത്താനും പഠനം രസകരമാക്കുകയെന്നതിനെയും ആസ്പദമാക്കി സെന്റ് ജോസഫ് സ്കൂളിലെ അധ്യാപകനായ ശ്രീ. ജോയ് പൗലോസ് അധ്യാപകർക്ക് പരിശീലനം നൽകി. അടുത്ത അക്കാദമിക വർഷത്തെ പ്ലാൻ എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് എസ്.ഇ.ആർ.ടി.യുടെ പ്രൈമറി ആൻഡ് പ്രൈമറി മേഖലകളെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ ശ്രീമതി ജാസ്മിൻ അവതരിപ്പിച്ചു. അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. ഡയസന്റെ അധ്യക്ഷതയിൽ നടന്ന ശില്പശാലയിൽ 20 അധ്യാപകർ പങ്കെടുത്തു.

**2. Ready പരിശീലന പരിപാടി**

Ready എന്ന പരിപാടി 4 ലക്ഷ്യത്തോടുകൂടിയാണ് ആരംഭിക്കുന്നത്. 1. Awareness 2. Motivation 3. Career Guideness 4. How to face exam ഈ പരിപാടിയിലൂടെ പരിശീലനം നൽകുന്നതിനായി രൂപീകരിച്ച എഡ്യൂക്കേഷൻ റിസോഴ്സ് ടീമിന്റെ പരിശീലന പരിപാടി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു. കുട്ടികൾക്ക് പരിമിതികളില്ലാതെ സ്വപ്നം കാണാൻ പുതിയ വഴികൾ കാട്ടി അവരെ മികവിലേക്ക് നയിക്കാൻ അധ്യാപകർക്കാകണമെന്ന് അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അതിരൂപത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന അധ്യാപരും റിട്ടയേർഡ് അധ്യാപകരുമുൾപ്പെടെ 20 പേരാണ് റിസോഴ്സ് ടീമിലുള്ളത്. പരീക്ഷയെ എങ്ങനെ നേരിടാം പ്രചോദനപരമായ ആശയങ്ങൾ നൽകുക, കരിയർ ഗൈഡൻസ്, കുട്ടികളിൽ ധാർമികത മെച്ചപ്പെടുത്തുയെന്നതാണ്

റിസോഴ്സ് ടീമിന്റെ പരിശിലനത്തിലൂടെ ലക്ഷ്യമാക്കുന്നതെന്ന് അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതി ഡയറക്ടർ ഫാ. ഡയസൺ വ്യക്തമാക്കി. Ready എന്ന നാമത്തിലാണ് റിസോഴ്സ് ടീം രൂപീകരിച്ചിരിക്കുന്നത്. സമൂഹത്തിൽ നമ്മുടെ കുട്ടികളെ മെച്ചപ്പെട്ട നിലകളിലെത്തിച്ചേരാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് ഇത്തരം പരിശീലനങ്ങളിലൂടെ ലക്ഷ്യമാക്കുന്നതെന്ന് അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ അസി. ഡയറക്ടർ ഫാ. ഇമ്മാനുവൽ പറയുകയുണ്ടായി.

**3. ഒത്തുചേരാം സൗഹൃദം പങ്കിടാം.**

ആർ.സി. സ്കൂൾ മാനേജ്മെന്റിന്റെ കീഴിൽ വിവിധ വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചു വിരമിച്ച സ്റ്റാഫ് അംഗങ്ങളുടെ കൂടിവരവിനായി ഫെബ്രുവരി 6, 13 എന്നീ തിയതികളിൽ സമന്വയ, കോൺഫറൻസ് ഹാളിൽ വച്ച് വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. ഡയസന്റെ നേതൃത്വത്തിൽ മീറ്റിംഗ് കൂടുകയും വിവിധ ആശയങ്ങൾ പങ്കുവച്ചതിന്റെയും ഭാഗമായി ഫെബ്രുവരി 25-ാം തീയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് "ഒത്തുചേരാം സൗഹൃദം പങ്കിടാം" എന്ന സന്ദേശത്തോടുകൂടി അവരുടെ ക്ഷേമത്തിനും, ഐശ്വര്യത്തിനും, വിനോദത്തിനു ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാനും നടപ്പിലാക്കുവാനും വേണ്ടി വിദ്യാഭ്യാസ ഡയറക്ടർ ഫാ. ഡൈസന്റെ നേതൃത്വത്തിലാണ് ഈ ഉദ്യമം ആരംഭം കുറിച്ചു.

**4. ഇടവക/ ഫെറോന ട്രെയിനിംഗ് പ്രോഗ്രാം**

2023-25 കാലയളവിൽ ഇടവക/ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങളുടെ ട്രെയിനിംഗ് പ്രോഗ്രാമും ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങളുട തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അതിരൂപത വിദ്യാഭ്യാസ ശുശ്രൂയുടെ നയരേഖ അടിസ്ഥാനമാക്കി പ്ലാൻ/ബഡ്ജറ്റ് ചിട്ടപ്പെടുത്തുക, ഇടവക/ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളുടെ കടമകളും ഉത്തരവാദിത്തം എന്നിവയെകുറിച്ച് വ്യക്തമായി അതിരൂപത വിദ്യാഭ്യാസ ശശ്രൂഷ അസി. ഡയറക്ടർ ഫാ. ഇമ്മാനുവേൽ അതിരൂപതയിലെ 9 ഫെറോനകൾക്കും ഫെറോനതലത്തിൽ ട്രെയിനിംഗ് നൽകുകയുണ്ടായി.

**5. സിവിൽ സർവ്വീസ് ഫൗണ്ടേഷൻ ക്ലാസ്സ്**

സിവിൽ സർവ്വീസ് മേഖലകളിൽ വിദ്യാർത്ഥികളെ എത്തി

ക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ക്ലാസ്സുകൾ എല്ലാ ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും ഓൺലൈൻ വഴിയും 2-ാം ശനിയാഴ്ച രവിലെ 9.30 മുതൽ 3.30 വരെ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ചുംവിഷയാടിസ്ഥാനത്തിൽ വിദഗ്ധർ ക്ലാസ്സുകൾ നയിച്ചു വരുന്നു.



**കോവളം ഫെറോന**

കോവളം ഫെറോന എക്സിക്യൂട്ടീവ് രൂപീകരണം ഫെബ്രുവരി 12 ഞായറാഴ്ച ഫെറോന വികാരി ഫാ. ഫ്രഡിയുടെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ കോവളം ഫെറോനയിലെ 14 ഇടവകയിൽ നിന്നും ഇടവക പ്രതിനിധികൾ പങ്കെടുത്തു. യോഗത്തിൽ ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കുകയുണ്ടായി.

**വിദ്യാഭ്യാസ ശുശ്രൂഷ സമിതി ശാക്തീകരണം**

ഫെബ്രുവരി 5-ാം തീയതി പൂന്തുറ വിദ്യാഭ്യാസ ശുശ്രൂഷ വാർഡ് പ്രതിനിധികളെ വിളിച്ചു കൂട്ടി ഫാ. എ.ആർ. ജോണിന്റെ നേതൃത്വത്തിൽ ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. തെരഞ്ഞെടുത്ത അംഗങ്ങൾക്ക് പ്രവർത്തനങ്ങളെകുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് നൽകുകയുണ്ടായി. ക്ലാസ്സിൽ 50 അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു.

പി.എസ്.സി. കോച്ചിംങ്

പൂന്തുറ ഇടവകയിൽ മത്സര പരീക്ഷയിൽ തയ്യാറെടുക്കുന്ന 8 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരിശീലനം ശ്രീ .വില്യത്തിന്റെ നേതൃത്വത്തിൽ നൽകി വരുന്നു.

ടീച്ചേഴ്സ് ഫോറം

പൂന്തുറ ഇടവക വികാരിയുടെ നേതൃത്വത്തിൽ എൽ.പി. വിഭാഗം കുട്ടികൾക്ക് ഗണിതം, ത്രിഭാഷ പരിജ്ഞാനം എന്നിവ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 5-ാം തീയതി ടീച്ചേഴ്സ് ഫോറം യോഗം കൂടുകയും പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

നൈറ്റ് സ്റ്റഡി

പൂന്തുറ ഇടവകയിൽ സ്കൂൾ അധ്യാപകരുടെ സഹായത്തോടെ 4-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെയുള്ള 60 വിദ്യാർത്ഥികൾക്ക് (പഠിക്കാൻ ബുദ്ധിമുട്ടുന്ന) വേണ്ട പരിശീലനം വൈകന്നേരം 6 മണി മുതൽ 8 മണി വരെ നടക്കുന്നു. കൂടാതെ എസ്.എ

സ്.എൽ.സി., +1, +2 തലത്തിൽ 50 വിദ്യാർത്ഥികൾക്ക് അധ്യാപക ഫോറത്തിന്റെ നേതൃത്വത്തിൽ ക്ലാസ്സുകൾ നൽകി വരുന്നു.

**How to face Exam**

2022–23 അധ്യാന വർഷത്തിൽ എസ്.എസ്.എൽ.സി., +2 എക്സാം എഴുതുന്ന വിദ്യാർത്ഥികൾക്ക് പൂന്തുറ, വിഴിഞ്ഞം എന്നീ ഇടവകയിൽ കുട്ടികൾക്ക് പരീക്ഷയെ ഭയം കൂടാതെ നേരിടുന്നതിനുള്ള ക്ലാസ്സുകൾ ശ്രീ. സ്റ്റാൻലിന്റെ നേതൃത്വത്തിൽ നൽകുകയുണ്ടായി. ഇതിൽ 750 കുട്ടികൾ രണ്ട് ഇടവകകളിലായി പങ്കെടുക്കുന്നു.

**മോട്ടിവേഷൻ ക്ലാസ്സ്**

വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കായും പഠനം മുന്നോട്ട് നയിക്കാനുള്ള ആവശ്യകതയും വേണ്ട പ്രോത്സാഹനവും എന്ന വിഷയത്തിൽ ഫെബ്രുവരി 4 ശനിയാഴ്ച 4 മണിക്ക് സി. ജോസഫിന്റെ നേതൃത്വത്തിൽ വിഴിഞ്ഞം ഇടവകയിൽ സംഘടിപ്പിച്ചു. പ്രസ്തുത ക്ലാസ്സിൽ 150 വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും പങ്കെടുക്കുന്നു.

**പേട്ട ഫെറോന**

പേട്ട ഫെറോന വിദ്യാഭ്യാസ ശുശ്രൂഷാസമിതിയുടെ ആഭിമുഖ്യത്തിൽ 4–ാം ക്ലാസ്സ് മുതൽ +2 വരെയുള്ള കുട്ടികൾക്കായി 2 വിഭാഗമായി തിരിച്ച് പൊതു വിജ്ഞാന ക്വിസ് മത്സരം നടത്തി. ശ്രീമതി ഫ്ളോറൻസ് ടീച്ചർ ക്വിസ് നയിച്ചു. 8 ഇടവകകളിൽ നിന്നും 37 കുട്ടികൾ പങ്കെടുത്തു. ജൂനിയർ വിഭാഗത്തില പോങ്ങുംമൂട്, മുട്ടട, കുന്നിൻപുറം ഇടവകകളും സീനിയർ വിഭാഗത്തിൽ പോങ്ങുംമൂട്, മുട്ടട, ശ്രീകാര്യം ഇടവകകളും ഒന്നും, രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

പോങ്ങുംമൂട്, മുട്ടട, പുഷ്പഗിരി, പേട്ട, വികാസ് നഗർ, കുമാരപുരം എന്നീ ഇടവകകളിൽ വിദ്യാഭ്യാസസമിതി യോഗം കൂടി. എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു.

**പുതുക്കുറിച്ചി ഫെറോന**

പുതുക്കുറിച്ചി ഫെറോനവിദ്യാഭ്യാസ സമിതി ജനറൽ ബോഡിയോഗം ഫെബ്രുവരി മാസം 12–ാം തീയതി 2.00മണിക്ക് പള്ളിത്തുറ ലയോള ഹാളിൽ വച്ച് കൂടി. അതിരൂപതാ വിദ്യാഭ്യാസ ശശ്രൂഷാ അസി. ഡയറക്ടർ റവ. ഫാ. ഇമ്മാനുവേൽ വിദ്യാഭ്യാസ ശുശ്രൂഷാ പ്രവർത്തനങ്ങളെകുറിച്ച് ക്ലാസ്സെടുത്തു. ഫെറോനാ വിദ്യാ

ഭ്യാസ എക്സിക്യൂട്ടീവിന് രൂപം നൽകി. വെട്ടുതുറ ഒഴികെ ബാക്കി എല്ലാ ഇടവകകളിൽ നിന്നും പ്രാതിനിധ്യമുണ്ടായിരുന്നു 45 അംഗങ്ങൾ പങ്കെടുത്തു.

പുതുക്കുറിച്ചി, തുമ്പ, പള്ളിത്തുറ എന്നീ ഇടവകകളിൽ സമിതി കൂടി പ്ലാൻ ആന്റ് ബജറ്റ് തയ്യാറാക്കി. പുത്തൻതോപ്പ്, ഫാത്തിമാപുരം, സെന്റ് ആൻഡ്രൂസ്, സെന്റ്. ഡൊമിനിക്, വെട്ടുകാട്, മരിനാട് എന്നീ ഇടവകകളിൽ സമിതി കൂടി എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു.

ഫെബ്രുവരി 12-ാം തീയതി 10 മണിക്ക് ഫാത്തിമാപുരം ഇടവകയിൽ 8-ാം ക്ലാസ്സ് മുതൽ 12 വരെയുള്ള കുട്ടികൾക്ക് പരീക്ഷയെ എങ്ങനെ അഭിമുഖീകരിക്കാം എന്ന വിഷയത്തെക്കുറിച്ച് ശ്രീ. ബിജു സൈമൺ ക്ലാസ്സെടുത്തു. 52 കുട്ടികൾ പങ്കെടുത്തു.

**പാളയം ഫെറോന**

ഫെറോനാതല തിരഞ്ഞെടുപ്പ് പൂർത്തിയാക്കി. ഫെബ്രുവരി 18ന് കോർഡിനേറ്റർ റവ. ഫാ. ശാന്തപ്പൻ എം. ന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് യോഗം കൂടി. പ്ലാൻ & ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും തുടർന്ന് നടത്തേണ്ടവ തീരുമാനിക്കുകയും ചെയ്തു.

**ഇടവകതലം**

യോഗങ്ങൾ കൂടി. പ്ലാൻ & ബഡ്ജറ്റ് ചർച്ച ചെയ്ത് തീരുമാനിച്ചു.

**പാളയം, പൂഴിക്കുന്ന്, തൃക്കണ്ണാപുരം ഇടവകകൾ**

പരീക്ഷയ്ക്ക് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കായി 'ഭയം കൂടാതെ എങ്ങനെ പരീക്ഷ എഴുതാം' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നൽകി. ശ്രീ. ജോയി ജോൺ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

**പേരൂർക്കട:** ഫെബ്രുവരി 12 ന് വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി അർദ്ധദിന പരീക്ഷ ഒരുക്കധ്യാനം നടത്തുകയുണ്ടായി. 72 പേർ പങ്കെടുത്തു.

**നന്തൻകോട്:** ഫെബ്രുവരി 19ന് പി.എസ്.സി. വഴി ഉദ്യോഗം ലഭിച്ചതിനും പി.എച്ച്.ഡി. നേടിയതിനും രണ്ട് വ്യക്തികളെ ആദരിക്കുകയുണ്ടായി.

**കഴക്കൂട്ടം ഫെറോന**

ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളുടെ തിരഞ്ഞെടുപ്പും വിവിധ ഇടവകകളിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാഭ്യാസ ശുശ്രൂ

ഷസമിതി അംഗങ്ങൾക്കായുള്ള പരിശീലനവും ഫെബ്രുവരി 5ന് ഞായറാഴ്ച ഉച്ചയ്ക്ക് 2.30ന് മുരുക്കുംപുഴ ഇടവകയിൽ വച്ച് നടത്തുകയുണ്ടായി. ഫെറോന വികാരിയുടെ അധ്യക്ഷതയിലും കഴക്കൂട്ടം കോർഡിനേറ്റർ ലോറൻസ് ലൂക്കാസ് അച്ചന്റെ സാന്നിദ്ധ്യത്തിലും അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ഇമ്മാനുവേൽ പരിശീലനം നൽകി.

ഫെബ്രുവരി 18ന് കാര്യവട്ടം ഇടവകയില വച്ച് ഉച്ചകഴിഞ്ഞ് 3 മണിക്ക് കൺവീനർമാരുടേയും എക്സിക്യൂട്ടീവ് അംഗങ്ങളുടേയും യോഗം നടന്നു. കോർഡിനേറ്റർ റവ. ഫാ. ലോറൻസ് കുലാസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം അടുത്ത മാസങ്ങളിൽ നടത്തുന്ന ഫെറോന-ഇടവകതല പ്രവർത്തനങ്ങളെക്കുറിച്ചും പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു തീരുമാനിച്ചു.

**പുല്ലുവിള ഫെറോനാ**

വിദ്യാഭ്യാസ ശുശ്രൂഷസമതിയുടെ ഫെബ്രുവരി മാസത്തെ പ്രവർത്തന റിപ്പോർട്ട്

**ഫെറോനതലം**

17.2.2023ൽ ഫെറോന വിദ്യാഭ്യാസ സമിതിയുടെ എക്സിക്യൂട്ടീവ് യോഗവും, 19.2.2023 ൽ ഫെറോന വിദ്യാഭ്യാസസമിതിയുടെ ജനറൽ ബോഡിയോഗവും സംഘടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ കഴിഞ്ഞ വർഷത്തെ ഫെറോനതല പ്രവർത്തനങ്ങളുടെവിലയിരുത്തൽ, ഈ വർഷം പ്ലാൻ & ബഡ്ജറ്റിൽ ഊന്നൽ നൽകേണ്ട പ്രവർത്തനങ്ങളായ സിവിൽ സർവീസ്, മോട്ടിവേഷൻ ക്ലാസുകൾ, സ്പോർട്സ് മേഖലാ, വിവിധതരം എൻട്രൻസ് കോച്ചിംഗ്, സ്റ്റുഡൻസ് ഫോറം, ഹെറിറ്റേജ് കമ്മീഷൻതല പ്രവർത്തനങ്ങൾ, മീഡിയ കമ്മീഷന്റെ പ്രവർത്തനങ്ങൾ, ചൈൽഡ് ലൈൻ പ്രവർത്തനങ്ങൾ, വിദേശ ഭാഷനൈപുണ്യം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകുന്നതിനുള്ള ചർച്ചകളും തീരുമാനങ്ങളും കൈക്കൊണ്ടു.

**തുടർപരിപാടി**

നവോദയ സ്കൂളിൽ അഡ്മിഷൻ ആയുള്ള പരിശീലനം അഞ്ചാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് നൽകുന്നു. 29.1.2023 ൽ ഫെറോനാ തലത്തിൽ 14 ഇടവകകളിലെയും എക്സിക്യൂട്ടീവ് അംഗങ്ങൾക്കായി കരിങ്കുളം ഇടവകയിൽ വച്ച് അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷയുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഇമ്മാനുവേൽ, പ്രവർത്തനങ്ങളുടെലക്ഷ്യം, പ്രവർത്തനങ്ങൾ, വിവിധ

മേഖലകളിൽ ഊന്നൽ നൽകികൊണ്ട് ക്ലാസ് നൽകി.ഒപ്പം ഫെറോനാ സമിതി രൂപീകരിക്കുകയും ചെയ്തു

**ഇടവകതലം**

SSLC വിദ്യാർത്ഥികൾക്കായുള്ള നൈറ്റ് സ്റ്റഡി പുല്ലുവിള, കൊല്ലംങ്കോട്, പരുത്തിയൂർ, നമ്പ്യാതി, ലൂർദ് പുരം, എന്നീ ഇടവകകളിൽ നടക്കുന്നു. കൊല്ലംകോട് ഇടവകയിൽ 9.2.2023ൽ പത്താം ക്ലാസ്സിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കൾ 'വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കളുടെ പങ്ക്' എന്ന വിഷയത്തിന്മേൽ ശ്രീ ഷൈജു അലക്സ് ക്ലാസ് നൽകി. S SLC വിദ്യാർത്ഥികൾക്കായി " How to face Exam" എന്ന വിഷയത്തിൽകൊല്ലംകോട്, കരിങ്കുളം, കൊച്ചുതുറ, പുതിയതുറ, അടിമലത്തുറ, പള്ളം എന്ന ഇടവകകളിൽ ശ്രീ സ്റ്റാലിൻ സാർ ക്ലാസ്സ് നൽകി. പരുത്തിയൂർ ഇടവകയിൽ 19.2.2023 ൽ വിദ്യാഭ്യാസ സമിതിയിലെ അംഗങ്ങൾക്ക് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ബി. സി. സി. തലത്തിലും, ഇടവകയിലും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഊന്നൽ നൽകേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ രാജു ടി മൊറായിസ് ക്ലാസ്സ് നൽകി.

ഇടവക സമിതി യോഗം ഫെറോനയിലെ 14 ഇടവകകളിലും നടന്നു.

**വലിയതുറ ഫെറോനാ**

ഫെറോനാതലം

ഫെറോനാകൗൺസിൽയോഗം 15-ാം തീയതി 2 മണിമുതൽ 4.30 വരെ ഫെറോനാ സെന്റർ തോപ്പിൽ വച്ചു കൂടുകയുണ്ടായി. ടീം അംഗങ്ങളുടെ സത്യപ്രതിജ്ഞയും നടന്നു.

**സമിതിയോഗങ്ങൾ**

സെന്റ്സേവ്യേഴ്സ്, വലിയതുറ, തോപ്പ്, വെട്ടുകാട്, കൊച്ചുവേളി, വലിയവേളി, ചെറിയതുറ, കൊച്ചുതോപ്പ് എന്നീ ഇടവകകളിൽ സമിതിയോഗങ്ങൾ കൂടി കാര്യപരിപാടികളെക്കുറിച്ചു ചർച്ച ചെയ്തു. 8, 32, 10, 16, 12, 21, 20 എന്നീ ക്രമത്തിൽ സമിതിയംഗങ്ങൾ ഓരോ ഇടവകയിലും നിന്നും പങ്കെടുത്തു.

**സമിതിയംഗങ്ങൾക്കുള്ള ക്ലാസ്സ്:** പുതിയതായി വന്ന ഓരോ ഇടവകയിലെയും സമിതിയംഗങ്ങൾക്ക് തോപ്പ്, കൊച്ചുതോപ്പ് എന്നീ ഇടവകകളിലെ സമിതിയംഗങ്ങൾക്ക് തോപ്പിടവകയിലെ ശ്രീ.ക്ലമന്റ് ക്ലാസ്സ് എടുത്തു. കൊച്ചുതോപ്പിൽ 15-ാം തിയതി 5.30 മണിക്ക് ക്ലാസ്സ് ആരംഭിച്ചു. ഇതിൽ 26 അംഗങ്ങൾ പങ്കെടുത്തു. പവർ പോയിന്റ് പ്രസന്റേഷനിലൂടെ വിദ്യാഭ്യാസ ലക്ഷ്യം, പ്രവർത്തനം ഊന്നൽ

സമന്വയ

നൽകേണ്ട മേഖലകൾ എന്നിവയെക്കുറിച്ചു ക്ലാസ്സെടുത്തു.

How to face exam orientation class

കൊച്ചുതോപ്പ് ഇടവകയിലെ എസ്.എസ്.എൽ.സി., +2 പരീക്ഷ എഴുതാൻ ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കായി സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ അധ്യാപകനായ ജോയ് ജോൺ സാർ 18-ാം തീയതി രാവിലെ 10 മണി മുതൽ How to face exam orientation class എടുത്തു ക്ലാസിൽ 65 വിദ്യാർത്ഥികൾ പങ്കെടുത്തു.

**കണ്ണാന്തുറ:** 19-ാം തിയതി രാവിലെ 10 മണിക്ക് എസ്.എസ്.എൽ. സി., +1, +2 പരീക്ഷ എഴുതാൻ ഒരുങ്ങുന്ന 46 വിദ്യാർത്ഥികൾ പങ്കെടുത്തു. ക്ലാസ് നയിച്ചത് ലയോള കോളേജിലെ പ്രൊഫസർ ആയിരുന്നു.

**ത്രിഭാഷപരിജ്ഞാനം:** വലിയതുറ സ്കൂളിലെ 8-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസുവരെയുള്ള അക്ഷരാഭ്യാസം കുറഞ്ഞ വിദ്യാർത്ഥികൾക്കായി തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസങ്ങളിൽ ഓരോ മണിക്കൂർ ഇംഗ്ലീഷ്, മലയാളം, ഹിന്ദി, കണക്ക് എന്നിവ പഠിപ്പിച്ചു വരുന്നു. കഴിഞ്ഞമാസം 15 ക്ലാസ്സുകൾ ക്രമീകരിച്ചു. 96 പങ്കെടുക്കുന്നു.

**ഈവനിംഗ് സ്റ്റഡി:** വെട്ടുകാട്, വലിയതുറ എന്നീ സ്കൂളുകളിൽ 3.30 മുതൽ 5.30 വരെയുള്ള സമയങ്ങളിൽ ഈവനിംഗ് സ്റ്റഡി നടന്നുവരുന്നു. ഇടവകതലത്തിൽ വലിയതുറ 16 കുട്ടികൾ എന്ന ക്രമത്തിൽ നൈറ്റ് സ്റ്റഡിയും നടന്നുവരുന്നു. കുട്ടികളുടെ എണ്ണം കൂട്ടുന്നതിനായി വാർഡ്തലത്തിലും യൂണിറ്റ്തലത്തിലും ഭവനസന്ദർശനം നടന്നു വരുന്നു. പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നതിനായ് ബന്ധപ്പെട്ട് തോപ്പ്, കൊച്ചുതോപ്പ് എന്നീ ഇടവകകളിൽ 19, 20 തിയതികളിൽ ഇവകകളിൽ പോയി വേണ്ട സഹായം ചെയ്തു.

**തൂത്തൂർ ഫെറോന**

**ഇടവകതല പ്രവർത്തനങ്ങൾ**

**ചിന്നത്തുറ:** 10, 11, 12 ക്ലാസിലെ കുട്ടികൾക്കായി ഈവനിംഗ് സ്റ്റഡി 4.30 മുതൽ 6 മണിവരെ നടത്തുന്നു. ഇതിൽ 86 കുട്ടികൾ പങ്കെടുത്തു. പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്തു.

തൂത്തൂർ: 10, 11, 12 ക്ലാസിലെ വിദ്യാർത്ഥികൾക്കായ് How to face exam awareness class സംഘടിപ്പിച്ചു. ഇതിൽ 245 വിദ്യാർത്ഥികൾ പങ്കെടുത്തു. ഈവനിംഗ് സ്റ്റഡി 4.30 മുതൽ 1 മണി വരെ നടന്നു

വരുന്നു. 132 വിദ്യാർത്ഥികൾ പങ്കെടുത്തു.

മാർത്താണ്ഡം, പൂന്തുറ എന്നീ ഇടവകകളിൽ ഈവനിംഗ് സ്റ്റഡി നടക്കുന്നു. 72, 36 എന്നീ ക്രമത്തിൽ എസ്.എസ്.എൽ.സി., +2 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. 4.30 മുതൽ 7 മണിവരെയാണ് സമയം.

**ഫെറോനാതലം**

ജനുവരി 29ന് റവ. ഫാ. സാബിന്റെ നേതൃത്വത്തിൽ സമിതിയോഗം കൂടി. 7 അംഗങ്ങൾ പങ്കെടുത്തു. പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നതിനും, മോട്ടിവേഷൻ ക്ലാസ് നൽകാനും റ്റി.എൻ/ പി.എസ്.സി. കോച്ചിംഗ് ക്ലാസ് എല്ലാ മാസവും നടത്താൻ തീരുമാനിച്ചു.

ഇരയിമ്മൻതുറ, പൂത്തുറ, തൂത്തൂർ, ചിന്നത്തുറ, ഇരയിമ്മൻതുറ, വള്ളവിള, മാർത്താണ്ഡൻതുറ, നീരോടി എന്നിവിങ്ങളിൽ ഇടവക എക്സിക്യൂട്ടീവ് ഇലക്ഷൻ നടന്നു.

വള്ളവിള ഇടവകയിൽ ലീഡർഷിപ്പിനെക്കുറിച്ചുള്ള മോട്ടിവേഷൻ ക്ലാസ് നൽകി ഇതിൽ 165 വിദ്യാർത്ഥികൾ പങ്കെടുത്തു.

26, 20, 16, 12 എന്നീ തീയതികളിൽ ഇരയിമ്മൻതുറ, വള്ളവിള, മാർത്താണ്ഡൻതുറ എന്നീ ഇടവകകളിൽ നടത്തി. ഫാ. റിച്ചാർഡ് ക്ലാസ് നയിച്ചു. 10, 60, 85 എന്നീ ക്രമത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു.

**അഞ്ചുതെങ്ങ് ഫെറോന**

അഞ്ചുതെങ്ങ് ഫെറോന വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ നിന്നും തെരഞ്ഞെടുത്ത വിദ്യാഭ്യാസ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ഫെബ്രുവരി 4 ശനിയാഴ്ച 2.30ന് അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ അസി. ഡയറക്ടർ റവ. ഫാ. ഇമ്മാനുവേൽ അവർകൾ പരിശീലനം നൽകുകയും തുടർന്നു ഫെറോന എക്സിക്യൂട്ടീവ് സമിതി രൂപീകരിക്കുകയും ചെയ്തു.

ഫെറോന സമിതയുടെ നേതൃത്വത്തിൽ ഫെബ്രുവരി 14ന് എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കായി ആത്മവിശ്വാസത്തോടെ എഴുതാം പരീക്ഷ എന്ന വിഷയത്തിൽ മേൽ ക്ലാസ് നയിച്ചത് ശ്രീ. സൗമ്യ ടീച്ചർ 98 കുട്ടികൾ പങ്കെടുത്തു.

ഇടവകതലം: 10 ഇടവകകളിലും എക്സിക്യൂട്ടീവ് തെരഞ്ഞെടുപ്പ് നടത്തി. സമിതിയോഗം 7 ഇടവകകളിൽ നടന്നു. എസ്.എസ്.എൽ. സി., +2 വിദ്യാർത്ഥികൾക്കായി How to face exam class ഫെബ്രുവരി

12ന് വെന്നികോട് നടത്തി. ഫാ. മനേഷ് ജെറാൾഡ്, ഫാ. ഡൊമി നിക് ജോസഫ് 35 കുട്ടികൾ പങ്കെടുത്തു. 19-ാം തീയതി പൂത്തുറ ഇടവകയിൽ നടന്നു. 38 കുട്ടികൾ പങ്കെടുത്തു. ക്ലാസ് നയിച്ചത് ശ്രീ. സൗമ്യ ടീച്ചർ

**ഫാ. ഡൈസൻ**
**ഡയറക്ടർ**

## കെ.സി.എസ്.എൽ. & ചൈൽഡ് കമ്മീഷൻ

**വാർഷിക ദിനാഘോഷവും സമ്മാന ദാനവും**

2022-23 പ്രവർത്തന വർഷത്തെ വാർഷിക ദിനാഘോഷവും സമ്മാന ദാനവും 2023 ഫെബ്രുവരി 7-ാം തീയതി വെള്ളയമ്പലം പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. രാവിലെ ആരംഭിച്ച പരിപാടി തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാൻ റവ. ഡോ. ക്രിസ്തുദാസ് ഉത്ഘാടനം ചെയ്തു. തുടർന്ന് ഈ വർഷം നടത്തിയ സാഹിത്യോത്സവം, കലോത്സവം, ക്രെദോ ക്വിസ് എന്നി വയിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

എക്സിക്യൂട്ടീവ് മീറ്റിംഗ്

2023 ജനുവരി 24 ഫെബ്രുവരി 7-ാം തീയതി കെ.സി.എസ്. എൽ. ഓഫീസിൽ വച്ച് ഡയറക്ടർ ഫാ. നിജു അജിത്തിന്റെ നേതൃ ത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയുണ്ടായി. 2023-2024 പ്രവർത്തന വർഷത്തേക്കായുള്ള പ്ലാൻ ആന്റ് ബജറ്റ് ആയിരുന്നു യോഗത്തിന്റെ പ്രധാന ചർച്ചാ വിഷയം. ഈ വർഷത്തെ പ്രവർത്ത നങ്ങൾ വിലയിരുത്തുകയും അടുത്ത വർഷത്തേക്കായുള്ള പ്ലാൻ ആന്റ് ബജറ്റ് തയ്യാറാക്കി ക്രമപ്പെടുത്തുകയും ചെയ്തു.

**ഫാ. നിജു അജിത്ത്**
**എക്സിക്യൂട്ടീവ് സെക്രട്ടറി**

## മീഡിയ കമ്മീഷൻ

സഭാപരമായി പ്രാധാന്യമുള്ള വാർത്തകൾ, വാർത്താധി ഷ്ഠിത വിചിന്തനങ്ങൾ, അഭിപ്രായങ്ങൾ, വിശുദ്ധരുടെ തിരുനാളു കൾ, വിശേഷദിവസങ്ങൾ, നിർദ്ദേശങ്ങൾ ഇവയൊക്കെയും സമയാ സമയങ്ങളിൽ മാധ്യമ സംവിധാനങ്ങളിലൂടെ ജനങ്ങളിലേക്കെ ത്തിക്കാൻ മാധ്യമ കമ്മീഷൻ പ്രവർത്തനം തുടരുന്നു.

* കഴിഞ്ഞ മാസം 8 ഇടവക തിരുനാളുകൾ, 2 ജ്ഞാനസ്നാനം, ധ്യാനം, വിവാഹം എന്നിവ അതിരൂപത മാധ്യമ കമ്മീഷൻ

യൂട്യൂബ് ചാനലിലൂടെ തൽസമയ സംപ്രേക്ഷണം ചെയ്തു.



* ശുശ്രൂഷ സമിതി പരിപാടികൾ ഷൂട്ട് ചെയ്ത് വാർത്താ വീഡിയോ തയ്യാറാക്കി ചാനലിൽ അപ്ലോഡ് ചെയ്തു. പ്രധാന വാർത്തകൾ ന്യൂസ് സ്റ്റോറി ആക്കിയും പുറത്തിറക്കി. ശുശ്രൂഷാ സമിതികളുടെ ആവശ്യ പ്രകാരം പരിപാടികളുടെ ഫോട്ടോ കവറേജ് ചെയ്തു.
* ദിനം പ്രതിയുള്ള പതിവു പരിപാടികൾ സുവിശേഷ ഭാഗങ്ങൾ ഓഡിയോ വിഷ്വൽ രൂപത്തിലും, പ്രഭാത പ്രാർത്ഥന, വചനോദയം, പ്രതിവചന സങ്കീർത്തനം, പ്രാർത്ഥനാ പോസ്റ്ററുകൾ, ആഴ്ച യിലൊരിക്കലെ എൽറോയ് എന്നീ പരിപാടികൾ കൂടാതെ കുരിശിന്റെ വഴി വിചിന്തനങ്ങളും, ഇംഗ്ലീഷ് വചനവിചിന്തന ങ്ങളും പുതുതായി നൽകാനാരംഭിച്ചു. ചെറിയ വീഡിയോകൾ ക്കുള്ള ജനപ്രീതി മനസ്സിലാക്കി കൂടുതൽ ഷോർട് വീഡിയോ കൾ നൽകാനാരംഭിച്ചു.
* അതിരൂപതയിലെ പ്രധാന വാർത്തകൾ, അറിയിപ്പുകൾ, പരി പാടികൾ, നിർദ്ദേശങ്ങൾ എന്നിവ വാർത്താ രൂപത്തിൽ Arch TVM ന്യൂസ് പോർട്ടലിലൂടെ നൽകി. 47 വാർത്തകൾ കഴിഞ്ഞ മാസം ന്യൂസ് പോർട്ടലിലൂടെ പ്രസിദ്ധീകരിച്ചു.
* മാധ്യമ കമ്മീഷന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും മുന്നോട്ടുള്ള പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്താനുമുള്ള ബോർഡ് മീറ്റിംഗ് ഫെബ്രുവരി 6 ന് നടന്നു. 20232024 വർഷത്തെ പ്ലാൻ ആൻഡ് ബഡ്ജറ്റിലേക്ക് ഉൾക്കൊള്ളിക്കേണ്ട വിഷയങ്ങൾ മീറ്റിംഗിൽ ചർച്ച ചെയ്തു തീരുമാനിച്ചു.
* അതിരൂപതയുടെ ഔദ്യോഗിക ജിഹ്വയായ ജീവനും വെളിച്ചവും മാസികയുടെ എഡിറ്റോറിയൽ ബോർഡ് യോഗം ഫെബ്രുവരി 6-ാം തിയതി ചേർന്നു.
* ഫെബ്രുവരി മാസം ബെനഡിക്റ്റ് പതിനാറാമൻ പാപ്പയുടെ വിയോഗത്തെ ആസ്പദമാക്കിയുള്ള പ്രത്യേകപതിപ്പ് പ്രസിദ്ധീ കരിച്ചു.
* മാസികയുടെ സബ്സ്ക്രിപ്ഷൻ കൂട്ടുന്നതിന്റെ ഭാഗമായി ഫെബ്രു വരി 12 ന് പൂഴിക്കുന്ന് ഇടവകയിൽ സന്ദർശനം നടത്തി. സർക്കു ലേഷൻ ഡ്രൈവ് ജീവസമൃദ്ധി സംഘടിപ്പിച്ചു.

**ഫാ. ദീപക് ആന്റോ**
**എക്സിക്യൂട്ടീവ് സെക്രട്ടറി**

# സാമൂഹ്യ ശുശ്രൂഷ

## I നീതി സമാധാനം വികസന കമ്മീഷൻ

## കാര്യശേഷി വികസന വിഭാഗം

1. സെക്ഷൻ തലവന്മാരുടെ യോഗം 02/02/2023 ൽ റവ. ഫാ. ആഷ്ലിന്റെ നേതൃത്വത്തിൽ കൂടി. 2023-24 ഫോക്കസ് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.
2. 09/02/2023-ൽ സ്റ്റഡി സെഷൻ സംഘടിപ്പിച്ചു. കാര്യശേഷിവികസന വിഭാഗം, അടിസ്ഥാന സൗകര്യവികസനം, സ്ത്രീകളും കുട്ടികളും വിഭാഗം, ആരോഗ്യം, തൊഴിൽ, പ്രവാസി കാര്യ കമ്മീഷൻ, ഫിഷറീസ് മിനിസ്ട്രി എന്നിവയുടെ 2023-24 ലേക്കുള്ള പ്രവർത്തനങ്ങളുടെ ഫോക്കസ് ഏരിയ സ്റ്റാഫ് അംഗങ്ങൾ 8 വിഭാഗങ്ങളായി തിരിഞ്ഞ് ചർച്ച ചെയ്യുകയും അതിന്റെ അവതരണം നടത്തുകയും ചെയ്തു.
3. സ്റ്റഡി സെക്ഷനിൽ സ്റ്റാഫ് അംഗങ്ങളെ 8 ഗ്രൂപ്പുകളായി തിരിച്ച് ജനറൽ നോളഡ്ജ് അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തി. ശ്രീ. സുനിൽ ജോൺ സർ ആയിരുന്നു. ക്വിസ് മാസ്റ്റർ.
4. ഫെബ്രുവരി 11ന് റവ. ഫാ. ആഷ്ലിൻ ജോസ് സൗജന്യ പി. എസ്.സി. പരിശീലനം ഉത്ഘാടനം ചെയ്തു. എല്ലാ ശനിയാഴ്ചയും റ്റി.എസ്.എസ്.എസ്. ഓഫീസിൽ വച്ച് സൗജന്യ പി. എസ്.സി. പരിശീലനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ശ്രീ. സുനിൽ ജോൺ സർ പരിശീലനത്തിനു നേതൃത്വം നൽകി. 23 കുട്ടികൾ പരിശീലനത്തിൽ പങ്കെടുത്തു ഫെബ്രുവരി 18നും പരിശീലനം സംഘടിപ്പിച്ചു.
5. ഫെബ്രുവരി 5ന് ആനിമേറ്റർമാരുടെ റിപ്പോർട്ടവതരണം നടന്നു.
6. ഫെബ്രുവരി 5ന് റവ. ഫാ. സ്റ്റാലിൻ ഫെർണാണ്ടസിന്റെ അദ്ധ്യക്ഷതയിൽ സാമൂഹ്യശുശ്രൂഷാ ജനറൽ ബോഡി യോഗം നടന്നു. സാമൂഹ്യ ശുശ്രൂഷയുടെ ദർശനം, ദൗത്യം എന്നിവയെക്കുറിച്ച് ഫാ. സ്റ്റാലിൻ ക്ലാസ് നൽകി. കാര്യശേഷിവികസനം വിഭാഗം കോർഡിനേറ്റർ ശ്രീമതി ലീജയുടെ നേതൃത്വത്തിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു.
7. ഫെബ്രുവരി 5ന് പേട്ട ഫെറോനയിലും ജനറൽ ബോഡിയും പുതിയ ഭരണസമിതി തെരഞ്ഞെടുപ്പും ഫാ. ജറാൾഡ് സാവിയോയുടെ അദ്ധ്യക്ഷതയിൽ നടന്നു. ഫാ. ആഷ്ലിൻ നവനേ

തൃത്വത്തിനു ക്ലാസ് നൽകി.

8. ഫെബ്രുവരി 19ന് കോവളം ഫെറോനയിൽ റവ. ഫാ. ജനിസ്റ്റിന്റെ അദ്ധ്യക്ഷതയിൽ ജനറൽ ബോഡിയോഗവും ഇലക്ഷനും നടന്നു.

9. തൂത്തൂർ, പുല്ലുവിള, കോവളം, വലിയതുറ, പുതുക്കുറിച്ചി, അഞ്ചുതെങ്ങ് ഫെറോനകളിൽ ഫെറോന പ്രവർത്തകയോഗം നടന്നു.

10. പുതുക്കുറിച്ചി ഫെബ്രുവരി 4, വലിയതുറ ഫെബ്രുവരി 5, പാളയം ഫെബ്രുവരി 5, തൂത്തൂർ ഫെബ്രുവരി 11, അഞ്ചുതെങ്ങ് ഫെബ്രുവരി 13, പുല്ലുവിള ഫെബ്രുവരി 13 ഫെറോനകളിൽ ഫെറോന എക്സിക്യൂട്ടീവ് യോഗം ബഹുമാനപ്പെട്ട വൈദീക കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നടന്നു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**

1. സ്വയം സഹായ സംഘങ്ങളുടെ 2023-25 കാലഘട്ട ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് എന്നതായിരുന്നു ഡിസംബർ ജനുവരി മാസങ്ങളിലെ പ്രധാന പ്രവർത്തനം

2. 808 സംഘങ്ങളിൽ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. 30 ഇടവകതല ഫെഡറേഷനുകൾ പുതിയ ഭാരവാഹികൾ ഏറ്റെടുക്കുകയും ചെയ്തു.

രൂപത എക്സിക്യൂട്ടീവ് ബോഡി അംഗങ്ങളായി താഴെ കാണിച്ചിരിക്കുന്ന വ്യക്തികൾ തിരഞ്ഞെടുക്കപ്പെട്ടു:

സ്വയം സഹായ സംഘം രൂപ എക്സിക്യൂട്ടീവ് ഭാരവാഹികൾ പ്രസിഡന്റ്: സുശീല, പുല്ലുവിള, സെക്രട്ടറി: നിഷ മോൾ, കോവളം, ട്രഷറർ/ വരുമാനദായക കൺവീനർ: ഷെറിൻ, പുതുക്കിറിച്ചി, കാര്യശേഷി വികസന കൺവീനർ: ശാലിനി, പാളയം, ആരോഗ്യ കാര്യ കൺവീനർ: വിജില, വലിയതുറ അടിസ്ഥാന സൗകര്യ വികസനം പരിസ്ഥിതി കൺവീനർ: ഡയാന, അഞ്ചുതെങ്ങ്, ജെൻഡർ കൺവീനർ: മനില, പേട്ട എക്സിക്യൂട്ടീവ് മെമ്പർ: റാണി പത്രോസ്, തൂത്തൂർ.

**II കുടുംബോദ്ധാരണ പദ്ധതി പ്രവർത്തനങ്ങൾ**

* ഡിസംബർ 14ന് ഓഖി സർവ്വേയ്ക്ക് സഹായകമായ ഗൈഡ് ലൈൻ തിരുത്തുന്നതിനും, കൂട്ടിച്ചേർക്കുന്നതിനുമുള്ള യോഗം ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ മേരിജോൺ സാറിന്റെയും കപ്പാസിറ്റി കോർഡിനേറ്ററുടേയും, ഓഖി കോർഡിനേറ്ററുടെയും

സാന്നിധ്യത്തിൽ റ്റി.എസ്.എസ്.എസ്. ൽ വച്ചു നടന്നു.

* ഓഖി സർവ്വേയ്ക്ക് ആവശ്യമായ എല്ലാ വിവരങ്ങളും കമ്പ്യൂട്ടറിൽ നിന്നും ബന്ധപ്പെട്ടവരിൽ നിന്നും കണ്ടെത്തുകയും എല്ലാ വിവരങ്ങളുടെയും ഹാർഡ് കോപ്പി ശേഖരിക്കുകയും ചെയ്തു.
* ഡിസംബർ 22ന് ഓഖി സർവ്വേയ്ക്ക് സഹായകമായ ഹൈഡ് ലൈനിൽമേൽ വ്യക്തത നൽകുന്നതിനായി തൂത്തൂർ, പുല്ലുവിള, കോവളം, വലിയതുറ, പുതുക്കുറിച്ചി ഫെറോനകളിലെ ആനിമേറ്റർമാർക്കും സബ് ആനിമേറ്റർ, മാർക്കും റ്റി.എസ്.എസ്.എസ്. ൽ വച്ച് യോഗം സംഘടിപ്പിച്ചു. കപ്പാസിറ്റി കോർഡിനേറ്ററുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ഓഖി കോർഡിനേറ്ററുടെ സഹകരണവും ഉണ്ടായിരുന്നു.
* ഓഖി ഗുണഭോക്താവ് പൂത്തുറ സ്വദേശി രത്നമ്മ മരണമടഞ്ഞതിനെ തുടർന്ന് ഇവരുടെ പ്രതിമാസ സഹായം ബാങ്കിൽ നിക്ഷേപിക്കാതെ ഇവരുടെ കൊച്ചുമകൻ ഷാരോണിന്റെ പഠനാവശ്യത്തിനായി നൽകാമെന്ന് മുൻ ഡയറക്ടർ ഫാ. സാബാസ് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 29ന് പൂത്തുറയിലെ ഇടവക വികാരി ഫാ. ബെൻസിഗറിനെ കോർഡിനേറ്റർ നേരിൽ കണ്ട് കാര്യങ്ങൾ ബോധിപ്പിക്കുകയും ഷാരോണിന്റെ ഭവനം സന്ദർശിക്കുകയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തു.
* ഗുണഭോക്താക്കളുടെ പ്രതിമാസ സഹായമായ 10,42,200 രൂപ (6 മാസത്തെ സഹായം) അവരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു.
* പുതുക്കുറിച്ചി, വലിയതുറ, കോവളം, പുല്ലുവിള, തൂത്തൂർ എന്നീ 5 ഫെറോനകളിൽ നിന്നായി ഓരോ ഫെറോനയിൽ നിന്നും ഒന്നു വീതം എന്ന ക്രമത്തിൽ ആനിമേറ്റർമാരുടെ സഹായത്തോടെ അഞ്ച് കുടുംബങ്ങളുടെ സാമ്പിൾ സർവ്വേ ശേഖരിച്ചു.
* സാമ്പിൾ സർവ്വേ വഴി ശേഖരിച്ച വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തിയപ്പോൾ ഗൈഡ് ലൈനിലെ ചില സൂചികകളിൽ മേൽ വ്യക്തത വരാത്തതിനാലും അനാവശ്യ ചോദ്യങ്ങൾ ഒഴിവാക്കാനും ചോദ്യങ്ങളും, സൂചികകളും കൂട്ടിച്ചേർക്കാനുമായി മേരിജോൺ സാറിന്റെ നേതൃത്വത്തിലും ഓഖി കോർഡിനേറ്ററുടെയും ആനിമേറ്ററുടെയും സാന്നിധ്യത്തിലും ജനുവരി31, ഫെബ്രുവരി 2, ഫെബ്രുവരി 3 എന്നീ ദിവസങ്ങളിൽ റ്റി.എസ്.

എസ്.എസ്. ൽ വച്ച് യോഗം കൂടുകയും ഗൈഡ് ലൈനിന്റെ അവസാനഘട്ട മിനുക്കുപണികൾ പൂർത്തിയാക്കുകയും ചെയ്തു.

* ഓഖി ഗുണഭോക്താവ് രത്നമ്മ മരണമടഞ്ഞതിനെ തുടർന്ന് ഇവരുടെ 6 മാസത്തെ പ്രതിമാസ സഹായമായ 6000/- രൂപ അനാഥനും വിദ്യാർത്ഥിയും, ഇവരുടെ കൊച്ചു മകനുമായ ഷാരോണിന്റെ സ്കൂളില കോർഡിനേറ്റർ അഡ്മിഷൻ ഫീസായി അടച്ചു.

**III ഓഖി സേവ് എ ഫാമിലി പ്രവർത്തനങ്ങൾ 2022-23**

* ഡിസംബർ 16ന് പള്ളം കമ്മ്യൂണിറ്റി ഹാളിൽ വച്ച് ഓഖി എസ്.എ.എഫ്.പി. ഗുണഭോക്താക്കളുടെ കൂടി വരവും, ബോധവത്കരണ ക്ലാസും ക്രിസ്മസ് ആഘോഷവും സംഘടിപ്പിച്ചു. Adv. Lijo Jose സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളും നിയമങ്ങളും എന്ന വിഷയത്തിൻമേൽ ബോധവത്കരണം നൽകി. ക്രിസ്മസ് ആഘോഷം റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ് ഉത്ഘാടനം ചെയ്തു. ക്രിസ്തുമസ് സന്ദേശം പള്ളം ഇടവക വികാരി ഫാ. ബിജിൻ നൽകി. സിസ്റ്റർ മെഡോണ, സിസ്റ്റർ ബീന എന്നിവര ആശംസകൾ അറിയിച്ചു. ഓഖി കോർഡിനേറ്ററുടെയും, ഫെറോന കോർഡിനേറ്ററുടെയും സഹായസഹകരണവും ഉണ്ടായിരുന്നു. കൊല്ലങ്കോട്, പരുത്തിയൂർ, പൂവാർ, പുതിയതുറ, പള്ളം, പുല്ലുവിള, അടിമലത്തുറ ഇടവകകളിൽ നിന്നായി 17 ഗുണഭോക്താക്കൾ പങ്കെടുത്തു.
* ഡിസംബർ 19ന് തൂത്തൂർ, പുല്ലുവിള, ഫെറോനകളിൽ ആക്ടിവിറ്റി പ്ലാനിലും, ഡോണേഴ്സിന് അയക്കാനുള്ള ക്രിസ്മസ് കാർഡിലും ഒപ്പിടാത്ത ഗുണഭോക്താക്കളെ നേരിൽ സന്ദർശിച്ച് ഒപ്പ് ശേഖരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
* കോവളം, പുല്ലുവിള, വലിയതുറ, തൂത്തൂർ ഫെറോനകളിലെ 38 ഗുണഭോക്താക്കളുടെ Yearly Activity Plan തയ്യാറാക്കി കോർഡിനേറ്ററിനെ ഏൽപ്പിച്ചു.
* തൂത്തൂർ ഫെറോനയിലെ 46 ഗുണഭോക്താക്കളുടെ Fund Application Forum റെഡിയാക്കി.

**IV 'കാരുണ്യപൂർവ്വം കുടുംബോദ്ധാരണ' പദ്ധതി**

**ഡോണർ സംഗമം**

സമന്വയ

ജനുവരി 2ന് വെള്ളയമ്പലം റ്റി.എസ്.എസ്.എസ്. ഓഫീസിൽ വച്ച് റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസിന്റെ അദ്ധ്യക്ഷതയിൽ 'കാരുണ്യപൂർവ്വം' പദ്ധതിക്ക് കൈത്താങ്ങായ ബനഫാക്ടർമാരുടെ സംഗമം നടന്നു. പദ്ധതി ലക്ഷ്യത്തെക്കുറിച്ചും കുടുംബങ്ങളിലെ ഇടപെടലുകളെക്കുറിച്ചും അച്ചൻ പറയുകയും ബെനഫാക്ടർമാർക്ക് അഭിനന്ദനം അറിയിച്ചു സമ്മാനങ്ങൾ നൽകുകയും ചെയ്തു.

* പുല്ലുവിള, തൂത്തൂർ, പുതുക്കുറിച്ചി ഫെറോനകളിലെ 29 ഗുണഭോക്താക്കൾ സ്വയം തൊഴിലുകൾ വിപുലീകരിക്കുന്നതിനായി 2,57,942 രൂപ അക്കൗണ്ടിൽ നിന്നും ഫണ്ട് പിൻവലിച്ചു.
* ജനുവരി 29ന് അഞ്ചുതെങ്ങ് ഫെറോനയിലെ വെണ്ണികോട്, മൂങ്ങോട്, അഞ്ചുതെങ്ങ് എന്നീ ഇടവകകളിൽ ഇടവക വികാരിമാരുടെ അദ്ധ്യക്ഷതയിൽ ഇടവകതല ഗുണഭോക്താക്കളുടെ യോഗം നടന്നു. യോഗത്തിൽ അംഗങ്ങളുടെ സ്വയം തൊഴിലുകൾ പരിചയപ്പെടുത്തുകയും വിലയിരുത്തുകയും ചെയ്തു.
* പുല്ലുവിള, പേട്ട, പാളയം, തൂത്തൂർ, പുതുക്കുറിച്ചി എന്നീ ഫെറോനകളിലെ 23 ഗുണഭോക്താക്കളുടെ ഭവനസന്ദർശനം നടത്തി. പുതിയ അപേക്ഷകരോട് പദ്ധതി ഉദ്ദേശലക്ഷ്യത്തെക്കുറിച്ച് പറയുകയും സ്വയം തൊഴിൽ ചെയ്യുന്ന ഗുണഭോക്താക്കളുടെ സംരംഭങ്ങൾ കണ്ട് മനസ്സിലാക്കുകയും ചെയ്തു.

## V സാമൂഹ്യ സുരക്ഷാ പദ്ധതി

പദ്ധതി ഏരിയായിലെ 3 ക്യാൻസർ രോഗികൾക്ക് പാലിയേറ്റീവ് കെയർ കൊടുത്തു വരുന്നു.

* 10 മാസമായി മുടങ്ങിക്കിടന്ന പെൻഷൻ 12 പേർക്ക് ലഭ്യമാക്കി.
* പദ്ധതി ഏരിയായിലെ 5 കുടുംബങ്ങളുടെ പ്രശ്നങ്ങളിൽ സ്റ്റാഫും കമ്മ്യൂണിലിഫേഴ്സും ഇടപെട്ട് പ്രശ്നം ഒത്തു തീർപ്പാക്കി.
* 4, 24 എന്നീ തീയതികളിൽ പൂവാർ, കരുംകുളം, കോട്ടുകാൽ എന്നീ പഞ്ചായത്തുകളിലെ വികസന സെമിനാറിൽ 60 ... അംഗങ്ങളെ പങ്കെടുപ്പിച്ചു. വിവിധ പദ്ധതികളിൽ പങ്കാളികൾ ആക്കുകയും ചെയ്തു.
* പരണീയം കൃഷിഭവൻ സന്ദർശിച്ചു സൗജന്യമായിട്ട് 50 പപ്പായതൈ ലഭിച്ചു.

* 3, 13 എന്നീ തീയതികളിൽ കരുംകുളം, പൂവാർ– ലെ 3 റേഷൻ കടകൾ സന്ദർശനം നടത്തിയ നിന്റെ ഫലമായി 2 അംഗങ്ങൾ റേഷൻ വിഹിതം കൈപ്പറ്റില്ലെന്നറിയിക്കുകയും അവരെ നേരി ചെന്ന് കണ്ടു വൃദ്ധരും രോഗികളുമായ് അവർക്ക് പോകാൻ പറ്റാത്ത അവസ്ഥയിൽ ആയതുകൊണ്ട് റേഷൻ വീട്ടിൽ എത്തിച്ച് കൊടുക്കുകയും ഇനിയുള്ള മാസങ്ങളിൽ വേണ്ട ക്രമീ കരണം നടത്തുകയും ചെയ്തു.

  ജനുവരി 22ന് 26 കൗമാര കുട്ടികൾക്ക് ലൗഫ് സ്കിൽ ട്രെയി നിംഗ് ക്ലാസ്സ് നൽകി.

* കഠിനംകുളം പഞ്ചായത്തിലെ 15 ക്ലാസ് നടന്നു. ഇ.എസ്.പി. പ്രോജക്റ്റിന്റെ കോഡിനേറ്റർ നൽകി.

**മദ്യം/ പരിസ്ഥിതി കമ്മീഷൻ**

**പരിസ്ഥിതി പ്രവർത്തനങ്ങൾ**

1. വലിയതുറ, പാളയം, പേട്ട, കോവളം, തൂത്തൂർ ഫെറോയിലെ 500 കുട്ടികൾക്ക് ഔഷധ ചെടികൾ വിതരണം ചെയ്തു.
2. നീരോടി,പൂവാർ, വലിയതുറ, ബീമാപള്ളി, പൂത്തുറ പ്രദേശ ങ്ങളിൽ ഹർതകർമ്മ സേനയുടെ മാലിന്യ സംസ്കരണ പ്രവർ ത്തങ്ങൾ നടന്നു വരുന്നു.
3. പുതിയതുറ, കൊച്ചുതുറ, പൂവാർ, കൊല്ലംകോട്, തുമ്പ, പൂത്തുറ, കുലശേഖരം, പള്ളം ഇടവകകളിൽ പരിസ്ഥിതി സംരക്ഷണ ത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.
4. കുലശേഖരം ഇടവകയില ജൈവകൃഷി പരിശീലനവും വിത്ത് & ഗ്രോ ബാഗും നൽകി.
5. ചെറിയതുറ, പുന്നമൂട് ഇടവകകളിൽ തുണി സഞ്ചി യൂണിറ്റ് ആരംഭിച്ചു.
6. നമ്പ്യാതി, കരിച്ചിൽ ഇടവകകളിൽ ജൈവകൃഷി പ്രവർത്തന ങ്ങൾ നടന്നു വരുന്നു.
7. പുതുക്കുറിച്ചി ഫെറോനയിൽ 14 ബയോഗ്യാസ് നൽകി.

**തൊഴിൽ കാര്യ കമ്മിഷൻ**

1. കോവളം ജനുവരി 8, അഞ്ചുതെങ്ങ് ജനുവരി 14, പാളയം ജനു വരി 1 ഫെറോനകളിൽ തൊഴിൽക്കാര്യ കമ്മീഷൻ ഫെറോന എക്സിക്യൂട്ടീവ് യോഗങ്ങൾ നടന്നു.

സമന്വയ

2. 45 ഇടവകകളിൽ കെ.എൽ.എം. ഇടവകതല എക്സിക്യൂട്ടീവ് യോഗങ്ങൾ നടന്നു.
3. ജനുവരി 22 മാമ്പള്ളി ഇടവകയിൽ പുതിയ കെ.എൽ.എം. യൂണിറ്റ് രൂപീകരിച്ചു.
4. പരുത്തിയൂർ, അഞ്ചുതെങ്ങ്, വെന്നിക്കോട്, വിഴിഞ്ഞം ഇടവകകളിൽ തയ്യൽ തൊഴിലാളി ഫോറം യോഗങ്ങൾ നടന്നു.
5. പരുത്തിയൂർ ഇടവകയിൽ മോട്ടോർ വാഹന തൊഴിലാളി ഫോറം യോഗം നടന്നു.
6. വെന്നിക്കോട്, മര്യനാട് ഇടവകകളിൽ കർഷക ഫോറം യോഗം നടന്നു.
7. കാരക്കാമണ്ഡപം ഇടവകയിൽ കെട്ടിട നിർമ്മാണ തൊഴിലാളി ഫോറം യോഗം നടന്നു.
8. ജനുവരി 8, ജനുവരി 14 താഴമ്പള്ളി, അരയതുരുത്തി മാതൃക കൃഷിത്തോട്ടം രൂപത ഫെറോന ടീം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

**സ്ത്രീകളും കുട്ടികളും**

**സ്ത്രീ ശാക്തീകരണ പദ്ധതി**

1. പദ്ധതി പ്രവർത്തകരുടെ മാസ് യോഗം ജനുവരി 31ന് വെള്ളയമ്പലം വെച്ചുനടന്നു.
2. പരിശീലകർക്കായുള്ള പരിശീലനം ജനുവരി 11 രാവിലെ 10 മണിക്ക് വെള്ളയമ്പലം ഓഫീസിൽ വെച്ചു നടന്നു.
3. സ്വയം സഹായ സംഘടനകളുടെ ശക്തിപ്പെടുത്തൽ പൂന്തുറ, ഭീമാപള്ളി, ചെറിയതുറ, വലിയതുറ, കണ്ണാന്തുറ, വലിയതോപ്പ് എന്നീ ഇടവകകളിൽ നടന്നു.
4. സ്വയം സഹായ സംഘങ്ങളുടെ ലോക്കൽ ഫെഡറേഷൻ യോഗം പൂന്തുറ, ബീമാപള്ളി, ചെറിയതുറ, വലിയതുറ സെന്റ് സേവ്യേഴ്സ്, കണ്ണാന്തുറ, വലിയതോപ്പ് എന്നീ ഇടവകകളിൽ നടന്നു.
5. മത്സ്യ കച്ചവട സ്ത്രീകളുടെ മാസയോഗങ്ങൾ ജനുവരി 8, 15, 18, എന്നീ തീയതികളിൽ പൂന്തുറ, വലിയതുറ, കൊച്ചു തോപ്പ്, കണ്ണാന്തുറ, വലിയതോപ്പ് എന്നീ ഇടവകകളിൽ നടന്നു.
6. പുരുഷ സ്വയംസഹായ സംഘങ്ങളുടെ ശക്തിപ്പെടുത്തൽ യോഗം, ഈ മാസം ജനുവരി 14, 15 എന്നീ തീയതികളിൽ ചെറിയതുറ, വലിയതുറ, വലിയതോപ്പ് എന്നീ ഇടവകകളിൽ നടന്നു.

7. ഇടവകതലത്തിൽ സ്ത്രീ കൂട്ടായ്മ ശക്തിപ്പെടുത്തൽ പൂന്തുറ, ബീമാപള്ളി, ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ്, കണ്ണാന്തുറ, വലിയതോപ്പ് എന്നീ ഇടവകകളിൽ നടന്നു.
8. പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി കൗമാരപ്രായക്കാരുടെ ഫോറം രൂപീകരണത്തിനുള്ള ലിസ്റ്റ് ശേഖരണം ഈ മാസം നടന്നു (പ്രായപരിധി 12, 13,14)
9. കൗമാരപ്രായക്കാരുടെ നേതൃത്വങ്ങൾ ഫോറങ്ങൾ രൂപീകരണത്തിനുള്ള ലിസ്റ്റ് ശേഖരണം ഈ മാസം നടന്നു. (പ്രായപരിധി 16, 17, 18)

**ആരോഗ്യകാര്യ കമ്മിഷൻ**

**ഇടവകതലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു**

| നം. | തിയതി | ഇടവക | ക്യാമ്പുകൾ | പങ്കെടുത്ത അംഗങ്ങൾ | |
|---|---|---|---|---|---|
| 1 | 11/1/23 | തൂത്തൂർ | RTI/STI/UTI | 33 | 4 പേരെ തുടർ ചികിത്സയ്ക്ക് അയച്ചു |
| 2 | 21/1/23 | പൂന്തുറ | ക്യാൻസർ | 65 | |
| 3 | 22/1/23 | വള്ളവിള | ജനറൽ/നേത്ര | 78 | 5 പേർക്ക് യൂട്രസ് സംബന്ധമായ പ്രശ്നങ്ങൾ കണ്ടെത്തി |
| 4 | 26/1/23 | ശാന്തിപുരം | ആയുർവേദം | 76 | |
| 5 | 29/1/23 | വലിയതുറ | RTI/STI/UTI Eye/Dental/ ortho | | 3 പേരെ തിമിര ശസ്ത്രക്രിയക്ക് ശുപാർശ ചെയ്തു |
| 6 | 29/1/23 | പുന്നയ്ക്കാമുഗൾ | നേത്രക്യാമ്പ് | 20 | 6 പേരെ തിമിര ശസ്ത്രക്രിയക്ക് റഫർ ചെയ്തു. |

* ജനുവരി 6 നീരോടി അംഗൻവാടിയിലും ജനുവരി 30 പാളയം അംഗൻവാടിയിലും പോഷകാഹാരത്തെക്കുറിച്ചും ശിശുപരിപാലനത്തെക്കുറിച്ചും ക്ലാസ്സെടുത്തു. 14/15 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.
* ജനുവരി 21 ന് കോവളം ഫെറോനയിലെ പൂന്തുറ ഇടവകയിൽ സ്വസ്തി ഫൗണ്ടേഷനും, മനോരമയും ചേർന്ന് ക്യാൻസർ ബോധവത്കരണ ക്ലാസ്സ് നടത്തി. 65 അംഗങ്ങൾ പങ്കെടുത്തു.
* ജനുവരി 29 ന് അഞ്ചുതെങ്ങ് ഇടവകയിലെ എസ്.എച്ച്.ജി. അംഗങ്ങൾക്ക് ഗാത്രി ന്യൂട്രീഷൻ വേൾഡ് കോച്ചായ ശ്രീ. നന്ദകുമാർ 'സ്ത്രീകളുടെ ആരോഗ്യം എന്ന വിഷയത്തിൻമേൽ ക്ലാസ്സെടുത്തു. 48 അംഗങ്ങൾ പങ്കെടുത്തു.
* ജനുവരി 28 കോവളം ഫെറോനയിലെ വിഴിഞ്ഞം ഇടവകയിൽ വയോധികഫോറം രൂപീകരിച്ചു. 58 വയോധികർ പങ്കെടുത്ത യോഗത്തിൽ വിഴിഞ്ഞം സഹവികാരി ഫാ. മനീഷ് ജീവിത ശൈലി രോഗങ്ങളെക്കുറിച്ച് ബോധവത്കരണം നല്കി.
* ജനുവരി 16ന് പുല്ലുവിള ഫെറോനയിലെ കൊച്ചുപള്ളി ഓഫീസിലും ജനുവരി 29 ന് അഞ്ചുതെങ്ങ് ഫെറോന സെന്ററിലും ജനുവരി 30 ന് തൂത്തൂർ ഫെറോനയിലെ പൂത്തുറൈ ഇടവകയിലും വച്ചു ഹെൽത്ത് ക്ലബ് യോഗം കൂടി. മെഡിക്കൽ ഇൻഷുറൻസ്, മാനസികാരോഗ്യം പാലിയേറ്റീവ് കെയർ എന്നീ വിഷയങ്ങളിൽ ക്ലാസ്സ് നൽകി. 28/25/15 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.
* അഞ്ചുതെങ്ങ് ഫെറോനയിലെ 6 അംഗൻവാടികളും, പുതുക്കുറിച്ചി ഫെറോനയിലെ 3 അംഗൻവാടികളും, വലിയതുറ ഫെറോനയിലെ 3 അംഗൻവാടികളും, പുല്ലുവിള ഫെറോനയിലെ 3 അംഗൻവാടികളും തൂത്തൂർ ഫെറോനയിലെ നീരോടി ഇടവകയിലെ അംഗൻവാടിയും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.
* ജനുവരി 8 ന് പൂന്തുറ ഇടവകയിലും ജനുവരി 29 തൃക്കണ്ണാപുരം ഇടവകയിലും വയോജനഫോറം മീറ്റിംഗ് കൂടുകയുണ്ടായി. 16/40 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു. മാനസികാരോഗ്യത്തെക്കുറിച്ചുള്ള ക്ലാസ്സ് നല്കി.
* ജനുവരി 18ന് പേട്ട ഫെറോനയിലെ പോങ്ങുംമൂട് ഇടവകയിൽ

ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മ രൂപതയുടെ സഹായ ത്താൽ നടത്തുന്ന തയ്യൽക്കട സന്ദർശിച്ചു. സ്ഥാപനം ലാഭകരമായ രീതിയിൽ പ്രവർത്തിക്കുന്നതായി കാണാൻ സാധിച്ചു.



* **രൂപത ധനസഹായം**

| തിയതി | രോഗിയുടെ പേര് | ഇടവക | ധനസഹായം |
|---|---|---|---|
| 18/1/23 | മേരി | തൈക്കാട് | 4000 |
| 25/1/23 | സുരേഷ് | പൂവ്വാർ | 3000 |
| 25/1/23 | എലിസബത്ത് | അടിമലത്തുറ | 3000 |
| 27/1/23 | ഗിൽബർട്ട് | വലിയതുറ | 4000 |
| | | **Total** | **14,000** |

* ജനുവരി 18ന് മൂങ്ങോട് ഇടവകയിൽ യുവജനങ്ങളുടെ നേതൃ ത്വത്തിൽ ബ്ലഡ് ഡോണേഴ്സിന്റെ ഗ്രൂപ്പ് രൂപീകരിച്ചു. 16 പേർ ഗ്രൂപ്പിൽ അംഗത്വം നൽകി.

**പ്രവാസി**

* ജനുവരി 22 ന് പുതുക്കുറിച്ചി, ജനുവരി 29 ന് പുല്ലുവിള എന്നി വിടങ്ങളിൽ ഫെറോന സമിതി രൂപീകരിച്ച് യോഗം നടത്തി.
* ജനുവരി 21ന് മര്യനാട് ഇടവക ഫോറം രൂപീകരിച്ചു. യോഗം നടത്തി.
* ജനുവരി 14, ജനുവരി 20 തീയതികളിൽ പൂവാർ ഇടവകയിലും ജനുവരി 17ന് പുതിയതുറയിലും ജനുവരി 22 ന് പള്ളം, കരും കുളം ജനുവരി 8 ന് വലിയതുറ , വേളി എന്നീ ഇടവകകളിലും ഇടവകതതല യോഗങ്ങൾ നടത്തി.
* ജനുവരി 19ന് പുതിയതുറ ഗർഷോം യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു ക്യാൻസർ രോഗിയ്ക്ക് സ്പോൺസറിന്റെ സഹായത്തോടെ 3000 രൂപ ധനസഹായം നൽകി.
* യു.കെ. യിൽ സി.ഡി.സി. വിസയിൽ പോയ ട്രിവാൻഡ്രം സ്വദേശികളായ 18 പേരെ ഹെൽപ്പ് ഡസ്ക്ന്റെയും നോർക്കാ റൂട്ട്സ്ന്റും സഹായത്തോടെ സുരക്ഷിതരായി നാട്ടിലെത്തിച്ചു.
* മരപ്പാലത്ത് താമസിച്ചിരുന്ന ഒരു ബീഹാർ സ്വദേശി പൂത്തുറ യിൽ ജോലി ചെയ്ത് വരികെ പെട്ടെന്നു നെഞ്ച് വേദന വന്നു

സമന്വയ

മരണമടഞ്ഞു. ആ വ്യക്തിയുടെ ബോഡി ലേബർ ഓഫീസിന്റെ സഹായത്തോടെ സ്വന്തം നാട്ടിലെത്തിക്കുകയും കേരള ഗവൺമെന്റിൽ നിന്നും 2,50,000 രൂപ അയാൾക്ക് ലഭിക്കുകയും ചെയ്തു.

* തിരുവനന്തപുരം, മലപ്പുറം, തിരുവല്ല എന്നിവിടങ്ങളിൽ നിന്നു ജർമ്മനിക്ക് പോയ 16 കുട്ടികളുടെ 38 ലക്ഷം രൂപ ഹെൽപ്പ് ഡെസ്ക്ന്റെ ഇടപെലിലൂടെ ഏജന്റ്മാരുടെ കൈയിൽ നിന്നു നേടിയെടുക്കാൻ സാധിച്ചു.

**ചൈൽഡ്ലൈൻ**

**ജനുവരി മാസത്തെ പ്രവർത്തന റിപ്പോർട്ട്**

| | |
|---|---|
| CSA | 5 |
| Physical Abuse | 5 |
| Emotional abuse | 9 |
| Counselling | 2 |
| Child Begging | 1 |
| Family Issue | 11 |
| ES & G | 13 |
| Shelter | 2 |
| Medical | 1 |
| Neglect | 5 |
| Drop Out | 1 |
| Referral ro service | 4 |
| Not located 1 | |
| Education related | 1 |
| 1098 | 42 |
| Direct | 20 |
| **Total** | **62** |

* ആലംകോട്, വിതുര, കുളത്തൂർ, പുതുക്കുറിച്ചി എന്നിവിടങ്ങളിൽ ഔട്ട്-റീച്ച് പ്രവർത്തനങ്ങൾ നടത്തുകയും മുതിർന്ന വ്യക്തികൾക്കും കുട്ടികൾക്കുമായി ചൈൽഡ്ലൈൻ സേവനങ്ങളെക്കുറിച്ചും കുട്ടികൾക്കായുള്ള സംരക്ഷണ സംവിധാനങ്ങളെക്കുറിച്ചും ബോധവത്കരണം നൽകുകയും ചെയ്തു.

* ജനുവരി 13 ന് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കുള

ത്തൂരിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കായി 'രക്ഷകർത്തൃത്വവും കുട്ടികളിലെ ലഹരി ഉപയോഗവും' എന്ന വിഷയത്തിന്മേൽ കൗൺസിലർ ജിഷ വേണുഗോപാൽ, ടീം മെമ്പർ അലീന ഫ്രെഡി എന്നിവർ ചേർന്ന് ക്ലാസ് നയിച്ചു.



**ഫാ. ആഷ്‌ലിൻ ജോസ്**
**ഡയറക്ടർ**

## മത്സ്യമേഖല ശുശ്രൂഷ

12/02/2023 ഫിഷ് വെന്റർ ജനറൽ ബോഡി മീറ്റിംഗ് ഫാ. സുരേഷ് പയസിന്റെ നേതൃത്വത്തിൽ നടത്തുകയും അതിൽ എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് അവർക്ക് ഒരു ബോധവത്കരണ ക്ലാസ് നൽകുകയും ചെയ്തു.

മത്സ്യക്കച്ചവട സ്ത്രീകളുടെ യോഗം 8/8 നടത്തുകയും ഇനിയും വരാനിരിക്കുന്ന യോഗത്തിൽ അവർക്ക് ഹെൽത്ത്പരമായിട്ടുള്ള ക്ലാസ്സുകൾ കൊടുക്കുന്നതായിരിക്കും.

ഫെബ്രുവരി 12ന് ഫിഷറീസ് മിനിസ്ട്രിയുടെ സമിതിയോഗം ഇരയിമ്മൻതുറ ഇടവകയിൽ ഫാ. ആസിയുടെ നേതൃത്വത്തിൽ ആരംഭിക്കുകയും അതിൽ പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുകയും ചെയ്തു.

ഫെബ്രുവരി 19ന് ഫിഷറീസ് മിനിസ്ട്രിയുടെ ജനറൽ ബോഡി മീറ്റിംഗ് ഫാ. സുരേഷ് പയസിന്റെ നേതൃത്വത്തിൽ ഇതിന്റെ ഭാഗമായി പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുകയും ചെയ്തു.

ഫെബ്രുവരി 25 ന് മാർത്താണ്ഡൻതുറ ഇടവകയിൽ യോഗം കൂടും. ഫെബ്രുവരി 25 ന് പൂത്തറയിൽ യോഗം കൂടുന്നതായിരിക്കും.

**കോവളം ഫെറോന**

### I. ഫിഷറീസ് യൂണിറ്റ് മീറ്റിംഗ്

ഫെബ്രുവരി 5ന് ഇടവകവികാരി ഫാ. ജോണിന്റെ അധ്യക്ഷതയിൽ പൂന്തുറ ഇടവകയിലെ മത്സ്യമേഖല ശുശ്രൂഷാ യൂണിറ്റ് മീറ്റിംഗ് കൂടി. എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു. മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രധാന വിഷയങ്ങളെക്കുറിച്ച് മെമ്മോറാണ്ടം കൊടുക്കാൻ തീരുമാനിച്ചു. പുരുഷ എസ്.എച്ച്.ജി. രൂപീകരിക്കാൻ റ്റി.എം.എഫ്. ഇലക്ഷൻ നടത്തുവാനും തീരുമാനിച്ചു.

**II. മത്സ്യക്കച്ചവട സ്ത്രീ ഫോറത്തിലെ മീറ്റിംഗും തെരഞ്ഞെ ടുപ്പും**

ഫെബ്രുവരി 5ന് ഉച്ചയ്ക്ക് 1 മണിക്ക് മത്സ്യക്കച്ചവട സ്ത്രീഫോറത്തിലെ അംഗങ്ങളുടെ മീറ്റിംഗ് കൂടി. ഭാരവാഹികളെ തെരഞ്ഞെടുത്തു. തുടർന്ന് കമ്മ്യൂണിറ്റി ഓർഗനൈസർ ശ്രീമതി സീറ്റ ജന്ററിനെക്കുറിച്ച് ക്ലാസ് നൽകി.

**III.** ഫെബ്രുവരി 12ന് 11 മണിക്കും, 1 മണിക്കും വിഴിഞ്ഞം ഇടവക യിൽ 2 യൂണിറ്റ് യോഗങ്ങൾ കൂടി. ഫിഷ്ലാന്റിംഗ് സെന്ററിൽ മത്സ്യ ക്കച്ചവട സ്ത്രീകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ആനിമേ റ്റർമാരും ക്ലാസ് നൽകി.

23-ാം തീയതി പുന്നമൂട് ഇടവകയില മത്സ്യക്കച്ചവട സ്ത്രീ ഫോറത്തിലെ മീറ്റിംഗ് കൂടാൻ തീരുമാനിച്ചു.

**ഭവനസന്ദർശനം :** തീരദേശ ഇടവകയിലെ എല്ലാ ഇടവകയിലുള്ള ഭവനങ്ങൾ സന്ദർശിക്കുകയും വായ്പ കളക്ഷൻ വാങ്ങി ബാങ്കിൽ നിക്ഷേപിച്ചു. കൂടാതെ ഈ ഫോറത്തിലുള്ള രോഗാവസ്ഥയിൽ കിടക്കുന്ന വ്യക്തികളുടെ ഭവനം സന്ദർശിച്ചു.

**പുല്ലുവിള ഫെറോന**

* 8/6 ഇടവകതല മത്സ്യക്കച്ചവട സ്ത്രീകളുടെ യോഗം നടന്നു. ക്ലാസുകൾ നൽകുകയും ചെയ്തു.
* പുരുഷ എസ്.എച്ച്.ജി.കൾക്ക് റ്റി.എം.എഫ്. എന്നിയുടെ സംയുക്തയോഗം കൊല്ലങ്കോട് നടത്തി.
* കൊല്ലങ്കോട് ഇടവകയിൽ മരണമടഞ്ഞ അനിലിനു 5000 രൂപ ഇവകതലത്തിൽ നൽകുകയും ചെയ്തു. റ്റി.എം.എഫ്. തിരഞ്ഞെ ടുപ്പ് ഇടവക തലത്തിൽ നടന്നു. എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. പള്ളം ഇടവകയിൽ ഫാ. ബിജിന്റെ സാന്നി ദ്ധ്യത്തിൽ മത്സ്യതൊഴിലാളികളുടെയും റ്റി.എം.എഫ്. ന്റെയും സംയുക്തയോഗം കൂടുകയുണ്ടായി.

  **മാർക്കറ്റ് വിസിറ്റ്:** വർക്കല, ചിറയിൻകീഴ്, നിലയ്ക്കാമുക്ക്, കട യ്ക്കാവൂർ, ചന്തകൾ വിസിറ്റ് ചെയ്തു. നിലവിലെ അവസ്ഥയും മനസ്സിലാക്കുകയുണ്ടായി.

**വലിയതുറ ഫെറോന**

**സമിതിയോഗം:** 5, 11, 12 എന്നീ തീയതികളിൽ വലിയതുറ, കണ്ണാന്തുറ, വലിയവേളി, ചെറിയതുറ, വെട്ടുകാട് എന്നീ ഇടവകകളിൽ ശുശ്രൂഷ സമിതിയോഗം കൂടി. വലിയതുറ ഇടവകയിൽ ലേലസ്ഥലത്തെ പ്രശ്നങ്ങളെക്കുറിച്ചും പുതിയ പ്ലാറ്റ്ഫോമിനെക്കുറിച്ചും ചർച്ച ചെയ്തു. പദ്ധതി രൂപീകരണം നടത്തി. കണ്ണാന്തുറ ഇടവകയിൽ മത്സ്യതൊഴിലാളികൾക്കും കോർപ്പറേഷൻ വഴി ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വിശദീകരിച്ചു. വെട്ടുകാട് ഇടവകയിൽ മത്സ്യമേഖലകളെക്കുറിച്ച് ഫെറോന ആനിമേറ്റർ അവബോധം നൽകി. ഭാരവാഹികളെ തെരഞ്ഞെടുത്തു. വലിയതുറ, വലിയവേളി, ചെറിയതുറ, വെട്ടുകാട് എന്നീ ഇടവകയിൽ ഇടവകവികാരിമാരുടെ അധ്യക്ഷതയിൽ യോഗം നടന്നു.

**മത്സ്യവിപണനഫോറം:** 5, 12, 19 എന്നീ തീയതികളിൽ വലിയതുറ, കണ്ണാന്തുറ, തോപ്പ്, വലിയവേളി, ചെറിയതുറ, കൊച്ചുവേളി, വെട്ടുകാട്, കൊച്ചുതോപ്പ് എന്നീ ഇടവകകളിലും യോഗം കൂടി. വ്യക്തി ശുചിത്വം, സംസാരശൈലികളിലെ മാറ്റം, പെരുമാറ്റ രീതി എന്നിവയെക്കുറിച്ചും നേതൃത്വത്തെക്കുറിച്ചും അംഗങ്ങൾക്ക് ക്ലാസ് നൽകി.

**പുരുഷസ്വയംസഹായ സംഘം:** ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ്, തോപ്പ് എന്നീ ഇടവകയിൽ പുരുഷസ്വയം സഹായസംഘം പ്രവർത്തിച്ചുവരുന്നു. ഈ മാസം വലിയതുറ ഇടവകയിൽ 'കടൽക്കര' എന്ന പേരിൽ പുരുഷ എസ്.എച്ച്.ജി. രൂപീകരിച്ചു.

**പുതുക്കുറിച്ചി ഫെറോന**

മത്സ്യമേഖല ശുശ്രൂഷ സമിതിയുടെ ഫെറോന ജനറൽ ബോഡി യോഗം 26-ാം തീയതി വെട്ടുതുറ ഇടവകയിൽ വച്ച് നടന്നു. ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. രൂപത ഫിഷറീസ് ഡയറക്ടർ ഫാദർ ഷാജിൻ ജോസ് മത്സ്യമേഖലയെ കുറിച്ച് ക്ലാസ് നൽകി. മത്സ്യമേഖല ശുശ്രൂഷ സമിതിയുടെ ഇടവക തല യോഗം 7 ഇടവകകളിൽ നടന്നു. പ്ലാൻ ആൻഡ് ബഡ്ജറ്റുകൾ തയ്യാറാക്കി. Tmf മീറ്റിങ്ങ് 4 ഇടവകകളിൽ നടന്നു പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. പുതുക്കുറിച്ചി ഇടവകയിലെ മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ ആനുകൂല്യങ്ങളെകുറിച്ചും

സമന്വയ

സർക്കാർ ബഡ്ജറ്റിനെ കുറിച്ചും ക്ലാസ് നൽകി. മത്സ്യ കച്ചവട സ്ത്രീകളുടെ ഫെറോന യോഗം പുത്തൻതോപ്പ് ഇടവകയിൽ വച്ച് നടന്നു. മത്സ്യ കച്ചവട സ്ത്രീകളുടെ യോഗം 7 ഇടവകകളിൽ നടന്നു. കഴക്കൂട്ടം ചിറ്റാറ്റുമുക്ക് കണിയാപുരം മുരുക്കുംപുഴ എന്നീ മാർക്കറ്റുകൾ സന്ദർശിച്ചു

**ഫാ. ഷാജിൻ ജോസ്**
**ഡയറക്ടർ**

## അല്മായ ശുശ്രൂഷ

## അതിരൂപതാതല പ്രവർത്തന റിപ്പോർട്ട്

### 2023-24 ലെ വാർഷിക കർമ്മപദ്ധതി ശില്പശാല

2023-24 സാമ്പത്തിക വർഷത്തെ അല്മായ ശുശ്രൂഷ സമിതിയുടെ അതിരൂപതാ-ഫെറോനാതല വാർഷിക പദ്ധതിയും ബഡ്ജറ്റും തയ്യാറാക്കുവാനായി ഒരു ഏകദിന ശില്പശാല ഫെബ്രുവരി 21-ാം തിയതി 10 മണി മുതൽ 4 മണിവരെ കൊച്ചുവേളി പാരിഷ് ഹാളിൽ വച്ച് നടത്തുകയുണ്ടായി. വാർഷിക കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകളെ ആസ്പദമായി അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ റവ. ഡോ. ലോറൻസ് കുലാസ് അവബോധം നല്കി. അല്മായ ശുശ്രൂഷാ എന്നാണെന്നും പദ്ധതി വർഷത്തിൽ അതിരൂപതാ തലത്തിലും ഇടവക-ഫെറോന തലത്തിലും നല്കേണ്ട ഊന്നലുകളെയും സാധ്യമായ പ്രവർത്തന മേഖലകളെയുംകുറിച്ച് അതിരൂപതാ ഡയറക്ടർ ഫാ. മൈക്കൾ തോമസ് ക്ലാസ് നല്കികൊണ്ട് ഫെറോനാതലത്തിലും അതിരൂപതാ തലത്തിലും വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുന്ന ശില്പശാലകൾക്ക് നേതൃത്വം നൽകി. ഏഴ് ഫെറോ വൈദിക കോർഡിനേറ്റർമാർ, 8 ഫെറോന ആനിമേറ്റർമാർ, അല്മായ ശുശ്രൂഷാ സമിതി ഫെറോനാ കൺവീനർമാർ, KLCA, KLCWA, DCMS എന്നീ സമുദായ സംഘടനകളുടെയും ലീജിയൻ ഓഫ് മേരി, വിൻസെന്റ് ഡി പോൾ സൊസൈറ്റി എന്നീ ഭക്തസംഘടനകളുടെയും രൂപതാ ഭാരവാഹികളും ഫെറോന പ്രസിഡന്റ്, സെക്രട്ടറിമാരും ഉൾപ്പെടെ 74 പേർ പങ്കെടുത്തു. രൂപതാ ഫെറോനാ വാർഷിക പദ്ധതിയുടെ കരടുരൂപം തയ്യാറാക്കി.

**KLCWA സംസ്ഥാന ജനറൽ കൗൺസിലും സംസ്ഥാന ഭാരവാഹി കളുടെ തെരഞ്ഞെടുപ്പും**

സമന്വയ

2023 ഫെബ്രുവരി 13-ാം തിയതി കൊച്ചി രൂപതയിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ പൂങ്കാവ് ഇടവകയിൽ വചചു നടത്തിയ KLCWA യുടെ സംസ്ഥാന ജനറൽ കൗൺസിലിലും സംസ്ഥാന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിലും തിരുവനന്തപുരം അതിരൂപതയിൽ നിന്നും ഏഴ് അംഗങ്ങൾ പങ്കെടുത്തു. സംസ്ഥാന സെക്രട്ടറിയായി അതിരൂപത ജനറൽ സെക്രട്ടറി കൂടിയായ ഷേർളി ജോണി തെരഞ്ഞെടുക്കപ്പെട്ടു.

**ലീജിയൻ ഓഫ് മേരി**

ലീജിയൻ ഓഫ് മേരി തിരുവന്തപുരം (സൗത്ത്) കമ്മീസി യത്തിന്റെ 2023 ഫെബ്രുവരി മാസത്തെ യോഗം 11.02.2023 ശനി യാഴ്ച രാവിലെ 9 മണിക്ക് വെള്ളയമ്പലം ആനിമേഷൻ സെന്റ റിൽ വച്ച് കമ്മീസിയം പ്രസിഡന്റ് ബ്ര. എ. ജയിംസിന്റെ അദ്ധ്യക്ഷ തയിൽ കൂടുകയുണ്ടായി. സെക്രട്ടറി ബ്ര. പി. എം. സെബാസ്റ്റ്യൻ മുൻ യോഗ റിപ്പോർട്ട് അവതരിപ്പിച്ചു. അംഗങ്ങളുടെ അനുമതിയോ ടുകൂടി പ്രസിഡന്റ് ഒപ്പ് വച്ച് പാസ്സാക്കി. വൈസ് പ്രസിഡന്റ് ബ്ര. ക്രിസ്തുദാസ് ഹാജർ രേഖപ്പെടുത്തി. 13 കുരിയകളിൽ നിന്നും, 11 പ്രസീദിയങ്ങളിൽ നിന്നുമായി കമ്മീസിയം ഭാരവാഹികൾ ഉൾപ്പെടെ 56 അംഗങ്ങൾ പങ്കെടുത്തു. നീരോടി കുരിയയിലെ 4 ഭാരവാഹി കളും ഹാജരായിരുന്നു.

പ്രസിഡന്റ് ബ്ര. എ. ജയിംസ് ലൂർദ്ദുമാതാവിനെ കുറിച്ച് പ്രഭാഷണം നടത്തി. പരുത്തിയൂർ കുരിയയുടെ കീഴിൽ 2 പുതിയ സീനിയർ പ്രസീദിയങ്ങൾ സ്ഥാപിക്കുകയുണ്ടായി. വിജയത്തിനായി പ്രാർഥിക്കുക. തൈക്കാട് വേളാങ്കണ്ണി മാതാ പ്രസീദിയത്തിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭിച്ചു. വലിയവേളി കുരിയായുടെ സ്ഥിതി വിവരപ്പട്ടിക ലഭിച്ചു. കന്യകകളുടെ രാജ്ഞി - കിള്ളിപ്പാ ലം, വേളാങ്കണ്ണി മാതാ - തൈക്കാട്, ക്രിസ്ത്യാനികളുടെ സഹായ മാതാ - മണക്കാട് പ്രസീദിയങ്ങളുടെയും, വലിയവേളി കുരിയയു ടെയും ആഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

വിഴിഞ്ഞം, പരുത്തിയൂർ, നീരോടി കുരിയകളിൽ നിന്നും ഇടവക ബി.സി.സി ഭാരവാഹികളുടെ പട്ടിക ലഭിച്ചിട്ടുണ്ട്. രൂപതാ ദ്ധ്യക്ഷനുവേണ്ടി ചൊല്ലുന്ന ജപമാലയുടെ ഇതുവരെയുള്ള എണ്ണം

എല്ലാ കുരിയകളും, നേരിട്ടുള്ള പ്രസീദിയങ്ങളും നൽകേണ്ടതാണ്.

കൂടുതൽ ജൂനിയർ പ്രസീദിയങ്ങൾ സ്ഥാപിക്കുവാനും പുതിയ അംഗങ്ങളെ ചേർക്കുവാനും വേണ്ട നിർദ്ദേശം നൽകി. കേരള സെനാത്തൂസിന്റെ 2022 ഡിസംബർ മാസത്തെ റിപ്പോർട്ട് ലഭിച്ചു. പ്രസക്ത ഭാഗങ്ങൾ വൈസ് പ്രസിഡന്റ് അവതരിപ്പിച്ചു.

**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഏരിയ കൗൺസിലുകളുടെയും, കോൺഫറൺസുകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും, ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും വേണ്ടി കരുംകുളം, പുല്ലുവിള, തിരുവനന്തപുരം, പേരൂർക്കട, പേട്ട എന്നീ ഏരിയ കൗൺസിലുകളുടെ യോഗങ്ങളിൽ തിരുവനന്തപുരം സെൻട്രൽ കൗൺസിൽ ബോർഡ് അംഗങ്ങൾ പങ്കെടുത്തു. സെൻട്രൽ കൗൺസിലിന്റെ ഗോൾഡൻ ജൂബിലി സ്മാരകമായ ഓസ്സാനം സ്നേഹ ഭവന്റെ (അമ്മമാർക്കുള്ള അന്തേവാസ ഭവനം) നിർമ്മാണത്തിന്റെ സാമ്പത്തിക സംഭാവനകളെക്കുറിച്ച് യോഗം വിലയിരുത്തി. ഇടവകകളിൽ നിന്നും സാമ്പത്തിക സംഭാവനകൾ ശേഖരിക്കുന്നതിന് ആവശ്യമായ കൂപ്പണുകളും, നോട്ടീസുകളും വിതരണം ചെയ്തു.

സെൻട്രൽ കൗൺസിലിന്റെ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി രണ്ടു ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ക്യൂൻ ഓഫ് മേരി കോൺഫറൻസ് വെട്ടുകാട്, സെന്റ് ജോസഫ് കോൺഫറൻസ് ശാന്തിപുരം എന്നീ ഇടവകകളിലെ LP, UP, HS വിഭാഗത്തിൽ പഠിക്കുന്ന 20 പാവപ്പെട്ട വിദ്യാർഥികൾക്ക് പഠന സൗകര്യത്തിനായി മേശയും, കസേരയും ഇടവക വികാരിമാരുടെ സാന്നിധ്യത്തിൽ വിതരണം ചെയ്തു.

ചെറുവെട്ടുകാട് ഇടവകയിൽ സെന്റ് സെബാസ്റ്റ്യൻസ് എന്ന പുതിയൊരു കോൺഫറൻസ് രൂപീകരിച്ചു. ഇടവക വികാരി ബഹുമാനപ്പെട്ട ഡീജോ പത്രോസ് അച്ചന്റെ നേതൃത്വത്തിൽ പതിനഞ്ചോളം പ്രവർത്തകർ പങ്കെടുത്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ഡി. ഫ്രാൻസിസ്, വൈസ് പ്രസിഡന്റുമാരായ ആർ. സഖറിയാസ്, ഡയനേഷ്യസ് പെരേര, സെക്രട്ടറി ലോറൻസ് റ്റി. ജെ., വെട്ടുകാട് ഏരിയ കൗൺസിൽ പ്രസിഡന്റ് സി. ഷേർളി ജോൺസൺ എന്നിവർ സൊസൈറ്റിയുടെ പ്രവർത്തനങ്ങളും, നിയമാവലിയും ഉദ്ധരിച്ചുകൊണ്ട് സംസാരിച്ചു.

സ
മ
ന്വ
യ

## KLCA പ്രവർത്തന റിപ്പോർട്ട്

ജനുവരി 26 ന് കോട്ടയത്തു വച്ച് നടന്ന സംസ്ഥാന മാനേജിംഗ് കൗൺസിൽ യോഗത്തിൽ KLCA പ്രതിനിധികൾ പങ്കെടുത്തു. കൂടാതെ സംസ്ഥാന മീറ്റിങ്ങുകളിൽ പങ്കെടുക്കുകയും ചെയ്തു. ഫെബ്രുവരി 18-ാം തിയതി വൈകുന്നേരം 6 മണിക്ക് കേന്ദ്ര സംസ്ഥാന ബഡ്ജറ്റുകൾ അവലോകനവും സംവാദവും KLCA, KLCWA, KCYM രൂപതാ സമിതികളുടെ നേതൃത്വത്തിൽ ശംഖുമുഖത്ത് നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട തിരുവനന്തപുരം അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര, സാമ്പത്തിക വിദഗ്തയും ലക്ച്ചററുമായിരുന്ന ശ്രീമതി മേരി ജോർജ്ജ്, ജെ. ബി. രാജൻ എന്നിവരാണ് ഇതിന് നേതൃത്വം നല്കിയത്. പല ഇടവകകളിൽ നിന്നും ഫെറോനകളിൽ നിന്നുമായി നൂറിൽപരം ആളുകൾ പങ്കെടുത്ത ഈ അവലോകന യോഗത്തിൽ നമ്മുടെ ബഡ്ജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും അതിൽ പരാമർശിക്കുന്ന ചില മേഖലകളെപ്പറ്റി ഊന്നി പറയുകയും ചെയ്തു. പ്രത്യേകിച്ച് തീരദേശപ്രദേശവും, തീരദേശവാസികൾക്കുമായി സംസ്ഥാന ബഡ്ജറ്റിലോ, കേന്ദ്ര ബഡ്ജറ്റിലോ യാതൊരുവിധ ഊന്നലും നല്കിയിരുന്നില്ല. പ്രത്യേകിച്ച് വിഴിഞ്ഞം തുറമുഖത്തിന്റെ ആഘാതം കാരണവും, കടലാക്രമണം കാരണവും വീടുകൾ നശ്ടപ്പെട്ട, തീരം സംരക്ഷിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കിയിട്ടുപോലും അതിനെക്കുറിച്ച് ബഡ്ജറ്റുകളിൽ കൃത്യമായി ഒന്നും തന്നെ രേഖപ്പെടുത്തിയിരുന്നില്ല എന്നുള്ളതും അതോടൊപ്പം തന്നെ സ്ത്രീകളെയും കുട്ടികളെയും അവർക്ക് എന്താണ് ചെയ്യാനുള്ളത് അല്ലെങ്കിൽ അവർക്ക് എന്ത് ചെയ്യുന്നുണ്ട്, അവരെ ഏത് രീതിയിലാണ് സംരക്ഷിക്കുന്നത് എന്നതിനെക്കുറിച്ച് പോലും കൃത്യമായ കാര്യങ്ങൾ ബഡ്ജറ്റിൽ ഇല്ലായിരുന്നു. യുവജനങ്ങളുടെ വിദ്യാഭ്യാസം പ്രത്യേകിച്ച് അവരുടെ ഉപരിപഠനം, തൊഴിൽ പരമായ കാര്യങ്ങൾ, അവർ രാജ്യം വിട്ട് പോകുന്ന ഒരു സ്ഥിതിയിലേക്ക് വന്നു നില്ക്കുന്ന സാഹചര്യത്തിൽ അവരെ പിടിച്ചു നിർത്താൻ വേണ്ട പദ്ധതികളുടെ അഭാവം എന്നുള്ള കാര്യങ്ങളെകുറിച്ച് സംവാദത്തിൽ ചർച്ചയായി ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൂടുതലായി ചർച്ച ചെയ്യുകയും ഇതിൽ നടപ്പിലാക്കേണ്ടവ നടപ്പിലാക്കുവാനും മാറ്റം ചെയ്യേണ്ടവയെകുറിച്ച് ചർച്ച ചെയ്ത് ഒരു പഠനം

ഉണ്ടാക്കുകയും ആ പഠനത്തിന്റെ വെളിച്ചത്തിൽ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിനെ അറിയിക്കുകയും ചെയ്യുക എന്നുള്ള ആശയത്തോടുകൂടി 7.30 ന് ഈ സംവാദം അവസാനിച്ചു. 21-ാം തിയതി നടന്ന അല്മായ ശുശ്രൂഷാ മീറ്റിങ്ങിൽ KLCA ഫെറോന, രൂപതാ പ്രതിനിധികൾ പങ്കെടുക്കുകയും Plan & Budget തയ്യാറാക്കാൻ വേണ്ട നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്തു. EXODUS ന്റെ 25, 26 തിയതികളിൽ നടക്കുന്ന സംസ്ഥാനതല ക്യാമ്പിൽ തിരുവനന്തപുരം രൂപതയിൽ നിന്നുള്ള സംസ്ഥാന മാനേജിംഗ് കൗൺസിൽ അംഗങ്ങളും രൂപതാ പ്രതിനിധികളും പങ്കെടുക്കുന്നു.

**KLCWA പ്രവർത്തന റിപ്പോർട്ട്**

**KLCWA യൂണിറ്റ് രൂപീകരണവും രൂപതാ ഇലക്ഷനും**

ഇലക്ഷനുമായി ബന്ധപ്പെട്ട് പുതിയ യൂണിറ്റുകൾ രൂപീകരിക്കലും പഴയ യൂണിറ്റുകളുടെ ശക്തിപ്പെടുത്തലും ജനുവരി മാസത്തിൽ നടക്കുകയും ആകെ 58 യൂണിറ്റുകൾ രൂപീകരിക്കാൻ സാധിച്ചു. ഫെറോന തെരഞ്ഞെടുപ്പുകൾ നടത്തി. പുതുക്കുറിച്ചി, വലിയതുറ, കോവളം, പാളയം, പേട്ട, പുല്ലുവിള, അഞ്ചുതെങ്ങ് എന്നീ ഫെറോനകളുടെ ഇലക്ഷൻ ഫെബ്രുവരി 4-ാം തിയതിയോടു കൂടി പൂർത്തീകരിക്കാൻ സാധിച്ചു. 07.02.2023 ന് വെള്ളയമ്പലം പാരിഷ് ഹാളിൽ വച്ച് KLCWA തിരുവനന്തപുരം രൂപതയുടെ പുതിയ ഭരണ സമിതിയെ തെരഞ്ഞെടുത്തു. പ്രസിഡന്റ് ജോളി പത്രോസ്, സെക്രട്ടറി ഷേർളി ജോണി, ഖജാൻജി ഷീബ ജസ്റ്റിൻ, വൈസ് പ്രസിഡന്റ് സുജ, അന്ന റീറ്റ, ജോയിന്റ് സെക്രട്ടറി ശോഭ എന്നിവരെ തെരഞ്ഞെടുത്തു. നിയുക്ത പ്രസിഡന്റ് KLCWA അംഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഫെബ്രുവരി 18-ാം തിയതി ശംഖുമുഖത്ത് വച്ച് KLCA, KLCWA, KCYM എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ ബഡ്ജറ്റിനെതിരെ ഒരു അവലോകന സംവാദം നടത്തുകയുണ്ടായി. പ്രസ്തുത പരിപാടി മോൺ. യൂജിൻ എച്ച് പെരേര നിർവഹിച്ചു. ജെ. ബി. രാജൻ, മേരി ജോർജ്ജ് എന്നീ പ്രമുഖർ ക്ലാസ്സുകൾ നയിച്ചു.

**DCMS**

2022 ഡിസംബർ 22-ാം തിയതി രൂപം നല്കിയ അതിരൂപത ആഡ്ഹോക്ക് കമ്മിറ്റിയുടെ യോഗം ഫെബ്രുവരി 8-ാം തിയതി

കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. പുതിയ യൂണിറ്റുകൾ രൂപീകരിക്കുവാനും നിലവിലുള്ള യൂണിറ്റുകളെ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചു. ഫെബ്രുവരി 21-ാം തിയതി നടന്ന പ്ലാൻ & ബഡ്ജറ്റ് രൂപീകരണ ശില്പശാലയിൽ DCMS നെ പ്രതിനിധീകരിച്ച് നാല് അംഗങ്ങൾ പങ്കെടുത്തു. ഫെബ്രുവരി 25, 26 തീയതികളിൽ KRLCBC അല്മായ കമ്മീഷന്റെ നേതൃത്വത്തിൽ കോട്ടയത്തുവച്ചു നടത്തിയ സംസ്ഥാനതല നേതൃത്വ പരിശീലന പരിപാടിയിൽ തിരുവനന്തപുരം രൂപതയിൽ നിന്നും അഞ്ച് ഭാരവാഹികൾ പങ്കെടുത്തു.

സമന്വയ

## ഫെറോനതല പ്രവർത്തന റിപ്പോർട്ട്

**തൂത്തൂർ ഫെറോന**

എല്ലാ ഇടകകളിൽ നിന്നും ഭക്തസംഘടന ഭാരവാഹികളുടെ ലിസ്റ്റ് ശേഖരിക്കുന്നതിനും അംഗങ്ങൾക്ക് അല്മായ ശുശ്രൂഷയെ കുറിച്ച് പറഞ്ഞുകൊടുക്കുന്നതിനുമായി ഈ മാസം കുറച്ച് അംഗങ്ങൾ ഒറ്റ ടീം ആയി ചേർന്ന് Field work ചെയ്തു.

18.02.2023-ൽ അല്മായ ശുശ്രൂഷാ സമിതി മീറ്റിംഗ് ഫാ. അമൃത രാജിന്റെ നേതൃത്വത്തിൽ നടത്തുകയും ഈ സമിതി ആക്ടീവ് അല്ല എന്നും ഇനി അങ്ങോട്ട് നന്നായിട്ട് പ്രവർത്തിക്കണമെന്ന് അംഗങ്ങൾക്ക് നിർദ്ദേശം നല്കുകയും ചെയ്തു. ഭക്തസംഘടനകളെ സന്ദർശിക്കുകയും അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

**പുല്ലുവിള ഫെറോന**

ഇടവകതലത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു. 03.02.2023-ൽ KLCWA ഫെറോനതല ഇലക്ഷൻ നടത്തി ഭാരവാഹികളെ തെരഞ്ഞെടുത്തു.

04.02.2023-ൽ ഫെറോനതലത്തിൽ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും അല്മായ ശുശ്രൂഷയുടെ ദൗത്യവും ഉത്തരവാദിത്തങ്ങളും എന്നതിനെ കുറിച്ച് അല്മായ ശുശ്രൂഷാ ഡയറക്ടർ ഫാ. മൈക്കൾ തോമസ് ക്ലാസ് എടുക്കുകയും ചെയ്തു.

പുല്ലുവിള ഇടവകയിൽ KLCA, KLCWA രൂപീകരിച്ചു. പരുത്തിയൂർ ഇടവകയിൽ അല്മായ ശുശ്രൂഷാ സമിതി അംഗങ്ങൾക്ക് എന്താണ് അല്മായ ശുശ്രൂഷ സമിതി എന്നും അവയുടെ പ്രവർത്തന മേഖലകൾക്കും സാധ്യതകളും എന്താണ് എന്നതിനെക്കുറിച്ച് അതിരൂ

പതാ ഡയറക്ടർ ഫാ. മൈക്കൾ തോമസ് ക്ലാസ് നയിക്കുകയും KLCWA യൂണിറ്റ് രൂപീകരിക്കുകയും ചെയ്തു.

18.02.2023-ൽ ഭക്തസംഘടനകളുടെ ഭാരവാഹികളുടെ യോഗം പള്ളം ഇടവകയിൽ വച്ച് ഫെറോന കോർഡിനേറ്റർ ബിജിൻ അച്ചന്റെ സാന്നിധ്യത്തിൽ നടന്നു.

പുതിയതുറ ഇടവകയിൽ കൺവീനർമാരുടെയും ഭക്തസംഘടന ഭാരവാഹികളുടെയും KLCA, KLCWA എന്നീ സമുദായ സംഘടന ഭാരവാഹികളുടെയും സംയുക്ത യോഗം ഇടവക വികാരിയുടെ സാന്നിധ്യത്തിൽ നടന്നു.

**കോവളം ഫെറോന**

03.02.2023 -ൽ ആഴാകുളം ഫെറോന സെന്ററിൽ വച്ച് KLCWA യുടെ ഫെറോന ഇലക്ഷൻ നടത്തി, ഭാരവാഹികളെ തെരഞ്ഞെടുത്തു. 7-ാം തിയതി നടത്തിയ KLCWA രൂപതാ തെരഞ്ഞെടുപ്പിൽ ഫെറോന ഭാരവാഹികളെ പങ്കെടുപ്പിച്ചു. 11-ാം തിയതി 5 മണിക്ക് വിഴിഞ്ഞം KLCA യൂണിറ്റ് മീറ്റിംഗ് നടന്നു. KLCA ക്യാപയിൻ, വിഴിഞ്ഞം ബസ് സ്റ്റാന്റിനു സമീപം കൊടിമരം നാട്ടുക, പൈപ്പ് ലൈൻ, കുടിവെള്ളം എന്നിവയെക്കുറിച്ച് ചർച്ച ചെയ്ത് നടപ്പിലാക്കാൻ തീരുമാനിച്ചു.12-ാം തിയതി പൂന്തുറ ഇടവകയിൽ അല്മായ ശുശ്രൂഷയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി ഭാരവാഹകളെ തെരഞ്ഞെടുത്തു.

**വലിയതുറ ഫെറോന**

**ഇടവകതല സമിതി യോഗം**

1, 3, 5, 9, 12, 16, 19 എന്നീ തിയതികളിൽ വലിയതുറ, ചെറിയതുറ, കണ്ണാന്തുറ, വെട്ടുകാട്, ചെറുവെട്ടുകാട്, വലിയവേളി, കൊച്ചുവേളി, സെന്റ് സേവ്യഴ്സ് എന്നീ ഇടവകകളിൽ കൺവീനർമാരുടെ നേതൃത്വത്തിൽ യോഗം കൂടി. അല്മായ ശുശ്രൂഷയെക്കുറിച്ച് അംഗങ്ങൾക്ക് ബോധ്യം നല്കി. വലിയവേളി ഇടവകയിലെ ഭക്തസംഘടനകളിൽ പ്രവർത്തിക്കുന്ന എല്ലാ അംഗങ്ങളുടെയും വിവരശേഖരണം നടത്താൻ തീരുമാനിക്കുകയും ഈ അംഗങ്ങളെയെല്ലാം KLCA യിൽ അംഗത്വം നല്കിക്കൊണ്ട് സമുദായ സംഘടനയെ വളർത്തിയെടുക്കാൻ തീരുമാനിച്ചു.

**ബോധവല്ക്കരണ ക്ലാസ്**

കൊച്ചുവേളി ഇടവകയിൽ അതിരൂപതാഡയറക്ടർ ഫാ. മൈക്കൾ തോമസ് അച്ചൻ അല്മായ ശുശ്രൂഷയെക്കുറിച്ച് അംഗങ്ങൾക്ക് അവബോധം നല്കി. വെട്ടുകാട്, ചെറുവെട്ടുകാട്, കണ്ണാന്തുറ, സെന്റ് സേവ്യഴ്സ് എന്നീ ഇടവകയിൽ ആനിമേറ്റർ അല്മായ ശുശ്രൂഷയെക്കുറിച്ച് അംഗങ്ങൾക്ക് ബോധ്യം നല്കി.

04.02.2023, 08.02.2023 എന്നീ തിയതികളിൽ തോപ്പ്, കണ്ണാന്തുറ, വലിയതുറ, കൊച്ചുവേളി എന്നീ ഇടവകകളിൽ KLCA മീറ്റിംഗ് കൂടി. വലിയതുറ ഇടവകയിൽ ഫെറോന പ്രസിഡന്റ് ഖജാൻജി സ്ഥാനം രാജി വച്ചു പുതിയ ഖജാൻജിയെ തെരഞ്ഞെടുത്തു. വാർഡ് വിഭജനത്തിന്റെ ഭാഗമായി വലിയതുറ വാർഡിലെ വോട്ടർമാരുടെ ലിസ്റ്റിനുവേണ്ടി വിവരാവകാശത്തിൽ അപേക്ഷ കൊടുത്തു. PSC Test എഴുതാൻ എല്ലാ കുട്ടികളെയും രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചു. സാമൂഹ്യം, വിദ്യാഭ്യാസം, യുവജനം എന്നീ ശുശ്രൂഷകൾ കൈകോർത്തുകൊണ്ട് ഈ പ്രവർത്തനം നടത്താൻ തീരുമാനിച്ചു. 11 അംഗ കമ്മിറ്റിയോടൊപ്പം 7 പേരെ കൂടെ എക്സിക്യൂട്ടീവിൽ ചേർക്കാൻ തീരുമാനിച്ചു.

12-ാം തിയതി കൊച്ചുവേളി ഇടവകയിൽ രൂപതാ ഡയറക്ടർ KLCA യുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം നല്കി. ഈ ക്ലാസിൽ 88 അംഗങ്ങൾ പങ്കെടുത്തു.

തോപ്പ് ഇടവകയിൽ കൊടിമരം സ്ഥാപിക്കാൻ തീരുമാനിച്ചു. ഈ വർഷത്തെ പദ്ധതി ആസൂത്രണം നടത്തി

**KLCWA രൂപീകരണം**

3-ാം തിയതി ചെറിയതുറ, 4-ാം തിയതി തോപ്പ്, 9-ാം തിയതി വെട്ടുകാട് എന്നീ ഇടവകകളിൽ KLCWA രൂപീകരിച്ചു.

**KLCWA ഫെറോന യോഗവും തെരഞ്ഞെടുപ്പും**

04.02.2023 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ഫെറോന കോർഡിനേറ്റർ ടോണി ഹാംലറ്റ് അച്ചന്റെ അദ്ധ്യക്ഷതയിൽ ഫെറോന യോഗം കൂടി. KLCWA യുടെ പ്രാധാന്യത്തെക്കുറിച്ച് അച്ചൻ വിശദീകരിച്ചു. ഫെറോന വികാരിയുടെ നേതൃത്വത്തിൽ ഫെറോന KLCWA ഭരണ സമിതിയെ തെരഞ്ഞെടുത്തു.

സമന്വയ

**നേഴ്സസ് ഫോറം**

05.02.2023 -ൽ വലിയവേളി ഇടവകയിൽ മീറ്റിംഗ് നടന്നു. ഇടവകയിലെ തിരുനാളിനോടനുബന്ധിച്ച് നേഴ്സുമാരുടെ സമ്മേളനം നടത്തി. "സ്പർശം" എന്ന പേരിൽ ഒരു വർഷത്തെ പരിപാടി പ്ലാൻ ചെയ്തു. കിടപ്പ് രോഗികളെ 24 മണിക്കൂറും പരിചരിക്കാൻ 3 നേഴ്സുമാർ ചുമതലയേറ്റു. ഏത് സമയം വിളിച്ചാലും അവർ സേവനം ചെയ്യാൻ സന്നദ്ധരാണ് അതിനുവേണ്ടി എല്ലാ സമയത്തും വിളിച്ചാൽ കിട്ടുന്ന 2 പേരുടെ മൊബൈൽ നമ്പർ എല്ലാവർക്കും നല്കി.

**അഞ്ചുതെങ്ങ് ഫെറോന**

09.02.2023, 10.02.2023 എന്നീ തിയതികളിൽ മാമ്പള്ളി, ചമ്പാവ് ഇടവകകളിൽ KLCWA തെരഞ്ഞെടുപ്പു നടന്നു. 12.02.2023 ൽ ഫെറോന KLCWA തെരഞ്ഞെടുപ്പ് ഫെറോന കോർഡിനേറ്റർ അനിൽ അച്ചന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.
KLCA, KLCWA എന്നീ സമുദായ സംഘടനകളുടെ മീറ്റിംഗ് ഫെറോന കൺവീനറുടെ സാന്നിധ്യത്തിൽ നടന്നു.

09.02.2023 ൽ താഴമ്പള്ളി ഇടവകയിൽ KLCA തെരഞ്ഞെടുപ്പ് നടന്നു. കർമ്മലീത്ത സഭയുടെ ഇടവകതല മീറ്റിംഗ് ചമ്പാവ് ഇടവകയിൽ വച്ച് കൂടുകയും നോമ്പ് സമയം രോഗീ സന്ദർശനം, പൊതിച്ചോറ് വിതരണം എന്നിവ ചെയ്യാനും തീരുമാനിച്ചു. 18-ാം തീയതി ആറ്റിങ്ങൾ ഇടവകയിലെ ഇടവക കൗൺസിൽ അംഗങ്ങൾക്കും ബി.സി.സി. ഭാരവാഹികൾക്കുമായി ഇടവക പ്ലാനും ബഡ്ജറ്റും തയ്യാറാക്കുന്നതിനെ സംബന്ധിച്ച് ഒരു ഏകദിന ശില്പശാല അതിരൂപത ഡയറക്ടർ ഫാ. മൈക്കൾ തോമസിന്റെ നേതൃത്വത്തിൽ നടത്തി. അന്നേ ദിവസം തന്നെ ഇടവകയിലെ KLCWA രൂപീകരണവും തെരഞ്ഞെടുപ്പും നടത്തി.

**പുതുക്കുറിച്ചി ഫെറോന**

അല്മായ ശുശ്രൂഷാ സമിതിയുടെ ഫെറോന യോഗം 11 -ാം തിയതി പള്ളിത്തുറ ഇടവകയിൽ വച്ച് നടന്നു. 7 ഇടവകകളിൽ അല്മായ ശുശ്രൂഷാ സമിതിയുടെ മീറ്റിംഗ് കൂടുകയും Plan & Budget തയ്യാറാക്കി. 12-ാം തിയതി ഫെറോന കൗൺസിൽ മീറ്റിംഗ് കൂടി ഫെറോന കൺവീനറെ തെരഞ്ഞെടുത്തു. 12-ാം തിയതി വിൻസന്റ് ഡി പോൾ സെന്റ് ആൻഡ്രൂസ് എ.സി. മീറ്റിംഗ് കൂടി.

21-ാം തിയതി രൂപതാ തലത്തിൽ കൊച്ചുവേളിയിൽ വച്ചു നടന്ന ഏകദിന ശില്പ ശാലയിൽ ഫെറോന ഭാരവാഹികൾ പങ്കെടുത്തു.

**പാളയം ഫെറോന**

**KLCWA ഫെറോന ഇലക്ഷൻ**

ഫെറോനയിലെ സമുദായ സംഘടനയായ KLCWA 9 ഇട വകകളിൽ രൂപീകരിക്കുകയും അംഗത്വം പുതുക്കുകയും ചെയ്തു. 30.01.2023 ൽ ഫെറോന തെരഞ്ഞെടുപ്പ് പാളയം സെന്റ് മദർ തെരേസ ഹാളിൽ വച്ച് ഫാ. മൈക്കൾ തോമസ്, ഫാ. സെബാസ്റ്റ്യൻ, ആനി മേറ്റർ എന്നിവരുടെ സാന്നിധ്യത്തിൽ നടന്നു. KLCWA യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചും തെരഞ്ഞെടുപ്പ് നിയമങ്ങളെക്കുറിച്ചും വിശ ദീകരണം നല്കിക്കൊണ്ട് ഫെറോന ഭാരവാഹികളെ തെരഞ്ഞെ ടുത്തു.

**KLCWA രൂപതാ ഇലക്ഷൻ**

07.02.2023 ൽ വെള്ളയമ്പലം പാരിഷ് ഹാളിൽ വച്ച് നടന്ന തെരഞ്ഞെടുപ്പിൽ പാളയം ഫെറോനയിലെ ശ്രീമതി അന്ന റീറ്റ വൈസ് പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ടു.

**ഫെറോന എക്സിക്യൂട്ടീവ് യോഗം**

13.02.2023 ൽ പാളയം ഫെറോന കാര്യാലയത്തിൽ വച്ച് ഫെറോന കോർഡിനേറ്റർ ഫാ. സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിലും ആനിമേറ്ററിന്റെ സാന്നിധ്യത്തിലും യോഗം നടന്നു. യോഗത്തിൽ വച്ച് മുൻ റിപ്പോർട്ട് ബുക്ക് പുതിയ സെക്രട്ടറിക്ക് കൈമാറി. തുടർന്ന് ട്രഷറർ കണക്കവതരണം നടത്തി. ബാങ്ക് ബാലൻസ് RS: 13385/ - എന്ന് അറിയിച്ചു. ശേഷം മാർച്ച് 11-ാം തിയതി വനിതാദിനം ആചരിക്കാനും വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു. ഏക സ്ഥരേയും വിധവകളെയും ആദരിക്കാനും തീരുമാനിച്ചു. KLCWA ഇല്ലാത്ത ഇടവകയിൽ രൂപീകരിക്കുവാനും വൈദീകരെ നേരിൽ കാണുവാനും തീരുമാനിച്ചു.

**ഇടവകതല യോഗങ്ങൾ**

11.02.2023 ൽ മണക്കാട് ഇടവകയിൽ ഇടവക വികാരിയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ മാർച്ച് 8 വനിതാദിനം ആയ തിനാൽ അന്നേ ദിവസത്തെ ദിവ്യബലിക്ക് KLCWA അംഗങ്ങൾ നേതൃത്വം നല്കാനും ഇടവകയിലെ ചിത്രകാരിയെ ആദരിക്കാനും തീരുമാനിക്കുകയും എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച ഇട

വക KLCWA യോഗം നടത്തുവാനും തീരുമാനിച്ചു.

19.02.2023 ൽ കുടപ്പനക്കുന്ന് ഇടവകയിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ Plan & Budget നെ കുറിച്ച് ചർച്ച ചെയ്യുകയും ഫെറോനയുടെ നേതൃത്വത്തിൽ നടക്കുന്ന വനിതാദിനത്തിൽ ആദരിക്കേണ്ട ഏകസ്ഥരുടെയും വിധവകളുടെയും ലിസ്റ്റ് തയ്യാറാക്കാനും തീരുമാനിച്ചു.

**അല്മായ ശുശ്രൂഷാ യോഗം**

19.02.2023 ൽ തൃക്കണ്ണാപുരം ഇടവകയിൽ വച്ച് ഫാ. സനീഷ് അവർകളുടെ അദ്ധ്യക്ഷതയിലും ആനിമേറ്ററിന്റെ സാന്നിധ്യത്തിലും യോഗം നടന്നു. Plan & Budget തയ്യാറാക്കി. കർമ്മലീത്ത സഭയുടെ തെരഞ്ഞെടുപ്പ് 26.02.2023 ൽ നടത്താനും തീരുമാനിച്ചു.

19.02.2023 ൽ മുടവൻമുകൽ ഇടവകയിൽ കർമ്മലീത്ത സഭയുടെ യോഗം കാർമ്മൽ ആശ്രമത്തിലെ ബ്രദറിന്റെ നേതൃത്വത്തിൽ നടന്നു.

**KLCA ഫെറോന എക്സിക്യൂട്ടീവ് യോഗം**

19.02.2023 ൽ പാളയം ഫെറോന കാര്യാലയത്തിൽ വച്ച് ഫെറോന കോർഡിനേറ്റർ ഫാ. സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ യോഗം നടന്നു. KLCA ഇല്ലാത്ത ഇടവകകളിൽ രൂപീകരിക്കാനും ഫെറോന KLCA യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും തീരുമാനിച്ചു.

**ഫാ. മൈക്കിൾ തോമസ്**

**ഡയറക്ടർ**

---